പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 57 ലക്കം 7

ഒക്ടോബർ 2017

കയർക്കരുത്തിന്റെ കേരളപ്പൊലിമ

ബ്രിക്സ് യാത്രാനുഭവം

മാതൃഭാഷ നേരിടുന്ന വെല്ലുവിളികൾ

മീസിൽസ് റുബെല്ല പ്രതിരോധയജ്ഞം

ഒക്ടോബർ 3– നവംബർ3

നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ഒക്ടോബർ 2017

അകത്ത്

ലോക വേദിയിൽ -
കേരളത്തിലെ ജനകീയാസൂത്രണത്തെപ്പറ്റി...
ഡോ.കെ.ടി.ജലീൽ 5

തൊഴിലുറപ്പിന് ഉറപ്പായ കയർ
പി.മേരിക്കുട്ടി ഐ.എ.എസ് 8

കയർഭൂവസ്ത്രമണിഞ്ഞ് കരുത്തായ കഥകൾ
സൂര്യ എസ്. ഗോപിനാഥ് 11

ഇത് ഇന്ത്യയുടെ എഴുപതും....
പ്രൊഫ. എ. സുഹൃത്കുമാർ 15

മീസിൽസ് റുബെല്ല പ്രതിരോധ യജ്ഞം
ഡോ. ചിന്ത. എസ് 18

മലയാളത്തിന്റെ വെല്ലുവിളികൾ
ഡോ. എഴുമറ്റൂർ രാജരാജവർമ്മ 22

വികസനവും മാതൃഭാഷയും
സുബൈർ അരിക്കുളം 24

നിളാതീരത്തെ വൈജ്ഞാനിക പെരുമ
ടി.വി.അബ്ദുറഹിമാൻകുട്ടി 27

ചിലന്തി (കഥ)
വിനോദ്കുമാർ.ജി.എസ് 35

അഴിയൂരിൽ തീരദേശസഭ
ടി ഷാഹൽ ഹമീദ് 36

'ഗൃഹമാലിന്യപാലിക' 38
പ്രസാദ് കാവീട്ടിൽ

പംക്തികൾ

വായിച്ചിരിക്കേണ്ട പുസ്തകം 29
കില ന്യൂസ് 32
വാർത്തകൾ വിശേഷങ്ങൾ 34
ലൂമിയർ ആർട്ട് 40
എന്ന് വായനക്കാർ... 42
കണ്ണും കാതും 42

ഒക്ടോബർ 2017
പുസ്തകം 57 ലക്കം 7
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
ഡോ. കെ.ടി. ജലീൽ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ഡോ. കെ. അമ്പാടി ഐ.ഐ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി.മേരിക്കുട്ടി ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

മാറണം മാറ്റണം മനോഗതി

ഏതൊരു ജനതയുടെയും ജീവിതവും സംസ്കാരവും ഭിന്നമാകാതെ നിലനിർത്തുന്നത് മാതൃഭാഷയാണ്. നാം ശ്വസിച്ച അക്ഷരാവലി മാതൃഭാഷയുടേതാണ്. അമ്മിഞ്ഞമധുരവും താതവാക്യവും പെങ്ങൾമൊഴിയും പ്രണയമധുരവും സ്നേഹസാന്ത്വനവും നമ്മളറിഞ്ഞത് അമ്മമലയാളത്തിലൂടെ. എന്നിട്ടും ചിലരെങ്കിലും ചിലപ്പോഴെങ്കിലും മലയാളത്തെ മാറ്റിനിർത്തുന്നു. അവഗണിച്ച് ഒഴിവാക്കുന്നു.

സിവിൽ സർവ്വീസ് രംഗമെടുത്താൽ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുവാനുള്ള ഊർജ്ജിതയത്നം വർഷങ്ങൾക്കു മുമ്പേ സർക്കാർ തുടങ്ങിവച്ചിരുന്നു. ഉദ്ദേശിച്ച ഫലപ്രാപ്തി നാളിതുവരെയും കൈവന്നിട്ടില്ലെന്നതിൽ ഖേദപൂർവ്വം നാം സ്വയംവിമർശനം നടത്തേണ്ടതുണ്ട്. കേരളപ്പിറവിയുടെ 61-ാം വർഷമായിരിക്കുന്ന ഈ വേളയിൽ ഇത് തിരിച്ചറിഞ്ഞാണ് സർക്കാർ 2017 നവംബർ 1 മുതൽ 2018 ഒക്ടോബർ 31 വരെ ഒരു വർഷത്തേക്ക് കൂടി ഭരണഭാഷാ വർഷാഘോഷം നീട്ടിയിരിക്കുന്നത്.

എല്ലാ ഭാഷകളെയും ആദരിക്കുന്ന സാംസ്കാരികമഹിമ നമുക്കുണ്ട്. ഇതരഭാഷകൾ സ്വായത്തമാക്കാൻ മാതൃഭാഷയിൽക്കൂടി മാത്രമേ സാധിക്കുകയുള്ളൂ എന്ന ലളിതയുക്തി ഉൾക്കൊള്ളുന്ന ആരും മാതൃഭാഷയെ വൃദ്ധസദനത്തിലാക്കില്ല. ഭരണരംഗത്തുള്ള ഏത് ഇതരഭാഷാവാക്കിനും തത്തുല്യവും അനുഗുണവും ഉചിതവുമായ മലയാളപദം കണ്ടെത്തുക ഇന്ന് നിഷ്പ്രയാസമാണ്. മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഭരണഭാഷാനിഘണ്ടു ഇക്കാര്യത്തിൽ നമുക്കൊരു മുതൽക്കൂട്ടാണ്. സാധാരണക്കാരന് അന്യമായ മറ്റ് ഭാഷാപദങ്ങൾ കഴിയുന്നത്ര ഒഴിവാക്കാൻ നമുക്ക് ശ്രമിക്കാം.

നമ്മുടെ മനോഭാവം തന്നെയാണ് പ്രധാനം. വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന ഒരു ഭാഷയായി മലയാളം മാറാതിരിക്കണമെങ്കിൽ നമ്മുടെയെല്ലാം നിതാന്തജാഗ്രതയും അതീവശ്രദ്ധയും കൂടിയേ തീരൂ. കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളിലും ഫയലുകളും രജിസ്റ്ററുകളും കത്തിടപാടുകളുമെല്ലാം പൂർണ്ണമായും മലയാളത്തിലാകുംവരേക്കും നമ്മുടെ ഭാഷാദൗത്യം തുടരണം. ഏറ്റവും താഴെത്തട്ടിൽ വരെയുള്ള ബഹുജനങ്ങളുമായി അനുദിനം ഇടപഴകുന്ന സ്ഥാപനങ്ങളെന്ന നിലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്ന പ്രവർത്തനങ്ങൾക്ക് മാതൃകയായി മാറണം.

മലയാളത്തിന്റെ യാത്രാവഴിയിൽ മികവുറ്റ ഫലങ്ങൾ വിളയിച്ച എഴുത്തുകാർ, കലാപ്രതിഭകൾ, സാംസ്കാരികപ്രവർത്തകർ തുടങ്ങി മലയാളത്തെ ശ്രേഷ്ഠഭാഷാപദവിയിലെത്തിച്ച ഭാഷാസ്നേഹികളായ ജനങ്ങളും നമ്മോടൊപ്പമുണ്ട്. തൊഴിൽപരവും സാമ്പത്തികവും സാംസ്കാരികവുമായ ഏത് തലത്തിലുള്ള വളർച്ചയ്ക്കും മലയാളം തടസ്സമല്ല എന്നു മാത്രമല്ല മികച്ചൊരു ഭാവി തലമുറയെ വാർത്തെടുക്കാനുള്ള നട്ടെല്ലും ശേഷിയും കരുത്തുറ്റ മലയാളത്തിനുണ്ടെന്നുള്ള തിരിച്ചറിവ് നമുക്കുണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.

പി.മേരിക്കുട്ടി ഐ.എ.എസ്

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ
- വള്ളത്തോൾ

ലോക വേദിയിൽ – കേരളത്തിലെ ജനകീയാസൂത്രണത്തെ പറ്റി

ഡോ.കെ.ടി.ജലീൽ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

ലോകത്തിലെ വൻശക്തികളായി അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, സൗത്ത് ആഫ്രിക്ക (BRICS) എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുത്ത ബാഷ്കോർട്ടിസ്താൻ സമ്മേളനത്തിൽ പങ്കെടുത്ത ഇന്ത്യൻ സംഘത്തിൽ ഉൾപ്പെടാൻ കഴിഞ്ഞതിൽ ഇടതുപക്ഷ കേരളത്തിന്റെ പ്രതിനിധിയെന്ന നിലയിൽ എനിക്ക് അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്.

ഭാവിയിൽ ലോക രാഷ്ട്രീയത്തിന്റെയും ലോക സമ്പദ്‌വ്യവസ്ഥയുടെയും നിയന്ത്രണം കൈയാളുന്നത് ഈ രാജ്യങ്ങളായിരിക്കുമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

ലോക ജനസംഖ്യയിൽ നാൽപ്പത് ശതമാനത്തിലധികവും ഈ രാജ്യങ്ങളിലാണ്. ലോകത്തെ മൊത്തം ഉൽപ്പാദനത്തിൽ അഞ്ചിൽ ഒന്നിലേറെ സംഭാവന ചെയ്യുന്നതും "ബ്രിക്സ്" രാജ്യങ്ങൾ തന്നെ.

ഈ രാജ്യങ്ങൾ ദാരിദ്ര്യത്തിനും പിന്നോക്കാവസ്ഥയ്ക്കുമെതിരെ ഒരുമിച്ച് പോരാടണമെന്ന ആശയത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്.

എന്നാൽ, ലോകത്തു പൊതുവെ ആഗോളവൽക്കരണ - ഉദാരവൽക്കരണ നയങ്ങൾ മേൽക്കൈ നേടിയതോടെ രാജ്യാന്തര തലത്തിലുള്ള ഇത്തരം ശ്രമങ്ങൾ ദുർബലമാവുകയായിരുന്നു.

അരപ്പട്ടിണിയിലും മുഴുപ്പട്ടിണിയിലും കഴിയുന്ന കോടിക്കണക്കായ ജനങ്ങളെ കമ്പോള ശക്തികളുടെ കഴുത്തറുപ്പൻ മത്സരങ്ങളുടെ ഫലമനുഭവിക്കാൻ വിട്ടുകൊടുത്ത്, കൈയുംകെട്ടി മാറി നിൽക്കുകയാണ് സർക്കാരുകൾ ചെയ്യേണ്ടതെന്ന് വാദിക്കുന്ന വലതുപക്ഷ ശക്തികളുടെ വായടപ്പിക്കുന്ന സംഭവവികാസങ്ങളാണ് ഒരു പതിറ്റാണ്ടടുക്കുന്ന ആഗോളമാന്ദ്യത്തിന്റെ കാലത്ത് ലോകത്ത് സംഭവിച്ചു കൊണ്ടിരിക്കുന്നത്.

ചെറുകിട സംരംഭകത്വ വികസനത്തിന്റെയും അധികാരവികേന്ദ്രീകരണത്തിന്റെയും രംഗങ്ങളിൽ വലിയ മാറ്റങ്ങളിലൂടെയാണ് ലോകം കടന്നു പോവുന്നത്. ഒരു വശത്ത്, ആഗോള മൂലധനശക്തികൾ ചെറുകിട ഉൽപ്പാദകരെ ശ്വാസം മുട്ടിക്കുമ്പോൾ, മറുവശത്ത്, സൂക്ഷ്മ- ചെറുകിട സംരംഭങ്ങളെ കൂടുതലായി ആശ്രയിക്കാൻ ലോകം,

അരപ്പട്ടിണിയിലും മുഴുപ്പട്ടിണിയിലും കഴിയുന്ന കോടിക്കണക്കായ ജനങ്ങളെ കമ്പോള ശക്തികളുടെ കഴുത്തറുപ്പൻ മത്സരങ്ങളുടെ ഫലമനുഭവിക്കാൻ വിട്ടുകൊടുത്ത്, കൈയും കെട്ടി മാറി നിൽക്കുകയാണ് സർക്കാരുകൾ ചെയ്യേണ്ടതെന്ന് വാദിക്കുന്ന വലതുപക്ഷ ശക്തികളുടെ വായടപ്പിക്കുന്ന സംഭവവികാസങ്ങളാണ് ഒരു പതിറ്റാണ്ടടുക്കുന്ന ആഗോളമാന്ദ്യത്തിന്റെ കാലത്ത് ലോകത്ത് സംഭവിച്ചു കൊണ്ടിരിക്കുന്നത്.

വിശേഷിച്ച് വികസ്വര ലോകം, നിർബന്ധിതമാവുകയാണ്.

തദ്ദേശസ്വയംഭരണ സംവിധാനത്തെ ലോക രാജ്യങ്ങൾ മുൻപൊരിക്കലുമില്ലാത്ത വിധം പ്രതീക്ഷയോടെ ഉറ്റുനോക്കാൻ തുടങ്ങിയിരിക്കുന്നു.

ബാഷ്കോർട്ടോസ്താന്റെ തലസ്ഥാനമായ ഉഫ സിറ്റിയിൽ നടന്ന "ബ്രിക്സ്" (BRICS) പ്രതിനിധികളുടെ അന്താരാഷ്ട്രസമ്മേളനത്തിൽ തദ്ദേശസ്വയംഭരണത്തെ സംബന്ധിച്ച് നടന്ന ചർച്ചകളെ ഈ പശ്ചാത്തലത്തിലാണ് ഞാൻ കാണുന്നത്.

ദരിദ്രരിൽ ദരിദ്രരുടെയും അവസരങ്ങൾ നിഷേധിക്കപ്പെട്ടവരുടെയും ആവശ്യങ്ങൾക്ക് പ്രാദേശിക വികസനത്തിൽ കൂടുതൽ ഊന്നൽ ലഭിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് സമ്മേളനത്തിലെ ചർച്ചകൾ അടിവരയിട്ടു.

സെപ്തംബർ 21, 22 തീയതികളിൽ നടന്ന സമ്മേളനത്തിൽ കേരളത്തിലെ അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് രണ്ടു പ്രബന്ധങ്ങൾ

അവതരിപ്പിക്കാൻ എനിക്ക് അവസരം ലഭിച്ചു. ഇന്ത്യയിൽ നിന്ന് നാലു മന്ത്രിമാരെയാണ് സമ്മേളനത്തിന്റെ സംഘാടകരായ റഷ്യൻ ഫെഡറേഷൻ ക്ഷണിച്ചിരുന്നത്.

വികസന മാതൃകകൾ ചർച്ച ചെയ്യുന്ന ഏതൊരു അന്താരാഷ്ട്ര വേദിയിലും ആത്മവിശ്വാസത്തോടെ കടന്നിരിക്കാൻ ഇടതുപക്ഷ കേരളത്തിന്റെ പ്രതിനിധികൾക്കാവുമെന്ന് പൂർവ്വസൂരികൾ തെളിയിച്ചതാണ്.

സമ്മേളനത്തിന്റെ രണ്ടാം ദിവസമായിരുന്നു വിവിധ രാജ്യങ്ങളുടെ അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട അവതരണങ്ങൾ.

ഇന്ത്യയിൽ നിന്ന് മററു രാജ്യങ്ങൾക്ക് പരിചയപ്പെടുത്താവുന്ന ഏറ്റവും മികച്ച മാതൃക കേരളത്തിലെ ജനകീയാസൂത്രണമാണെന്ന് ഒരു ലോക വേദിയിൽ വ്യക്തമാക്കുക എന്നതായിരുന്നു എന്റെ ദൗത്യം. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരിശീലന സിരാകേന്ദ്രമായ "കില" (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)യെ ലോകരാജ്യങ്ങൾക്കു പരിചയപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിച്ചു.

പ്രാദേശിക വികസന നേട്ടങ്ങളും സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വ്യാപകമാക്കുന്നതിനു വേണ്ടി കൈക്കൊണ്ട നടപടികളും വിവിധ രാഷ്ട്രങ്ങളിൽ നിന്നുള്ള പ്രതിനിധികൾ അവതരിപ്പിച്ചിരുന്നു . എന്നാൽ, പ്രാദേശിക വികസനത്തിന് കളമൊരുക്കാനുതകുന്ന ഒരു പരിശീലന കേന്ദ്രത്തെ സംബന്ധിച്ച് മറ്റ് അവതാരകർക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല. കിലയെ പരിചയപ്പെടുത്താൻ തീരുമാനിച്ച എനിക്ക് ഇൻഡ്യൻ സംഘത്തലവനായ കേന്ദ്ര മന്ത്രി റുപാൽജി അവതരണാനുമതി നൽകുകയും ചെയ്തു. ഏഴു മിനുറ്റ് ദൈർഘ്യമുള്ള ഷോർട്ട് ഫിലിം കാണിച്ച് വിശദീകരിച്ചു കൊണ്ടായിരുന്നു അവതരണം. തദ്ദേശ സ്വയംഭരണത്തിന് പരിശീലന കേന്ദ്രമെന്നത് സദസിലെ പലർക്കും പുതിയ ആശയമായിരുന്നു. ഇതേകുറിച്ച് സംസാരിച്ചപ്പോൾ, കിലയെ അധികാരവികേന്ദ്രീകരണത്തിനായി പരിശീലനം നൽകുന്ന ഒരു കേന്ദ്ര സർവ്വകലാശാലയാക്കുകയെന്ന നിർദ്ദേശം റുപാൽജി മുന്നോട്ടുവച്ച ഒരു യൂണിവേഴ്സിറ്റിയുടെ ചട്ടക്കൂടുകൾ ഇല്ലാതെ തന്നെ ആറ് പ്രാദേശിക കേന്ദ്രങ്ങളോട് കൂടിയ ഒരു അന്താരാഷ്ട്ര ട്രെയിനിംഗ് സെന്ററായി കില ഇതിനകം ഉയർന്നിട്ടുണ്ടെന്ന് ഞാൻ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു.

കിലയെ കുറിച്ചുള്ള അവതരണം സദസ്സിന്റെ ശ്രദ്ധ പിടിച്ചുപറ്റിയെന്ന് പ്രസന്റേഷൻ കഴിഞ്ഞുള്ള പ്രതികരണം വ്യക്തമാക്കി. കിലയുടെ പ്രവർത്തനങ്ങൾ നേരിൽ കാണാനും അടുത്തറിയാനും പ്രതിനിധികളെ ക്ഷണിച്ചപ്പോൾ

കിലയെ കുറിച്ചുള്ള അവതരണം സദസ്സിന്റെ ശ്രദ്ധ പിടിച്ചുപറ്റിയെന്ന് പ്രസന്റേഷൻ കഴിഞ്ഞുള്ള പ്രതികരണം വ്യക്തമാക്കി. കിലയുടെ പ്രവർത്തനങ്ങൾ നേരിൽ കാണാനും അടുത്തറിയാനും പ്രതിനിധികളെ ക്ഷണിച്ചപ്പോൾ ലോകത്തിന് മാതൃകയായ ജനകീയാസൂത്രണത്തിന്റെ പേരിൽ പറഞ്ഞറിയിക്കാനാവാത്ത അഭിമാനം തോന്നി.

മന്ത്രി ഡോ.കെ.ടി.ജലീൽ ബ്രിക്സ് പ്രതിനിധികൾക്കൊപ്പം

ലോകത്തിന് മാതൃകയായ ജനകീയാസൂത്രണത്തിന്റെ പേരിൽ പറഞ്ഞറിയിക്കാനാവാത്ത അഭിമാനം തോന്നി.

ഇൻഡ്യൻ പ്രതിനിധി സംഘത്തിന് റഷ്യക്കാർ പ്രത്യേക പരിഗണനയാണ് നൽകിയത്. വിമാനത്താവളത്തിൽ ഞങ്ങളെ സ്വീകരിക്കാൻ ബാഷ്കോർട്ടോസ്താൻ റിപ്പബ്ലിക്കിലെ ധനകാര്യമന്ത്രി മിർസായപോവ് നേരിട്ടെത്തി. പ്രധാനമന്ത്രി ഇന്ത്യൻ സംഘവുമായി അരമണിക്കൂർ കൂടിക്കാഴ്ചയ്ക്ക് സമയം കണ്ടെത്തി. പുതുതലമുറക്കാരനായ മന്ത്രി മിർസായപോവ് സോവിയറ്റ് യൂണിയന്റെ തിരോധാനമടക്കമുള്ള വിഷയങ്ങളിലെ അഭിപ്രായം തുറന്നു പങ്കുവച്ചു.

കമ്മ്യൂണിസ്റ്റ് ഭരണം ഇല്ലാതായത് സാധാരണക്കാരിലും പാവപ്പെട്ടവരിലും വലിയ നിരാശയുണ്ടാക്കിയതായി അദ്ദേഹം സൂചിപ്പിച്ചു. അക്കാലത്ത് നടന്നിരുന്ന ക്ഷേമ പ്രവർത്തനങ്ങൾ മിർസായപോവ് നഷ്ടബോധത്തോടെ ഓർമ്മിച്ചു. റഷ്യൻ പ്രസിഡന്റ് പുട്ടിൻ ജനവികാരം മനസ്സിലാക്കി സോഷ്യലിസത്തിന്റെ പാതയിലൂടെ രാജ്യത്തെ നയിക്കാനാണ് ശ്രമിക്കുന്നതെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തി.

പരിചയപ്പെട്ട മറ്റുള്ളവരിൽ നിന്നും ഇതേ പ്രതികരണം തന്നെയാണ് ലഭിച്ചത്.

മെച്ചപ്പെട്ട ഒരു ബദലില്ലാതെ, ഇരിക്കുന്ന കൊമ്പു മുറിക്കുന്ന ജനതകൾക്കുള്ള മുന്നറിയിപ്പാണ് റഷ്യയുടെ അനുഭവമെന്ന് എനിക്ക് തോന്നി.

വെള്ളിയാഴ്ച ദിവസം ഉച്ചയ്ക്ക് പള്ളിയിൽ പോകണമെന്ന് നേരത്തെ അറിയിച്ചതനുസരിച്ച് അതിനുള്ള സൗകര്യവും സംഘാടകർ ഒരുക്കിയിരുന്നു. ഒരു മണിയോടെ, ഉഫ നഗരത്തിലെ ഗ്രാന്റ് മോസ്കിൽ എത്തിയപ്പോൾ വിരലിലെണ്ണാവുന്നവർ മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. ഒന്നരയോടെ മസ്ജിദ് നിറഞ്ഞുകവിഞ്ഞു. രണ്ടേ കാൽ മണിയോടെ, വിശ്വാസികൾ ജുമുഅ കഴിഞ്ഞ് പുറത്തിറങ്ങി. നമസ്കാരത്തിൽ പങ്കുകൊള്ളാൻ ധാരാളം സ്ത്രീകളും എത്തിയിരുന്നു . ഇത്രയധികം ഇസ്ലാം വിശ്വാസികൾ ഉണ്ടായിരുന്നിട്ടും അതിന്റെ ബാഹ്യലക്ഷണങ്ങളൊന്നും തെരുവുകളിൽ കണ്ടിരുന്നില്ല. ബാഷ്കോർട്ടോസ്താനിലെ മുസ്ലിംകൾ പ്രകടനപരത തൊട്ടു തീണ്ടാത്തവരാണെന്ന് ഞാൻ ഉറപ്പിച്ചു.

വ്യത്യസ്ത മതക്കാർ സ്വന്തം വിശ്വാസം കൈവിടാതെ രാജ്യത്തിന്റെ പൊതുധാരയിൽ അലിഞ്ഞ് സൗഹാർദ്ദത്തോടെ കഴിയുന്ന ബാഷ്കോർട്ടോസ്താന്റെ ചിത്രം സമന്വയത്തിന്റെ നാടായ കേരളത്തിന്റെ ചില സവിശേഷതകൾ ഓർമിപ്പിച്ചു.

നല്ല കുറേ ഓർമ്മകളുമായി ഉഫാ സിറ്റിയോട് യാത്ര പറയുമ്പോൾ ബാഷ്കോർട്ടോസ്താനിലെ ഭരണാധികാരികളോടും ജനങ്ങളോടുമുള്ള സ്നേഹവും നന്ദിയും മനസ്സിൽ നിറഞ്ഞു.

നല്ല കുറേ ഓർമ്മകളുമായി ഉഫാ സിറ്റിയോട് യാത്ര പറയുമ്പോൾ ബാഷ്കോർട്ടോസ്താനിലെ ഭരണാധികാരികളോടും ജനങ്ങളോടുമുള്ള സ്നേഹവും നന്ദിയും മനസ്സിൽ നിറഞ്ഞു.

തൊഴിലുറപ്പിന് ഉറപ്പായ കയർ

പി.മേരിക്കുട്ടി ഐ.എ.എസ്
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്

> മലയാളികളുടെ പ്രിയപ്പെട്ട സുവർണ്ണനാരിന്റെ പ്രത്യേകതകളെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കുന്നതിലൂടെ നേടാനാകുന്ന ഗുണഫലങ്ങൾ ഏറെയാണ്. കേരളത്തിനെ വലയ്ക്കുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരമാകാനും നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് കുറയ്ക്കാനും പരിസ്ഥിതി സംരക്ഷണത്തിന് താങ്ങാകാനും ഈ കൂട്ടായ്മകൊണ്ട് കഴിയും.

പ്രകൃതിയും മനുഷ്യനുമായി സമരസപ്പെടുന്നതിലൂടെ മാത്രമേ സ്ഥായിയായ വികസനം സാധ്യമാകൂ എന്ന തിരിച്ചറിവാണ് ആധുനിക ലോകത്തെ നയിക്കുന്നത്. ഈ കാഴ്ചപ്പാടിനു മുൻതൂക്കം നൽകിക്കൊണ്ട് വികസന പദ്ധതികൾ ആവിഷ്കരിക്കാൻ എല്ലാ ഭരണസംവിധാനങ്ങളും ശ്രദ്ധിക്കാറുണ്ട്. സംസ്ഥാനസർക്കാർ ആവിഷ്കരിച്ച 'ഹരിതകേരളം' മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രകൃതിയോട് ഇണങ്ങിക്കൊണ്ട് മാലിന്യസംസ്കരണം, ജലസംരക്ഷണം, കാർഷികമേഖലയുടെ വികസനം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുവാനുദ്ദേശിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ വികസനമാണ് ആത്യന്തികലക്ഷ്യം.

പരിസ്ഥിതിയോട് ഏറ്റവും സൗഹൃദം പുലർത്തുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും നേരിടുന്ന ബുദ്ധിമുട്ടുകൾ തരണംചെയ്യുന്നതിന് ഹരിതകേരളം മിഷൻ അങ്ങേയറ്റം പ്രാധാന്യം നൽകുന്നു. നിലവിൽ ജലസ്രോതസ്സുകളുടെ നവീകരണത്തിനായി ഉപയോഗിക്കുന്ന ദുർലഭ പ്രകൃതി വിഭവങ്ങളായ പാറ, മണൽ, സിമന്റ് എന്നിവ കഴിവതും ഒഴിവാക്കി മറ്റ് പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തുകയാണ് ഇതിലേക്കുള്ള ആദ്യപടി. ഈ ലക്ഷ്യത്തിലേക്കുള്ള ഒരു മികച്ച ചുവടുവയ്പ്പാണ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ കയർഭൂവസ്ത്രത്തിന്റെ ഉപയോഗം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ. കയർ ബലത്തിന്റെയും കരുത്തിന്റെയും പ്രതീകമാണ്. കേരളീയ തൊഴിൽ ജീവിതത്തിൽ മുഖ്യമായൊരു പങ്ക് ഈ ഇഴയടുപ്പത്തിന്റെ പ്രകൃതിവിഭവത്തിനുണ്ട്.

കേരളത്തിലെ കയർ മേഖല

കേരളത്തിലെ ജനങ്ങളുടെ ജീവിതവുമായി ജൈവബന്ധം പുലർത്തുന്ന വ്യവസായ മേഖലയാണ് കയർവ്യവസായം. കേരളത്തിൽ ആലപ്പുഴ ജില്ലയാണ് ഈ മേഖലയുടെ കേന്ദ്ര ബിന്ദു. ഇന്ത്യയിൽ കയർ മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലാളികളുള്ളത് കേരളത്തിലാണ് - 4,72,100 പേർ. ഇന്ന് കേരളത്തിൽ 9108 കയർ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതും രാജ്യത്തെ ഏറ്റവും ഉയർന്ന സംഖ്യയാണ്. എന്നാൽ കയർ വ്യവസായത്തിൽ കേരളത്തിനുണ്ടായിരുന്ന പ്രതാപം ഇന്ന് വിവിധ കാരണങ്ങളാൽ നഷ്ടമായിരിക്കുന്നു. ഇതിനൊരു പ്രതിവിധിയായി കയർ വ്യവസായ മേഖലയുടെ ആധുനീകരണം സർക്കാർ വളരെ പ്രാധാന്യത്തോടെ

കാണുന്നു. അതോടൊപ്പം കയർ ഉൽപ്പന്നങ്ങൾക്കുള്ള പുത്തൻ ഉപയോഗമേഖലകളും പരിശോധിച്ചു വരുന്നുണ്ട്. അവയിൽ പ്രധാനമായ ഒന്നാണ് കയർ ഭൂവസ്ത്രം.

മണ്ണിനെ ബലപ്പെടുത്തുകയും സംരക്ഷിക്കുകയും മണ്ണൊലിപ്പ് തടയുകയും ചെയ്യുന്ന പദാർത്ഥങ്ങളെയാണ് പൊതുവേ ജിയോടെക്സ്റ്റൈയിൽസ് അഥവാ ഭൂവസ്ത്രം എന്നു പറയുന്നത്. കയർ നാരുകളിൽ 'ലിഗ്നിൻ' എന്ന പദാർത്ഥത്തിന്റെ അളവ് കൂടുതലായതിനാൽ മറ്റു നാരുകളെ അപേക്ഷിച്ച് കയറിന്റെ ഈടുനില്പ് കൂടുതലാണ്. കൃഷി, മണ്ണു സംരക്ഷണം, റോഡുകൾ, തോടുകൾ, കുളങ്ങൾ മുതലായവയുടെ വശങ്ങളുടെ സംരക്ഷണം എന്നീ മേഖലകളിൽ കയർഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. കുറഞ്ഞ ചെലവ്, പരിസ്ഥിതി സൗഹൃദ സ്വഭാവം, ദൃഢത, ജലം ആഗിരണം ചെയ്യാനുള്ള ശേഷി എന്നിവ മൂലം മണ്ണ്-ജല സംരക്ഷണത്തിലെ സുവർണ്ണ കമ്പളമാണ് കയർഭൂവസ്ത്രം.

ഉപയോഗ സാദ്ധ്യതകൾ

• **മണ്ണ് സംരക്ഷണ പ്രവൃത്തികൾ** - ജലസ്രോതസ്സുകളുടെ തീരത്തെ മണ്ണൊലിപ്പ് തടയാനും ചരിവുകളിലെ മണ്ണ് ഉറപ്പിക്കാനും ദുർബല പ്രതലങ്ങൾ ബലപ്പെടുത്താനും ഭൂമി നിരപ്പാക്കലിന് ആവശ്യമായ നിർമ്മാണങ്ങളിൽ ജലവാർച്ചയ്ക്കായും കയർഭൂവസ്ത്രങ്ങൾ ഉപയോഗിക്കുന്നു. മണ്ണ് സംരക്ഷണത്തിനായി സസ്യാവരണം തീർക്കേണ്ടുന്ന ഇടങ്ങളിൽ പുല്ലും ചെടികളും വേരുപടലങ്ങളും വളർന്ന് സ്വാഭാവികമായ ഭൂവസ്ത്രം രൂപപ്പെടുന്നതുവരെ അത് ഭൂമിക്ക് മണ്ണൊലിപ്പിൽ നിന്ന് സംരക്ഷണം നല്കുന്നു.

• **ചരിവ് പ്രദേശത്തെ കൃഷി**– ചരിവ് പ്രദേശത്തെ കൃഷി എളുപ്പമുള്ളതാക്കുന്നതിനായി കയർഭൂവസ്ത്രം കൊണ്ട് നിർമ്മിക്കപ്പെട്ട കയർ ജിയോസെല്ലുകളാണ് ഉപയോഗപ്പെടുത്തുന്നത്. സെല്ലിനകത്ത് മണ്ണ് നിറച്ച് ആവശ്യത്തിന് വളം ഇട്ട് അതിനുള്ളിലാണ് ചെടിയോ വിത്തോ നടുന്നത്. കയർ ഭൂവസ്ത്രം ഇത്തരത്തിൽ ഉപയോഗപ്പെടുത്തുന്നത് ജലത്തെ ശേഖരിച്ചു നിർത്തുന്നതിനും ബാഷ്പീകരണം കുറയ്ക്കുന്നതിനും സഹായിക്കുന്നു.

• **തോടുകളുടെയും നീർച്ചാലുകളുടെയും കുളങ്ങളുടെയും വശങ്ങളുടെ സംരക്ഷണം**– ജലസ്രോതസ്സുകളുടെ കരയിൽ മണ്ണൊലിപ്പ് കാണപ്പെടുന്ന പ്രദേശങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുകയും ജൈവപ്രബലനം നടത്തുകയും ചെയ്യുന്നത് മണ്ണൊലിപ്പ് തടയുന്നതിനും മണ്ണിലെ ഈർപ്പം നിലനിർത്തിക്കൊണ്ട് സസ്യവളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നു. കൂടാതെ പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കാതെ പിന്നീട് മണ്ണിൽ ദ്രവിച്ചു ചേരുകയും ചെയ്യുന്നു.

• **റോഡുകളുടെ നിർമ്മാണം**– റോഡുകളുടെ നിർമ്മാണവേളയിൽ പ്രതലം ഒരുക്കുമ്പോൾ അധികബലം പകരുന്നതിന് കയർഭൂവസ്ത്രം ഉപയോഗപ്പെടുത്താവുന്നതാണ്. ഗ്രാമീണ റോഡുകൾക്കും ടാർ റോഡുകൾക്കും ഈ രീതി പരീക്ഷിക്കാവുന്നതാണ്.

• **താങ്ങുചുവർ** (Retaining wall) **നിർമ്മാണം**– മൺവെട്ടുകളെ ബലപ്പെടുത്തുന്നതിനായി താങ്ങുചുവരുകൾ നിർമ്മിക്കുന്ന വേളയിൽ കയർഭൂവസ്ത്രം മണ്ണിൽ വിരിക്കുന്നത് നിർമ്മാണച്ചെലവ് ഗണ്യമായി കുറയ്ക്കുന്നതിന് സഹായിക്കുന്നു. കയർ നാരുകൾ മറ്റ് നാരുകളെ അപേക്ഷിച്ച് കൂടുതൽ കാലം ഈടു നില്ക്കുന്നവയായതിനാൽ ഇത്തരം താങ്ങുചുവരുകൾക്ക് മെച്ചപ്പെട്ട ദൃഢത ഉണ്ടായിരിക്കും.

കയർ ഉൽപ്പന്നങ്ങൾക്കുള്ള പുത്തൻ ഉപയോഗമേഖലകളും പരിശോധിച്ചു വരുന്നുണ്ട്. അവയിൽ പ്രധാനമായ ഒന്നാണ് കയർ ഭൂവസ്ത്രം.

ഉപയോഗ സാധ്യതകൾ പദ്ധതിയുടെ കാഴ്ചപ്പാടിൽ

തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണത്തിൽ പ്രകൃതിവിഭവ പരിപാലനം ഒരു മുഖ്യലക്ഷ്യമായതിനാൽ വർഷങ്ങളായി സംസ്ഥാനത്ത് പല സ്ഥലങ്ങളിലും തൊഴിലുറപ്പ് മുഖേന ഏറ്റെടുത്തിട്ടുള്ള മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളിൽ കയർഭൂവസ്ത്രം ഉപയോഗിച്ചുവന്നിരുന്നു.

സംസ്ഥാനത്തെ ജലസുരക്ഷ ഉറപ്പാക്കുന്നതിന് ദേശീയതലത്തിൽ നീർത്തട മേഖലയിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള സന്നദ്ധസംഘടനകളുടെ സഹായത്തോടെ ഹരിതകേരളമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനസർക്കാർ സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കിവരികയാണ്. ഇതിനു മുന്നോടിയായി ജലസുരക്ഷയുമായി ബന്ധപ്പെട്ട് നിലവിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമവുമായി ഏറ്റെടുക്കുന്നുണ്ട്. ഈയവസരത്തിലാണ് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ദുർലഭ പ്രകൃതി വിഭവങ്ങളായ പാറ, മണൽ, സിമന്റ് തുടങ്ങിയവ ഉപയോഗപ്പെടുത്തുന്നത് പരിസ്ഥിതി സൗഹൃദപരമല്ലാത്തതിനാൽ അനുയോജ്യമായ ഇതര സാങ്കേതികവിദ്യകൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി മുഖേന ഏറ്റെടുക്കുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളിൽ കയർഭൂവസ്ത്രം ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഉത്തരവ് (16.05.2017 ലെ സ.ഉ.(കൈ) നം 97/2017/തസ്വഭവ) സർക്കാർ പുറത്തിറക്കിയത്.

കുളങ്ങളുടെയും തോടുകളുടെയും നീർച്ചാലുകളുടെയും വശങ്ങളിൽ മണ്ണിടിഞ്ഞുപോകാതെ ബലപ്പെടുത്തി സംരക്ഷിക്കൽ, വനനശീകരണം മൂലം തരിശായ കുന്നിൻചരിവ് പ്രദേശങ്ങളിൽ സസ്യാവരണം പുനസൃഷ്ടിക്കലും പുനവനവത്കരണ പ്രവർത്തനങ്ങളും, ഗ്രാമീണ റോഡുകളുടെ നിർമ്മാണഘട്ടത്തിലെ ബലപ്പെടുത്തൽ എന്നീ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന അവസരത്തിൽ കയർഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനാണ് അംഗീകാരം നല്കിയിട്ടുള്ളത്.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ കയർഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. കയർഭൂവസ്ത്രം വിരിക്കുന്നതിനും തുടർ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം നല്കുന്നതിന് കയർ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികൾക്ക് ആവശ്യമായ കയർഭൂവസ്ത്രം മഹാത്മാഗാന്ധി ദേശീ യ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലുള്ള വാങ്ങൽ നടപടിക്രമമനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുമാണ് സംഭരിക്കുന്നത്.

കയർ ഭൂവസ്ത്രം തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളിൽ ഉപയുക്തമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഊർജ്ജിതമാക്കുന്നതിനായി 2017 ഒക്ടോബർ 5 മുതൽ 9 വരെ നടന്ന കയർ കേരള 2017 അന്താരാഷ്ട്ര മേള സർക്കാർ ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ട്. മേളയുടെ ഭാഗമായി 08.10.17 ന് നടന്ന കയർഭൂവസ്ത്ര സെമിനാറിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന കയർഭൂവസ്ത്ര പ്രോജക്റ്റിലേക്ക് ആവശ്യമുള്ള കയർഭൂവസ്ത്രം വാങ്ങുന്നത് സംബന്ധിച്ച് ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയുണ്ടായി. 728 ഗ്രാമപഞ്ചായത്തുകൾ ഈ ചടങ്ങിൽ പങ്കെടുക്കുകയും 107 കോടി രൂപയ്ക്ക് കയർ വാങ്ങുന്നതിന് ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയും ചെയ്തു.

മലയാളികളുടെ പ്രിയപ്പെട്ട സുവർണ്ണനാരിന്റെ പ്രത്യേകതകളെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കുന്നതിലൂടെ നേടാനാകുന്ന ഗുണഫലങ്ങൾ ഏറെയാണ്. കേരളത്തിനെ വലയ്ക്കുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരമാകാനും നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് കുറയ്ക്കാനും പരിസ്ഥിതി സംരക്ഷണത്തിന് താങ്ങാകാനും ഈ കൂട്ടായ്മകൊണ്ട് കഴിയും. കൂടാതെ കയർ വ്യവസായത്തിന് ഒരു പുത്തൻ ഉണർവ്വ് നല്കാനും. സർക്കാരിന്റെയും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും ആത്മാർത്ഥതയോടെയുള്ള പ്രാരംഭപ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ ഏറെ പ്രതീക്ഷ ഉണർത്തുന്നു. കയർ കേരളജനതയുടെ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും വഴിയിൽ ജൈവപരവതാനി വിരിക്കുന്ന കാലം വിദൂരമല്ല.

സംസ്ഥാനത്തെ ജലസുരക്ഷ ഉറപ്പാക്കുന്നതിന് ദേശീയതലത്തിൽ നീർത്തട മേഖലയിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള സന്നദ്ധസംഘടനകളുടെ സഹായത്തോടെ ഹരിതകേരളമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനസർക്കാർ സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കി വരികയാണ്.

കയർഭൂവസ്ത്രമണിഞ്ഞ് കരുത്തായ കഥകൾ

സൂര്യ എസ്. ഗോപിനാഥ്

പ്രകൃതിവിഭവപരിപാലനവുമായ ബന്ധപ്പെട്ട പൊതു പ്രവൃത്തികളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രാധാന്യത്തോടെ ഏറ്റെടുത്തുവരുന്നത്. നീർത്തട പരിപാലന പ്രവൃത്തികൾ, ജലസ്രോതസ്സുകളുടെ നിർമ്മാണവും പുനരുദ്ധാരണവും പരിപാലനവും എന്നിവയെല്ലാം ഇതിൽ പെടുന്നു. ഗ്രാമീണ റോഡുകളുടെ നിർമ്മാണവും തൊഴിലുറപ്പ് പദ്ധതിയിലെ ഒരു പ്രധാന പ്രവൃത്തിയാണ്. പരിസ്ഥിതിക്ക് ആഘാതം ഉണ്ടാക്കാത്ത വിധത്തിൽ മേല്പറഞ്ഞ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് പ്രകൃതി തന്നെ ഒരുക്കിയ ഒരു വഴിയായി നമുക്ക് കയർഭൂവസ്ത്രത്തെ കണക്കാക്കാം. മണ്ണൊലിപ്പ് തടയുന്നതിനും ചരിവുകൾ ബലപ്പെടുത്തുന്നതിനും മണ്ണിലെ ഈർപ്പവും വളക്കൂറും സംരക്ഷിക്കുന്നതിനും ഗ്രാമീണ റോഡുകളുടെ നിർമ്മാണവേളയിൽ പ്രതലം ബലപ്പെടുത്തുന്നതിനും കയർഭൂവസ്ത്രം സഹായി ക്കുന്നു.

കേരളത്തിന്റെ പല ഭാഗങ്ങളിലായി ഏറ്റെടുത്ത ചില പ്രവൃത്തികൾ പരിചയപ്പെടാം.

പെരുംതോട്-വലിയതോട് സംരക്ഷണം - തൃശ്ശൂർ ജില്ല

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം, മതിലകം, എസ്.എൻ പുരം, എടവിലങ്ങ്, എറിയാട് എന്നീ പഞ്ചായത്തുകളിലായി തെക്ക് വടക്കായി സ്ഥിതി ചെയ്യുന്ന ശുദ്ധജല സ്രോതസ്സാണ് പെരുംതോട്-വലിയതോട്. പെരിഞ്ഞനം പഞ്ചായത്തിലെ തോണിക്കുളത്ത് നിന്നും ആരംഭിച്ച് അറബിക്കടലിൽ എത്തിച്ചേരുന്നു. 14.178 കി.മീ. നീളവും ശരാശരി 3.5 മീറ്റർ ആഴവുമാണ് ഈ തോടിനുള്ളത്.

മുൻകാലങ്ങളിൽ പ്രദേശവാസികളുടെ ഒരു പ്രധാന ജലസ്രോതസ്സായിരുന്ന ഈ തോട്, ജലസംരക്ഷണ ഉപാധികളുടെ നാശം, വലിയ അളവിലുള്ള ജലചൂഷണം എന്നിവ മൂലം കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമായി മാറിയിരുന്നു. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുമുള്ള വലിയ ഒരു അവസരമായിട്ടാണ് പെരുംതോട്-വലിയതോട് സംരക്ഷണം ഏറ്റെടുക്കപ്പെട്ടത്.

ആദ്യഘട്ടത്തിൽ ഇ. ടി. ടൈസൺ മാസ്റ്റർ എം.എൽ.എ ചെയർമാനായും മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. കെ. അബീദലി ജനറൽ കൺവീനറായും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ഇ.ജി. സുരേന്ദ്രൻ, ഇ.കെ.മല്ലിക, കെ.കെ. സച്ചിത്ത്, ടി.എം.

പെരുംതോട്-വലിയതോടിന്റെ കരയിൽ കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ധന-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിർവഹിക്കുന്നു.

കയർ ഭൂവസ്ത്രം വിരിച്ച
പെരുംതോട് - വലിയതോട്

ർത്തനങ്ങൾ നടത്താനുമുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് ഈ പഠനം മുന്നോട്ടുവച്ചത്. അത് പ്രകാരം പഠന പ്രവർത്തനങ്ങളിലൂടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന 8057 മീറ്റർ കയർഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തി 5643 മീറ്റർ നടപ്പാത നിർമ്മാണം 5609 മീറ്റർ മുള വച്ച് പിടിപ്പിക്കൽ എന്നിവ ഏറ്റെടുക്കുന്നതിനായി തീരുമാനിച്ചു.

2017 മാർച്ച് 17ന് ശ്രീനാരായണപുരത്ത് വച്ച് നടന്ന ജനനിബിഡമായ ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീൽ പെരുന്തോട് -വലിയതോട് സംരക്ഷണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തോട് വൃത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിച്ചു.

ഷാഫി, പ്രസാദിനി മോഹൻ എന്നിവർ കൺവീനർമാരുമായി ഒരു സമിതി രൂപീകരിക്കുകയും തോടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് ജനപങ്കാളിത്തത്തോടെ പഠനം നടത്തുകയും ചെയ്തു.

നിലവിലുള്ള വെള്ളം ചിറകെട്ടി പമ്പ് ചെയ്ത് മറുവശത്തേക്ക് മാറ്റി പായലും ചെളിയും കളഞ്ഞ് വൃത്തിയാക്കു ന്നതിനും വശങ്ങളിൽ കയർഭൂവസ്ത്രം ഉപയോഗിച്ചുള്ള ജൈവസംരക്ഷണ പ്രവ

വൃത്തിയാക്കിയ തോടിന്റെ കരകളിൽ കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് മതിലകത്ത് നിർവ്വഹിച്ചു. മുസിരിസ് പൈതൃകപദ്ധതിയുടെ ഭാഗമായ ഈ പ്രദേശത്ത് കേരളത്തിലെ ഏറ്റവും വലിയ ജനകീയ തോട് സംരക്ഷണ പ്രവർത്തനം ഏറ്റെ

വാളോർമംഗലം പാലത്തിന്റെ
അപ്രോച്ച് റോഡിന് ഇരുവശവും
കയർഭൂവസ്ത്രം ഉപയോഗിച്ച്
പാർശ്വഭിത്തി ബലപ്പെടുത്തുന്ന



ടുത്തത് വഴി ടൂറിസം വികസനസാദ്ധ്യതയും തോടിന്റെ കരകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനം ഒരുക്കാനുള്ള സാധ്യ തയും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇതുവരെ 5970 മീ റ്റർ തോട് വൃത്തിയാക്കാനും 4175 മീറ്റർ കയർ ഭൂവസ്ത്രം വിരിക്കാനും കഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി 26428 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും 88,14,943/- രൂപ ചെലവഴിക്കുന്നതിനും സാധിച്ചു.

തോടിന്റെ ശുചീകരണപ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. കരകളിൽ ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ വച്ച് പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനം, തീറ്റപ്പുല്ല് വച്ച് പിടിപ്പിക്കൽ മുതലായവയും ഏറ്റെടുത്തുവരുന്നു. തോട് വൃത്തിയാക്കിയ ഇടങ്ങളിൽ തുടർസംരക്ഷണം പ്രാദേശിക സമൂഹം ഏറ്റെടുത്തിട്ടുണ്ട്. സമൂഹത്തിൽ ജലസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിൽ ഈ പ്രവർത്തി വിജയിച്ചിട്ടുണ്ട്

വടക്കേക്കര ഗ്രാമ പഞ്ചായത്ത്- തോടിന്റെ കരയിൽ കയർ ഭൂവസ്ത്രം വിരിക്കുന്നു

വടക്കേക്കര ഗ്രാമ പഞ്ചായത്ത് എറണാകുളം ജില്ല

വടക്കേക്കര ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം 20 വാർഡുകളിലായി കയർ ഭൂവസ്ത്രം വിരിക്കുന്ന 26 പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി.

പഞ്ചായത്ത് പരിധിയിലുള്ള, മിക്കവാറും എല്ലാ തോടുകളും ഇരുവശവും ഇടിഞ്ഞ നിലയിലും പ്ലാസ്റ്റിക് കുപ്പികളും മാലിന്യങ്ങളും നിറഞ്ഞ് ദുർഗന്ധം വമിക്കുന്ന രീതിയിലുമായിരുന്നു. അതിനാൽ ജലനിർഗ്ഗമനം തടസ്സപ്പെട്ടിരുന്നു. മാത്രമല്ല, പകർച്ചവ്യാധികൾ പകരുന്നതിനുള്ള സാധ്യത വളരെ അധികവുമായിരുന്നു. തോടിന്റെ വശങ്ങളിൽ കയർ ഭൂവസ്ത്രം വിരിച്ചത് വഴി തോടിന്റെ ഇരുവശങ്ങളിലും മണ്ണ് ഇടിഞ്ഞു പോകാതെ സംരക്ഷിക്കുന്നതിനും തോട് വൃത്തിയാക്കുക വഴി നീരൊഴുക്ക് സുഗമമാക്കുന്നതിനും

പട്ടുവം ഗ്രാമ പഞ്ചായത്ത്

മീമ്പുള്ളി കനാൽ കയർ ഭൂവസ്ത്ര പദ്ധതി

അതുവഴി ഈ പ്രദേശത്തെ പകർച്ചവ്യാധികൾ ഒരു പരിധിവരെ തടയുന്നതിനും സാധിച്ചു.

ആകെ 39,60,875/- രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്. ആകെ 10902 തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ സാധിച്ചു.

മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

കോട്ടയം ജില്ല

വാളോർമംഗലം പാലത്തിന്റെ അപ്രോച്ച് റോഡിന് ഇരുവശവും കയർഭൂവസ്ത്രം ഉപയോഗിച്ച് പാർശ്വഭിത്തി ബലപ്പെടുത്തൽ

മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിലെ മുഖ്യ ജലസ്രോതസ്സുകളിൽ ഒന്നായ വല്യാറമ്പത്ത് തോടിനു കുറുകെ വാർഡ് 10 ൽ സ്ഥിതി ചെയ്യുന്ന വാളോർമംഗലം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഇരുവശങ്ങളും മണ്ണടിച്ചിലിൽ നിന്നും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം വിരിച്ച് പാർശ്വഭിത്തി ബലപ്പെടുത്തുക എന്ന പ്രവൃത്തി നടപ്പിലാക്കിയത്. കയർ പ്രോജക്റ്റ് ഓഫീസിൽ നിന്നും സാങ്കേതിക പരിശീലനം ലഭിച്ച വിദഗ്ധരുടെ മേൽനോട്ടത്തിൽ 10-ാം വാർഡിലെ തൊഴിലുറപ്പ് തൊഴിലാളികളായ 39 വനിതകളാണ് ഈ പ്രവൃത്തി പൂർത്തീകരിച്ചത്.

പട്ടുവം ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ല ബണ്ട് നിർമ്മാണം

കണ്ണൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന പട്ടുവം ഗ്രാമപഞ്ചായത്ത് മൂന്നു വശവും പുഴകളാൽ ചുറ്റപ്പെട്ടിരിക്കുന്നു. അതിനാൽ ഉപ്പുവെള്ളത്തിന്റെ പ്രശ്നം രൂക്ഷമാണ്. ഇവിടുത്തെ പ്രധാന കൃഷിയായ നെൽക്കൃഷിയെ ഉപ്പ് വെള്ളത്തിന്റെ അതിപ്രസരം പ്രതികൂലമായി ബാധിക്കുന്നു. ബണ്ട് നിർമ്മാണത്തിലൂടെ ഉപ്പുവെള്ളം കയറുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാനാകുന്നു. അതിലൂടെ നെല്ലിന്റെ ഉദ്പാദനക്ഷമത വർദ്ധിക്കുന്നു. കൂടാതെ ഭൂഗർഭജലത്തിന്റെ അളവ് ഉയരുന്നതിലൂടെ ജലക്ഷാമം കുറയ്ക്കുന്നതിനും സഹായിക്കുന്നു. ജനങ്ങൾക്ക് ഒരു നടപ്പാതയായും ഈ ബണ്ട് ഉപകരിക്കുന്നു.

എസ്റ്റിമേറ്റ് തുക – 52200

സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ - 146

നന്നമുക്ക് ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ല

മീമ്പുള്ളി കനാൽ കയർ ഭൂവസ്ത്ര പദ്ധതി

നന്നമുക്ക് ഗ്രാമപഞ്ചായത്തിലെ 50 ഏക്കർ വിസ്തൃതിയുള്ള നെൽവയലാണ് മീമ്പുള്ളി. എന്നാൽ ജലദൗർലഭ്യം കാരണം ഈ ഭൂമി വർഷങ്ങളായി തരിശായി കിടക്കുകയായിരുന്നു. ഈ സ്ഥിതി ഒഴിവാക്കി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ നെൽപാടത്തിലൂടെ ഒരു ജലസേചനകനാൽ നിർമ്മിക്കുകയുണ്ടായി. തുടർന്ന് കയർഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു മാതൃകാപദ്ധതിയായി കനാലിന്റെ ഇരു വശങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവൃത്തി ഏറ്റെടുക്കുകയുമുണ്ടായി.

പ്രവൃത്തി ഏരിയ – 1000 സ്ക്വയർ മീറ്റർ

സൃഷ്ടിക്കപ്പെട്ട പ്രവൃത്തിദിനങ്ങൾ - 83

ആകെ ചെലവഴിച്ച തുക – 97914 രൂപ.

ലേഖിക ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനിൽ അസിസ്റ്റൻ്റ് ഡെവലപ്മെന്റ് കമ്മീഷണറാണ്.

ഇത് ഇന്ത്യയുടെ എഴുപതും പഞ്ചായത്ത്‌രാജിന്റെ ഇരുപതും

പ്രൊഫ. എ. സുഹൃത്കുമാർ

ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ എഴുപത് സംവത്സരങ്ങൾ പിന്നിടുന്നു. ഇന്ത്യയിൽ പഞ്ചായത്ത് രാജ് - നഗരപാലിക സംവിധാനം രണ്ട് പതിറ്റാണ്ട് പിന്നിടുന്നു. രാജ്യത്തിന്റെയും പഞ്ചായത്തിന്റെയും ഗതിവിഗതികൾ എങ്ങനെ കാണുന്നു? നാളെയെപ്പറ്റിയുള്ള പ്രതീക്ഷ എന്താണ്? കോളനിവിരുദ്ധപ്രസ്ഥാനം, സാമൂഹ്യ നവോത്ഥാനപ്രസ്ഥാനം, ദേശീയസ്വാതന്ത്ര്യ ജനാധിപത്യപ്രസ്ഥാനം എന്നിവയുടെ ഏകോപനമായാണ് ഒരു ജനപഥം സ്വാതന്ത്ര്യത്തിന്റെ പ്രഭാതത്തിലേക്ക് ഉണർന്നത്. എന്നാൽ അതനുസരിച്ച് ഇന്ത്യൻ ജനത ഉയർന്നുവോ. 1992 ന് ശേഷം കാൽനൂറ്റാണ്ട് എത്തുമ്പോൾ അധികാരവികേന്ദ്രീകരണമെന്ന ആശയം പ്രാവർത്തികമാക്കപ്പെട്ടത് കേരളത്തിന്റെ പശ്ചാത്തലത്തിൽ അവലോകനം ചെയ്യുന്നതിന് ഏറെ പ്രസക്തിയുണ്ട്.

അല്പം ചരിത്രം

പഞ്ചായത്ത് എന്നത് തികച്ചും തദ്ദേശീയമായ ഒരു ഭരണവ്യവസ്ഥാപനമാണ്. പൊതു -സ്വകാര്യപ്രശ്നങ്ങളിൽ തീരുമാനമെടുക്കാൻ അധികാരവും കഴിവുമുണ്ടായിരുന്ന പ്രാദേശിക ഘടകമായിരുന്നു പുരാതന ഭാരതസമൂഹത്തിലെ പഞ്ചായത്ത്. നാട്ടുകൂട്ടം, ഗ്രാമകൂട്ടം, തറകൂട്ടം എന്നെല്ലാം കരുതാം. എന്നാൽ ക്രമേണ സംഭവിച്ച സാമൂഹ്യചരിത്രപരിണതി പഞ്ചായത്തിന്റെ ജനകീയതയെ ബാധിച്ചു. ജനാധികാരമെന്നത് പ്രബലരുടെയും പ്രമാണിമാരുടെയും അധികാരമായി മാറി. പതുക്കെപ്പതുക്കെ അത് രാജാധികാര - വരേണ്യാധികാരവാഴ്ചയുടെ പാതയിലേക്ക് വഴിതിരിഞ്ഞു. ദേശവാഴിയോ, നാട്ടുവാഴിയോ അവരുടെ ഇച്ഛയ്ക്കൊത്ത് വാഴിക്കുന്ന അധികാരികളുടെ അംശവാഴ്ചയായി അത് പരിണമിച്ചു. ദളിതർ, സ്ത്രീകൾ, ദുർബ്ബലർ എന്നിവരെല്ലാം പഞ്ചായത്തിന്റെ അധികാരശ്രേണിക്ക് പുറത്തായി. അവർ വിധേയർ മാത്രമായി പരിണമിച്ചു.

ഈ പശ്ചാത്തലത്തിലാണ് ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ മുളപൊട്ടി വളരുന്ന ചരിത്രം കൂടി പഞ്ചായത്ത്‌രാജുമായി ബന്ധപ്പെടുന്നത്. സ്കൗട്ട് പ്രസ്ഥാനസ്ഥാപകപ്രചാരകനായ ബേഡൻ പൗവ്വൽ (ഇന്ത്യയിൽ ഉൾപ്പെടെ സൈനിക ഉദ്യോഗസ്ഥനായും പ്രവർത്തിച്ചു) യുവസന്നദ്ധപ്രവർത്തകരുടെ പ്രായോഗിക സാമൂഹ്യസേവനവേദിയായിട്ടാണ് ഇത്തരമൊരു സാധ്യത വികസിപ്പിച്ചത്. തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമിയും അനുഭാവിയുമായിരുന്ന ഹോംറൂൾ പ്രസ്ഥാനസ്ഥാപകകൂടിയായ ഡോ. ആനിബസന്റാണ് ഗ്രാമസ്വരാജ് എന്ന സങ്കല്പനം ഇന്ത്യയുടെ സ്വയംഭരണ പ്രസ്ഥാനത്തിന്റെ ഭാഗമായി മുന്നോട്ടുവച്ചത്. ജനകീയ സ്വയംഭരണസംവിധാനത്തിന്റെ അടിസ്ഥാന പ്രാദേശിക ഘടകമായിട്ടാണ് സ്വയം നിർമ്മാണാധികാരമുള്ള ഗ്രാമസ്വരാജ് രൂപകല്പന ചെയ്യപ്പെട്ടത്. 1914ൽ ഇതു സംബന്ധിച്ച പ്രമേയത്തിന് കോൺഗ്രസിന്റെ മദിരാശി സമ്മേളനത്തിൽ ഡോ. ആനിബസന്റ് അംഗീകാരം നേടുന്നുണ്ട്. മാത്രവുമല്ല കോൺഗ്രസിന്റെ ഭിന്ന വഴികളിലെ നേതാക്കളായി രുന്ന തിലകനെയും ഗോഖലയെയും ഗ്രാമ സ്വരാജ് വിഷയത്തിൽ യോജിപ്പിലെത്തിക്കാനും ഡോ. ബസന്റും ഹോംറൂൾ പ്രസ്ഥാന

> ഇപ്പോൾ നിയോഗിക്കപ്പെട്ടിട്ടുള്ള ഡോ.സി.പി. വിനോദ് കമ്മിറ്റിയും 4-ാം സംസ്ഥാന ഭരണപരിഷ്കരണസമിതിയും ദ്രുതഗതിയിൽ ഇതിനുള്ള മാർഗനിർദ്ദേശങ്ങൾ സമർപ്പിക്കാനാകണം. 2020ൽ നടത്തപ്പെടുന്ന തദ്ദേശഭരണസ്ഥാപന തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ഇതിനുള്ള നയപരവും നിർവ്വഹണപരവുമായ തീരുമാനവും നടത്തിപ്പും ഉറപ്പാക്കാൻ കേരളത്തിന് കഴിയണം. കേരളജനത കേവലകക്ഷിരാഷ്ട്രീയ മത-ജാതി -വർഗീയ താല്പര്യങ്ങൾക്കപ്പുറം സമ്പൂർണ്ണ ജനാധിപത്യവല്കരണത്തിനുള്ള അവസരമായി ഇത് ഉപയോഗപ്പെടുത്തണം.

മഹാത്മാ ഗാന്ധി
ആനി ബസന്റ്
ബേഡൻ പവ്വൽ

കേരളം ഉൾപ്പെടെ സംസ്ഥാനങ്ങൾ ആർജിച്ച വികേന്ദ്രീകരണ അനുഭവവും പ്രായോഗിക സാധ്യതയും പരിമിതപ്പെട്ടന്ന സ്ഥിതി സംജാതമായി. സമഗ്ര ജില്ലാ ഭരണ സംവിധാനവും ഗ്രാമീണ തർക്കപരിഹാര സ്ഥാപനവും ഉൾപ്പെടെയുള്ളവ ഇത്തരത്തിൽ അപ്രായോഗികമാകുന്ന സ്ഥിതിയുണ്ടായി. എന്നാൽ പുതിയ സാഹചര്യം സംസ്ഥാനത്തിന് അനുഗുണമായി ഉപയോഗപ്പെടുത്താനുള്ള അവസരങ്ങളും രൂപപ്പെട്ടു.

വും പരിശ്രമിച്ചതും ചരിത്രത്തിന്റെ ഭാഗം.

1917 ൽ ആഫ്രിക്കയിൽനിന്ന് തിരിച്ചെത്തി ഇന്ത്യൻ ദേശീയ പ്രക്ഷോഭത്തിലേക്കെത്തിയ ഗാന്ധിജി ഗ്രാമസ്വരാജ് സങ്കല്പനത്തെ വികസിപ്പിച്ച് സ്വാംശീകരിച്ച് പൂർണ്ണസ്വരാജിന്റെയും സ്വയം പര്യാപ്ത-സ്വയാശ്രയ സങ്കല്പനത്തിന്റെയും ജനാധികാര ഭരണപ്രക്രിയയുടെ ഭാഗവും അടിത്തറയുമാക്കി മാറ്റുകയാണ് ചെയ്തത്. തുടർന്ന് ലാഹോർ കോൺഗ്രസ് സമ്മേളനം ഗ്രാമസ്വരാജ് ദേശീയപ്രക്ഷോഭത്തിന്റെ മുഖ്യ മുദ്രാവാക്യങ്ങളിൽ ഒന്നായി സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഭരണഘടനയും പഞ്ചായത്ത്‌രാജും

ഭരണഘടനാ നിർമ്മാണഘട്ടത്തിൽത്തന്നെ അധികാരവികേന്ദ്രീകരണം പരിഗണനാവിഷയമായി ഉയർന്നുവന്നിരുന്നു. ഭരണഘടനാ നിർമ്മാണസഭയിൽ ഇതുസംബന്ധിച്ച് മൂന്ന് ഭിന്നാഭിപ്രായചേരികൾ രൂപപ്പെട്ടതായി കാണാം. ഗ്രാമസ്വരാജ് എന്ന സങ്കല്പനത്തിൽ സ്വയംസമ്പൂർണവും സ്വയാശ്രിതവുമായ ഗ്രാമപഞ്ചായത്തുകൾ എന്ന ഗാന്ധിയൻപരിപ്രേക്ഷ്യം ഈ ആശയഗതിക്കാർ മുന്നോട്ടുവച്ചു. രണ്ടാം വാദഗതി യൂണിറ്ററി സമ്പ്രദായത്തിലുള്ള സർക്കാർ സംവിധാനത്തിൽ അധികാരങ്ങൾ വിഭജിച്ച് വികേന്ദ്രീകരിക്കുന്നത് ഭരണത്തെ ദുർബ്ബലപ്പെടുത്തുമെന്നതിനാൽ തദ്ദേശഭരണപ്രക്രിയ അനിവാര്യമായി ഭരണഘടനാപരമാക്കേണ്ടതില്ലെന്നതായിരുന്നു. മൂന്നാമത്തേതാകട്ടെ, അധികാരവികേന്ദ്രീകരണം ഭിന്നജാതിമത വരേണ്യസമൂഹത്തിൽ ദുർബ്ബലപിന്നോക്ക വിഭാഗങ്ങളെ പൂർണമായും അടിച്ചമർത്താൻ കരുവാക്കുമെന്നതിനാൽ രാജ്യത്ത് അനുയോജ്യമാകില്ലെന്നതായിരുന്നു. ഈ ഭിന്നാഭിപ്രായങ്ങളുടെ സങ്കലനവും സമീകരണവുമായാണ് ഭരണഘടനയുടെ 4-ാം ഭാഗത്ത് രാഷ്ട്രനയനിർദ്ദേശകതത്വങ്ങളിൽ ഉൾപ്പെടുത്തി 40-ാം അനുഛേദമായിട്ടുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയത്. തദ്ദേശഭരണസ്ഥാപന യൂണിറ്റുകളായി പ്രവർത്തിക്കാൻത്തക്ക അധികാരവും ഉത്തരവാദിത്തവും ഉള്ള ഗ്രാമപഞ്ചായത്തുകൾക്ക് രൂപം നല്കാനുള്ള കടമ രാഷ്ട്രത്തിനുണ്ട് എന്ന തത്വമാണ് ഉൾപ്പെടുത്തിയത്.

എന്നാൽ ഭരണഘടനാ വിഷയനിർണയത്തിൽ തദ്ദേശഭരണം സംസ്ഥാന വിഷയപട്ടികയിൽ ഉൾപ്പെടുത്തപ്പെടുകയാണുണ്ടായത്. അതുകൊണ്ടുതന്നെ തുടർന്നുള്ള വർഷങ്ങളിൽ തദ്ദേശഭരണം സംസ്ഥാനഭരണകൂടങ്ങളുടെ നയതാല്പര്യങ്ങൾക്കും തീരുമാനങ്ങൾക്കും വിധേയമായി മാത്രം നടത്തപ്പെടുന്ന സ്ഥിതിയുണ്ടായി. ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഒട്ടേറെ ഭരണസമിതികളും കമ്മീഷനുകളും രൂപീകരിക്കപ്പെടുകയും ശുപാർശകൾ ഉന്നയിക്കപ്പെടുകയും ചെയ്തുവെങ്കിലും ഗൗരവതരമായ മാറ്റങ്ങൾ പ്രായോഗികതലത്തിൽ സംഭവിച്ചില്ല. ദേശീയതലത്തിൽ ഐക്യരൂപമുള്ള നിയമമുണ്ടാക്കാൻ പാർലമെന്റിന് കഴിയാത്ത സാഹചര്യവും തുടർന്നു. ഈ സ്ഥിതി പരിഹരിച്ചുകൊണ്ടാണ് 1992 ൽ 73, 74 ഭരണഘടനാ ഭേദഗതികൾ അംഗീകരിക്കപ്പെട്ടത്. 1989 ൽ അവതരിപ്പിക്കപ്പെട്ട 64-ാം ഭരണഘടനാ ഭേദഗതി നിർദ്ദേശത്തിനെതിരായി ഉയർന്നുവന്ന വിമർശനങ്ങൾ മറികടക്കാനും ശ്രമം നടന്നു. ചട്ടക്കൂട് നിയമം മാത്രം കേന്ദ്രപാർലമെന്റ് രൂപപ്പെടുത്തുകയും അതിന് അനുരോധമായി വിശദമായ തദ്ദേശഭരണനിയമങ്ങൾക്ക് സംസ്ഥാനനിയമസഭകൾ രൂപംനല്കി നടപ്പാക്കുകയും എന്ന രീതിശാസ്ത്രമാണ് ഇവിടെ അവലംബിച്ചത്. തന്മൂലം കേരളം ഉൾപ്പെടെ സംസ്ഥാനങ്ങൾ ആർജിച്ച വികേന്ദ്രീകരണ അനുഭവവും പ്രായോഗിക സാധ്യതയും പരിമിതപ്പെട്ടന്ന സ്ഥിതി സംജാതമായി. സമഗ്ര ജില്ലാ ഭരണസംവിധാനവും ഗ്രാമീണ തർക്കപരിഹാരസ്ഥാപനവും ഉൾപ്പെടെയുള്ളവ ഇത്തരത്തിൽ അപ്രായോഗികമാകുന്ന സ്ഥിതിയുണ്ടായി. എന്നാൽ പുതിയ സാഹചര്യം സംസ്ഥാനത്തിന് അനുഗുണമായി

ഉപയോഗപ്പെടുത്താനുള്ള അവസരങ്ങളും രൂപപ്പെട്ടു.

ഭരണഘടനാപരമായ സ്ഥാപനങ്ങളായി തദ്ദേശഭരണസ്ഥാപനങ്ങൾ വ്യവസ്ഥാപിതമായി. എന്നാൽ സ്വയംഭരണ പ്രാദേശികസർക്കാരുകൾ എന്ന സങ്കല്പനം അസ്ഥാനത്തായി. ഏല്പിക്കപ്പെട്ട മേഖലകളിൽ ഏല്പിക്കപ്പെട്ട അധികാരങ്ങൾ ഏല്പിക്കപ്പെട്ട പരിധിക്കുള്ളിൽ നിർവഹിക്കുന്ന ഉപാധികൾ മാത്രമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പരിണമിച്ചു. ഭരണഘടനാ ഭേദഗതി നിയമത്തിന്റെ പീഠിക അനുസരിച്ച് വികസനം, ക്ഷേമം, സുരക്ഷ ഇവയുമായി ബന്ധപ്പെട്ട ഭരണ - നിയന്ത്രണ അധികാരങ്ങൾ മാത്രമാണ് തദ്ദേശസ്ഥാപനങ്ങൾക്കുള്ളത്. നിയമനിർമ്മാണ-നീതിന്യായ അധികാരങ്ങൾ ഭരണമേല്പിക്കപ്പെടാത്ത ഭാഗിക സ്വയംഭരണസ്ഥാപനങ്ങൾ.

പട്ടികപ്പെടുത്തപ്പെട്ട വിഷയങ്ങളിൽതന്നെ സംസ്ഥാനഭരണകൂടം കൈമാറുന്ന പരിധിവരെ മാത്രം പ്രവർത്തനസാധ്യതയുള്ള പരിമിത സ്വയംഭരണ സംവിധാനമായും തദ്ദേശഭരണസ്ഥാപനങ്ങൾ മാറി. ധനവിഭവ സ്രോതസ് നിർവഹണജീവനക്കാർ എന്നിവരുടെ കാര്യത്തിലും മേൽത്തട്ട് സർക്കാരുകൾക്ക് വിധേയമായി മാത്രം പ്രവർത്തിക്കേണ്ടിവരുന്ന സ്ഥിതി.

അടിസ്ഥാനജനാധിപത്യവേദിയും പ്രത്യക്ഷ ജനാധിപത്യ ഘടകവുമായ ഗ്രാമസഭയാകട്ടെ തീരുമാനമെടുക്കാൻ അധികാരപ്പെടാത്ത ഉപദേശക - നിർദ്ദേശക സഭയായി മാറി. നഗരഭരണ പ്രദേശങ്ങളിൽ വാർഡ് സഭകൾക്കുപരി വാർഡ് കമ്മറ്റിയെന്ന പ്രാതിനിധ്യ സംവിധാനമായത് ചുരുങ്ങി. രാഷ്ട്രീയ നയരൂപീകരണകർത്താക്കൾക്ക് ഗ്രാമസഭകളോട് കടുത്ത വൈമുഖ്യവും വിപ്രതിപത്തിയും സംജാതമായി. വികേന്ദ്രീകൃതജനാധിപത്യമെന്നത് ഗ്രാമ-നഗരതലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയംഗങ്ങൾവരെ മാത്രമുള്ള നിയന്ത്രിത വികേന്ദ്രീകരണമായി പരിമിതപ്പെട്ടു.

കേരളത്തിന്റെ വ്യത്യസ്തതകൾ

ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒട്ടേറെ ഗുണപരമായ പരിശ്രമങ്ങളും ഉദ്യമങ്ങളും കേരളത്തിൽ വികേന്ദ്രീകൃതജനാധിപത്യരംഗത്ത് ഉണ്ടായി. പ്രാദേശിക ഭരണസമ്പ്രദായമാകയാൽ മറ്റു സ്ഥലങ്ങൾക്കും ജനങ്ങൾക്കും ഇത് മാതൃകയാണെന്ന് പറയുക ഉചിതമല്ല. എന്നാൽ ധനവിഭവ വികേന്ദ്രീകരണം, ഉത്തരവാദിത്തവികേന്ദ്രീകരണം, നിർവ്വഹണകർത്താക്കളുടെ വികേന്ദ്രീകരണം എന്നിവ യാഥാർത്ഥ്യമാക്കാനുള്ള വിവിധ ഉദ്യമങ്ങൾ കേരളത്തിൽ ഉണ്ടായി. 1995 മുതൽ നടന്ന പരിശ്രമങ്ങളുടെ സ്വാഭാവിക വികാസവും വ്യവസ്ഥാപനവും സ്ഥായിത്വവും ഇക്കാര്യത്തിൽ സംഭവിച്ചുവോ എന്നും അവലോകനത്തിന് കാൽനൂറ്റാണ്ട് പിന്നിടുന്ന ഘട്ടം ഉപയോഗപ്പെടുത്തണം.

- ഗ്രാമസഭകളെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫലവത്താക്കാൻ കഴിഞ്ഞോ എന്നും പ്രാഥമിക പ്രത്യക്ഷജനസഭയായി അവ പ്രയോജനപ്പെട്ടോ എന്നും പരിശോധിക്കപ്പെടണം.
- അധികാരം ഭരമേല്പിക്കപ്പെട്ട രംഗങ്ങളിൽ തനത് നയനിർവ്വഹണ ശേഷി കൈവരിക്കാൻ പ്രാപ്തമായോ എന്നത് വിലയിരുത്തപ്പെടണം.
- വനിതകളുടെ പങ്കാളിത്തവും നേതൃത്വവും യാഥാർത്ഥ്യമാക്കാനും സാമൂഹ്യപരിവർത്തനത്തിനും കഴിഞ്ഞോ എന്ന് വിലയിരുത്തപ്പെടണം.
- ദുർബല പിന്നോക്ക വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ മുതലായവരുടെ സാമൂഹ്യതുല്യതയും നീതിപൂർവകതയും ഉറപ്പാക്കാൻ എത്രകണ്ട് കഴിഞ്ഞു എന്ന് അവലോകനം ചെയ്യണം.
- വികസന-ക്ഷേമ-സുരക്ഷാ ഘടകങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ എത്രകണ്ട് പ്രായോഗികശേഷി ആർജ്ജിച്ചു എന്ന് പരിശോധിക്കണം.
- നയരൂപീകരണം, നീതിനിർവ്വഹണം എന്നിവയ്ക്കും വിഭവസമാഹരണത്തിനും പ്രാപ്തമായ സ്വയംഭരണസ്ഥാപനങ്ങളായി തദ്ദേശഭരണസ്ഥാപനങ്ങളെ പുനഃസ്ഥാപിക്കാനാകണം.

സത്യബ്രതസെൻ കമ്മിറ്റി, എം.എ. ഉമ്മൻ കമ്മിറ്റി എന്നിവ സമർപ്പിച്ച സമഗ്രാവലോകന ശുപാർശകൾക്കൊപ്പം വി.രാമചന്ദ്രൻ കമ്മിറ്റിയുടെയും മുൻഭരണപരിഷ്കരണ സമിതികളുടെയും ശുപാർശകൾ സത്വരവിശകലന വിധേയമാക്കണം. ഇപ്പോൾ നിയോഗിക്കപ്പെട്ടിട്ടുള്ള ഡോ. സി.പി. വിനോദ് കമ്മിറ്റിയ്ക്കും 4-ാം സംസ്ഥാന ഭരണപരിഷ്കരണസമിതിയ്ക്കും ദ്രുതഗതിയിൽ ഇതിനുള്ള മാർഗനിർദ്ദേശങ്ങൾ സമർപ്പിക്കാനാകണം. 2020ൽ നടത്തപ്പെടുന്ന തദ്ദേശഭരണസ്ഥാപന തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ഇതിനുള്ള നയപരവും നിർവ്വഹണപരവുമായ തീരുമാനവും നടത്തിപ്പും ഉറപ്പാക്കാൻ കേരളത്തിന് കഴിയണം. കേരളജനത കേവലകക്ഷിരാഷ്ട്രീയ മത-ജാതി- വർഗീയ താല്പര്യങ്ങൾക്കപ്പുറം സമ്പൂർണ്ണ ജനാധിപത്യവല്കരണത്തിനുള്ള അവസരമായി ഇത് ഉപയോഗപ്പെടുത്തണം.

ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒട്ടേറെ ഗുണപരമായ പരിശ്രമങ്ങളും ഉദ്യമങ്ങളും കേരളത്തിൽ വികേന്ദ്രീകൃതജനാധിപത്യരംഗത്ത് ഉണ്ടായി. പ്രാദേശിക ഭരണസമ്പ്രദായമാകയാൽ മറ്റു സ്ഥലങ്ങൾക്കും ജനങ്ങൾക്കും ഇത് മാതൃകയാണെന്ന് പറയുക ഉചിതമല്ല. എന്നാൽ ധനവിഭവ വികേന്ദ്രീകരണം, ഉത്തരവാദിത്തവികേന്ദ്രീകരണം, നിർവ്വഹണ കർത്താക്കളുടെ വികേന്ദ്രീകരണം എന്നിവ യാഥാർത്ഥ്യമാക്കാനുള്ള വിവിധ ഉദ്യമങ്ങൾ കേരളത്തിൽ ഉണ്ടായി.

*ലേഖകൻ
തിരുവനന്തപുരം
ലോ കോളേജിൽ
പ്രൊഫസറാണ്.
ഫോൺ: 9446981571*

മീസിൽസ് റുബെല്ല പ്രതിരോധ യജ്ഞം

ഡോ. ചിന്ത. എസ്

കേരളം മറ്റൊരു സുപ്രധാന പൊതുജനാരോഗ്യ മുന്നേറ്റത്തിനു സാക്ഷ്യം വഹിക്കുകയാണ്. ദേശീയ തലത്തിലെ മീസിൽസ് റുബെല്ല പ്രതിരോധ കുത്തിവയ്പ്പ് യജ്ഞത്തിൽ ഈ ഒക്ടോബർ മാസം മൂന്നാം തീയതി മുതൽ കേരളവും പങ്കുചേർന്നിരിക്കുകയാണ്. മീസിൽസ്, റുബെല്ല എന്നീ പകർച്ചവ്യാധികളെ 2020-ാമാണ്ടോടു കൂടി ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ യജ്ഞത്തിന്റെ ഭാഗമായി ഇന്ത്യയിലെ 9 മാസത്തിനും 15 വയസ്സിനുമിടയിലുള്ള

മീസിൽസ്

മീസിൽസ് അഥവാ അഞ്ചാംപനി ഉണ്ടാക്കുന്നത് ഒരു പാരമിക്സോവൈറസ് ആണ്. മനുഷ്യശരീരത്തിന്റെ പുറത്തു സാധാരണഗതിയിൽ അതിജീവനം സാധ്യമല്ലാത്ത ഒരു രോഗാണുവാണ് എന്നുള്ളതുകൊണ്ട് ഈ വൈറസിന്റെ ഉന്മൂലനം പ്രതിരോധ പ്രവർത്തനങ്ങൾ വഴി സാധ്യമാക്കാം. രോഗത്തിന്റെ ഉറവിടം മറ്റൊരു രോഗി മാത്രമാണ് എന്നുള്ളതും ഇതിന്റെ നിയന്ത്രണത്തെ സഹായിക്കുന്നു. ശരീരത്തിലെ ചുവന്ന തിണിർത്ത പാടുകൾ പ്രത്യക്ഷപെടുന്നതിനു നാല് ദിവസം മുൻപും ശേഷവും രോഗി ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും രോഗാണു മറ്റുള്ളവരിലേക്ക് പടരുന്നു. പെട്ടെന്ന് പടർന്നു പിടിക്കുന്ന രോഗമാണ് മീസിൽസ്. സാധാരണയായി കുട്ടികളെ ബാധിക്കുന്ന ഈ രോഗം പോഷകകുറവുള്ള കുട്ടികളിൽ കൂടുതൽ സങ്കീർണതയും മരണങ്ങളും ഉണ്ടാക്കുന്നു. ആരോഗ്യമുള്ള കുട്ടികൾക്ക് മീസിൽസ് അണുബാധയെ തുടർന്ന് പോഷകാഹാര കുറവുണ്ടാവുകയും തൂക്കം കുറയുകയും ചെയ്യുന്നു. വയറിളക്കം, നിമോണിയ, തലച്ചോറിലെ അണുബാധ തുടങ്ങിയ സങ്കീർണതകൾ ഉണ്ടാവുകയാണെങ്കിൽ മരണ സാധ്യത കൂടുന്നു.

2016 ൽ കേരളത്തിൽ ഏകദേശം 42 മീസിൽസ് പകർച്ചകളിലായി 1627 കേസുകളും, നാല് മരണങ്ങളുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. മീസിൽസിനെതിരെ ഫലപ്രദമായ ഒരു കുത്തിവയ്പ്പ് സൗജന്യമായി ലഭ്യമാണ് എന്ന സാഹചര്യം നിലനില്ക്കുന്നു എന്നോർക്കുക.





മൂന്നരക്കോടി കുട്ടികൾക്ക് MR പ്രതിരോധകുത്തിവയ്പ്പ് നല്കുന്നു. വസൂരി, പോളിയോ, അമ്മമാർക്കും നവജാതശിശുക്കൾക്കും ബാധിക്കുന്ന ടെറ്റനസ് തുടങ്ങിയ രോഗങ്ങളെ പ്രതിരോധകുത്തിവയ്പ്പ് വഴി തുടച്ചുനീക്കിയ ഇന്ത്യ, ആ വിജയം ആവർത്തിക്കുവാൻ ഒരുങ്ങുകയാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ ആരോഗ്യവകുപ്പും വിദ്യാഭ്യാസവകുപ്പും ഈ യജ്ഞത്തിന്റെ മറ്റുപങ്കാളികളും വളരെ വലിയ ഒരു വെല്ലുവിളിയാണ് ഏറ്റെടുത്തിരിക്കുന്നത്. വസൂരി നിർമാർജ്ജനം ചെയ്യുന്നതിന് മുന്നോടിയായി നടത്തിയ കുത്തിവയ്പ്പ് യജ്ഞത്തിനു ശേഷം, ഒരു പക്ഷെ കേരളം കാണുന്ന ഏറ്റവും വലിയതോതിലുള്ള പ്രതിരോധകുത്തിവയ്പ്പ് പരിപാടി ആയി മാറിയിരിക്കുകയാണിത്. കേരളത്തിലെ 76,13,602 കുട്ടികൾക്കാണ് ഈ ഒരു മാസം കൊണ്ട് MR പ്രതിരോധ കുത്തിവയ്പ്പ് നല്കുവാൻ ഉദേശിച്ചിരിക്കുന്നത്. ഏകദേശം 20,000 വിദ്യാലയങ്ങൾ, 35,000 അങ്കണവാടികൾ, 1300 സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ എന്നിവ വഴി 74000 ക്യാമ്പുകൾ നടത്താനാണ് തയ്യാറെടുത്തിരിക്കുന്നത്. ഓരോ ജില്ലയിലും നൂറു കണക്കിന് ഡോക്ടർമാരുടെ നേതൃത്വത്തിൽ ആയിരക്കണക്കിന് പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തകർ ആണ് ഈ പ്രവർത്തനം നടപ്പിലാക്കുന്നത്. ഇത്രയും വിപുലമായ സജ്ജീകരണങ്ങളോടുകൂടി മഹത്തായ ഒരു ലക്ഷ്യത്തിനു വേണ്ടി സർക്കാർ തയ്യാറെടുക്കുന്നു. മറുവശത്തോ അജ്ഞതയും അന്ധവിശ്വാസവും ഗൂഢലക്ഷ്യങ്ങളും മൂലം കുത്തിവയ്പ്പ് യജ്ഞത്തിനെതിരെ ചില ദുഷ്പ്രചാരണങ്ങൾ ഉയർന്നു വന്നിരിക്കുന്നു.

ഡിഫ്തീരിയയ്ക്കുള്ള പ്രതിരോധ കുത്തിവയ്പ്പിനെതിരായി ചില സംഘടനകളും വ്യാജന്മാരും നടത്തിയ കുപ്രചരണങ്ങൾ വിതച്ച വിപത്ത് നമ്മൾ കഴിഞ്ഞ വർഷം അനുഭവിച്ചറിഞ്ഞതാണ്. ഇത്തരം കുപ്രചാരണങ്ങളെയും വ്യാജപ്രമാണങ്ങളെയും ശരിയായ അറിവിൽ നിന്നുടലെടുക്കുന്ന ജാഗ്രതയാൽ ചെറുത്തു തോല്പിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്.

ഇന്ത്യയിൽ പ്രതിവർഷം നാല്പതിനായിരത്തിലധികം കുട്ടികളാണ് മീസിൽസ് അഥവാ അഞ്ചാംപനി വന്നു മരിക്കുന്നത്. ഇവിടെ അമ്പതിനായിരത്തിൽ പുറത്തു ജനിതക റുബെല്ല സിന്ഡ്രോം ബാധിച്ച കുട്ടികൾ ഉണ്ട് എന്ന് കണക്കുകൾ കാണിക്കുന്നു.

കുഞ്ഞുങ്ങൾക്ക് ഒൻപതാം മാസവും ഒന്നര വയസ്സിനോടടുപ്പിച്ചും ഈ രോഗങ്ങൾക്ക് എതിരെ കുത്തിവയ്പ്പ് നല്കാറുണ്ട് എന്നിരിക്കെ മുൻപ് MR വാക്സിൻ ലഭിച്ചിരുന്നോ ഈ രോഗങ്ങൾ ബാധിച്ചിരുന്നോ എന്നിവ കണക്കിലെടുക്കാ

റുബെല്ല

ടോഗവൈറസ് വിഭാഗത്തിൽ പെട്ട വൈറസുകൾ കാരണം ഉണ്ടാകുന്ന ജെർമൻ മീസിൽസ്/റുബെല്ല പൊതുവേ ലഘുവായ പനി, കഴലവീക്കം, ചുവന്ന പാടുകൾ എന്നിവയോട് കൂടി ചുരുങ്ങിയ ദിവസം മാത്രം നിലനില്ക്കുന്ന ഒരു പകർച്ചപനിയാണ്. എന്നാൽ ഗർഭകാലത്ത് പ്രത്യേകിച്ച് ആദ്യ മൂന്നു മാസത്തിനിടയ്ക്ക് ഗർഭിണിക്ക് റുബെല്ല ബാധിക്കുകയാണെങ്കിൽ ഗർഭശിശുവിനു ജനിതക റുബെല്ല സിൻഡ്രോം/ congenital rubella syndrome (CRS) അതായത് നവജാത ശിശുവിനു അന്ധത, ബധിരത, ഹൃദയവൈകല്യങ്ങൾ, ബുദ്ധിമാന്ദ്യം, കരൾ രോഗങ്ങൾ എന്നിവ ഉണ്ടാകാൻ ഉള്ള സാധ്യത 90% ആണ്. ഈ രോഗബാധ ഗർഭഛിദ്രത്തിനും കാരണമാകുന്നു.

ലോകമാകമാനം പ്രതിവർഷം ഒരു ലക്ഷത്തിനു പുറത്തു ശിശുക്കളാണ് റുബെല്ല ബാധിച്ച് ജനിതകവൈകല്യങ്ങളോട് കൂടി ജനിക്കുന്നത്. കണക്കുകൾ പ്രകാരം കേരളത്തിൽ മൂന്നു ശതമാനം ഗർഭിണികൾക്ക് റുബെല്ല അണുബാധയുണ്ടാകുന്നു. പ്രതിവർഷം അഞ്ചു ലക്ഷത്തോളം പ്രസവങ്ങൾ ഇവിടെ നടക്കുന്നു എന്നത് കണക്കിലെടുത്താൽ, 15000 ത്തോളം ഗർഭിണികൾക്ക് റുബെല്ല ബാധിക്കുന്നു.

കുട്ടിക്കാലത്ത് വന്നുപോകുന്ന റുബെല്ല കാരണം ഒരു വിഭാഗം ആളുകൾക്ക് പ്രതിരോധശേഷി തന്നെത്താനെ ഉണ്ടാകുന്നു. പക്ഷേ ഇത്തരത്തിൽ ഉള്ള പ്രതിരോധശേഷി അളക്കുവാനായി (IgG Antibody) ഇവിടെ നടത്തിയിട്ടുള്ള പഠനങ്ങളിൽ 40% ത്തോളം സ്ത്രീകൾക്കും പ്രതിരോധശേഷി ഇല്ല എന്നു തന്നെയാണ് കണ്ടെത്തിയിരിക്കുന്നത്.

ഈ സാഹചര്യത്തിൽ 2014ൽ തന്നെ കേരളത്തിൽ കൗമാര പ്രായത്തിലെ പെൺകുട്ടികൾക്ക് റുബെല്ല പ്രതിരോധകുത്തി വയ്പ്പ് നല്കുവാനായി ഒരു യജ്ഞം നടത്തുകയുണ്ടായി. മാത്രവുമല്ല 18 മാസത്തിൽ നല്കുന്ന മീസിൽസ് രണ്ടാമത്തെ ഡോസിന് പകരം MMR Vaccine (Measles, Mumps, Rubella) നല്കി തുടങ്ങുകയും ചെയ്തു.

(ലേഖിക തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ് 9447375532)

തെ തന്നെ എല്ലാ കുട്ടികൾക്കും ഒരു അധികപൂരക ഡോസായി യജ്ഞത്തിന്റെ ഭാഗമായുള്ള കുത്തിവയ്പ്പ് നല്കേണ്ടതാണ്. ഇത്തരത്തിൽ മുഴുവൻ കുട്ടികൾക്കും ഒരുമിച്ച കുത്തിവയ്പ്പ് നല്കുന്നത് വഴി രോഗത്തിനെതിരെ വ്യക്തിയുടെ സുരക്ഷയോടൊപ്പം സാമൂഹിക പ്രതിരോധശേഷി കൂട്ടി പ്രസ്തുത രോഗങ്ങളെ ഉന്മൂലനം ചെയ്യാൻ സാധിക്കും. ഇത്തരത്തിൽ ഉന്മൂലനം സാധ്യമാകണമെങ്കിൽ 95% ത്തിലധികം ജനങ്ങൾക്കും ഈ രോഗത്തിനെതിരായുള്ള പ്രതിരോധശേഷി ഉണ്ടാകണം.

ഇന്ത്യയിൽ തന്നെ നിർമ്മിക്കുന്ന MR വാക്സിൻ ഒറ്റ ഡോസിൽ 85% ത്തോളവും രണ്ടു ഡോസ് എടുക്കുമ്പോൾ 95% ത്തോളം ഫലപ്രദവും എന്നാൽ എടുത്തു പറയത്തക്ക പാർശ്വഫലങ്ങൾ ഇല്ലാത്തതും ആയ മരുന്നാണ്. ലോകത്ത് ഒട്ടേറെ രാജ്യങ്ങൾ ഇന്ത്യയുടെ ഈ വാക്സിനാണ് ഉപയോഗിക്കുന്നത്. കോടിക്കണക്കിന് കുട്ടികൾ ലോകമെമ്പാടും സുരക്ഷിതമായ് ഈ കുത്തിവയ്പ്പ് എടുത്തുകഴിഞ്ഞിരിക്കുന്ന ദീർഘകാലം, പൊതുവേ ജീവിതകാലം മുഴുവൻ നീണ്ടു നില്ക്കുന്ന പ്രതിരോധശേഷി ഉണ്ടാക്കുന്ന MR വാക്സിൻ.

പ്രസ്തുത യജ്ഞത്തിനൊടുവിൽ 9-ാം മാസത്തിലെ മീസിൽസ് കുത്തിവയ്പ്പിനു പകരം റുബെല്ല വാക്സിനും കൂടി ചേർത്ത് MR വാക്സിൻ ആയിരിക്കും നല്കുക. ഒന്നര വയസ്സിൽ കേരളത്തിൽ MMR വാക്സിനും മറ്റു സംസ്ഥാനങ്ങളിൽ MR വാക്സിനും ആയിരിക്കും നല്കുക.

നമ്മുടെ കുഞ്ഞുങ്ങളുടെ ആരോഗ്യവും ഭാവിയും ഭദ്രമാക്കാനായി വിഭാവനചെയ്ത MR കുത്തിവയ്പ്പ് യജ്ഞം നമ്മൾ ഓരോരുത്തരുടെയും പൂർണ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും വിജയിപ്പിക്കാം.

ആശങ്കകൾ അകറ്റാം

ഓരോ കുഞ്ഞിനും പ്രതിരോധകുതിവയ്പ്പു നല്കി MR പ്രതിരോധകുത്തിവയ്പ്പു യജ്ഞം വിജയിപ്പിക്കാം; നമ്മുടെ കുട്ടികളുടെ ആരോഗ്യത്തിനും ഭാവിക്കും വേണ്ടി :

- വാക്സിൻ വിരുദ്ധരുടെ കുപ്രചരണങ്ങൾ ചെറുത്തു തോല്പിക്കുക, സമൂഹമാധ്യമങ്ങളിലെ അത്തരം പോസ്റ്റുകൾ പ്രചരിപ്പിക്കാതിരിക്കുക.
- ഇതൊരു പുതിയ കുത്തിവയ്പ്പ് അല്ല. ലക്ഷകണക്കിന് കുട്ടികൾ സ്ഥിരമായി എടുത്തു കൊണ്ടിരിക്കുന്ന ഇന്ത്യയിൽ തന്നെ നിർമിക്കുന്ന മരുന്നാണ് ഈ യജ്ഞത്തിൽ ഉപയോഗിക്കുന്നത്.
- എടുത്തു പറയത്തക്ക പാർശ്വഫലങ്ങൾ ഇതിനില്ല.
- നേരത്തെ ഒന്നോ അതിലധികമോ തവണ ഇതേ കുത്തിവയ്പ്പ് എടുത്തിട്ടുള്ളവരും മീസിൽസ് രോഗം വന്നിട്ടുള്ളവരും യജ്ഞത്തിന്റെ ഭാഗമായി കുത്തിവയ്പ്പ് എടുക്കേണ്ടതാണ്.
- വ്യക്തിയുടെ പ്രതിരോധശേഷി കൂട്ടുന്നതിനോടൊപ്പം തന്നെ സാമൂഹിക പ്രതിരോധശേഷി കൂട്ടുകവഴി ഈ രോഗത്തെ ഉന്മൂലനം ചെയ്യുക എന്ന മഹത്തായ ലക്ഷ്യം കൈവരിക്കാൻ ഓരോ കുട്ടിയും കുത്തിവയ്പ്പ് എടുത്തു എന്നുറപ്പാക്കുക.

വാക്സിൻ വിരുദ്ധരെ തിരിച്ചറിയുക ഒറ്റപ്പെടുത്തുക

കെ.കെ.ശൈലജ ടീച്ചർ

ലോകാരോഗ്യ സംഘടനയും യുനീസെഫും സംയുക്തമായി മീസിൽസ് , റൂബല്ല നിയന്ത്രണവും നിർമ്മാർജ്ജനവും ലക്ഷ്യം വച്ചു കൊണ്ട് നടത്തുന്ന വാക്സിനേഷനെതിരെ സംസ്ഥാനത്ത് ചില വാക്സിൻ വിരുദ്ധ ശക്തികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്നും സാമൂഹ്യബോധമുള്ള ആർക്കും ഇത് അംഗീകരിക്കുവാൻ കഴിയുന്നതല്ലെന്നും അക്ഷരാർത്ഥത്തിൽ ഇത്തരം നിലപാടുകൾ സാമൂഹ്യവിരുദ്ധ പ്രവർത്തനമാണെന്നും ആരോഗ്യവകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ പറഞ്ഞു.

ഇത്തരം പ്രവർത്തനങ്ങൾ പൊതുജനാരോഗ്യത്തിനെ തിരെയുള്ള കടന്നുകയറ്റമാണ്. തങ്ങളുടെ കുട്ടികൾ രോഗമില്ലാത്തവരായി വളരണം എന്നത് ഏതൊരു രക്ഷിതാവിന്റെ യും ആഗ്രഹമാണ്. അതിനുവേണ്ടി രക്ഷിതാക്കൾ വാക്സിൻ നൽകാൻ തയ്യാറാകുമ്പോൾ അവരെ വാക്സിനെതിരായുള്ള കുപ്രചരണങ്ങൾ നടത്തിയും തെരുവുകളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും വൈര്യനിര്യാതന ബുദ്ധിയോടുകൂടി തെറ്റിദ്ധാരണാ ജനകമായ സിദ്ധാന്തങ്ങൾ പടച്ചുവിടുന്നത് എന്ത് ഉദ്ദേശത്തോടുകൂടിയാണ്? രാജ്യത്ത് 41 കോടി കുട്ടികൾക്കാണ് വാക്സിൻ നൽകേണ്ടത്. ഇതിനെതിരായി കേരളത്തിൽ മാത്രം ചില കുൽസിത ശക്തികൾ നടത്തുന്ന വാക്സിൻ വിരുദ്ധ പ്രവർത്തനങ്ങളിൽ നിന്ന് പിൻതിരിയാൻ അവർ തയ്യാറാകണം.

സംസ്ഥാനത്ത് ഒക്ടോബർ 3 മുതൽ തുടക്കം കുറിച്ച മീസിൽസ്, റൂബല്ല പ്രതിരോധയജ്ഞത്തിന്റെ ഭാഗമായുള്ള വാക്സിനേഷൻ കാമ്പയിൻ ഇന്നേക്ക് ഒരാഴ്ച പിന്നിട്ടുകഴിഞ്ഞു. ഒക്ടോബർ 3 മുതൽ നവംബർ 3 വരെയുള്ള ഒരുമാസമാണ് കാമ്പയിന്റെ പ്രവർത്തനം പ്ലാൻ ചെയ്തിരിക്കുന്നത്. കാമ്പയിൻ ആരംഭിച്ച് 7 ദിവസം പൂർത്തിയാകുമ്പോൾ തന്നെ 17 ലക്ഷത്തിലേറെ കുട്ടികൾ വാക്സിൻ സ്വീകരിച്ചുകഴിഞ്ഞു. (വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ കാലാവധിക്കിടയിൽ 2 അവധിദിവസങ്ങളുണ്ടായിരുന്നു) വാക്സിൻ വിരുദ്ധരുടെ മസ്തിഷ്കപ്രക്ഷാളനത്തിന് വശംവദരാവാതെ ഇത്രയുമധികം രക്ഷിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് വാക്സിനേഷൻ നൽകാൻ തയ്യാറായത് അവരുടെ കർത്തവ്യബോധത്തിന്റെ മകുടോദാഹരണമാണ്.

2020 ഓടെ മീസിൽസ്, റൂബല്ല രോഗങ്ങൾ സമൂഹത്തിൽ നിന്നും എന്നെന്നേക്കുമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടുനടത്തുന്ന ഈ ബൃഹത് പദ്ധതിയുടെ വിജയത്തിന് എല്ലാവരും തോളോടുതോൾ ചേർന്ന് പ്രവർത്തിക്കണമെന്നും നാളെയുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങളെ ഈ 2 മാരക രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ഈ ദൗത്യത്തിൽ എല്ലാവരും പങ്കെടുക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

> കാമ്പയിൻ ആരംഭിച്ച് 7 ദിവസം പൂർത്തിയാകുമ്പോൾ തന്നെ 17 ലക്ഷത്തിലേറെ കുട്ടികൾ വാക്സിൻ സ്വീകരിച്ചുകഴിഞ്ഞു.

മലയാളത്തിന്റെ വെല്ലുവിളികൾ

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

"മലയാളഭാഷയോട് കേരളീയരായ അഭ്യസ്തവിദ്യരും അവരുടേതായ അധികാരിവർഗ്ഗവും കാണിക്കുന്ന അവഗണന ഇല്ലാതാക്കി മലയാളഭാഷയെ കേരളജനതയുടെ മുഴുവൻ ഭാഷയാക്കി ഉയർത്തുകയാണ് ഇന്നാവശ്യം. എന്തുകൊണ്ടെന്നാൽ നമ്മുടെ അധികാരിവർഗ്ഗവും അഭ്യസ്തവിദ്യരും അംഗീകരിക്കുന്ന സമീപനത്തിന്റെ ഫലമായി മലയാളം കേരളജനതയുടെ ഭാഷയല്ലാതായിത്തീർന്നിരിക്കുന്നു."

മലയാളവും മലയാളികളും തമ്മിലുള്ള ബന്ധത്തെപ്പറ്റി ആഴത്തിൽ ചിന്തിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുള്ള ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ വാക്യങ്ങളാണ് ഇവ. ഭാഷാബോധനത്തിന്റെ ആവശ്യകതയും അപര്യാപ്തതയും ബോധ്യപ്പെടുത്തുന്നതാണ് ഈ പ്രസ്താവം.

ഭാഷാഭിമാനത്തിന്റെ അഭാവമാണ് മലയാളം നേരിടുന്ന പ്രഥമ വെല്ലുവിളി. ഭാരതത്തിലെ നാട്ടുഭാഷകളെയും അവ സംസാരിക്കുന്ന ജനങ്ങളുടെ സംസ്കാരത്തെയും നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യണമെന്ന ലക്ഷ്യത്തോടെയാണ് ഭാരതത്തിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചത്. ഭാഷാസംസ്ഥാനങ്ങൾ നിയമപരമായി നിലവിൽ വന്നപ്പോൾ, ഹിന്ദി ഔദ്യോഗികഭാഷയായി അംഗീകരിക്കപ്പെട്ടപ്പോൾ, ബന്ധഭാഷയായി ഇംഗ്ലീഷ് നിലനിർത്തിയപ്പോൾ, പ്രശ്നങ്ങൾക്കു പരിഹാരമായി എന്നു വിചാരിച്ചവർക്കു തെറ്റി. ഹിന്ദിയും ഇംഗ്ലീഷും അധികാരത്തിനുവേണ്ടി മത്സരിക്കുന്നതാണ് പിന്നീടു നാം കണ്ടത്. ത്രിഭാഷാപദ്ധതിയിലെ വ്യവസ്ഥകൾ കാറ്റിൽപറത്തിക്കൊണ്ട് ഇംഗ്ലീഷിനുവേണ്ടിയും ഹിന്ദിക്കുവേണ്ടിയും പോരാടുന്ന അധികാരത്തിന്റെ കാൽച്ചുവട്ടിൽ പ്രാദേശികഭാഷകൾ ഞെരിഞ്ഞമർന്നു. കോളനിസംസ്കാരത്തോടു കൂറുപുലർത്തി ഹിന്ദിയെ തുരത്താനായി പലേടത്തും ശ്രമം നടന്നു. അടിമത്തത്തെ അഭിമാനമായിക്കരുതി, ഭാഷയിൽ മാത്രമല്ല, വേഷത്തിലും ആചാരത്തിലും അനുഷ്ഠാനത്തിലുമെല്ലാം ബോധപൂർവം വിദേശിചമയുവാൻ ഇന്ത്യയിലെ പല ദേശക്കാരും ശ്രമിച്ചു. അക്കൂട്ടത്തിൽ മുമ്പിലാണ് മലയാളികൾ. ബ്രിട്ടീഷ് ഭരണത്തിൽ മലയാളിയുടെ ആധിപത്യം ഏറി വരുന്തോറും മലയാളത്തിന്റെ ഉപയോഗം കുറഞ്ഞുവന്നു എന്നതും സ്വാതന്ത്ര്യാനന്തരവും ആ രീതി തുടരുന്നു എന്നതും ഈ അടിമത്തത്തിന്റെ തെളിവാണ്. അന്യഭാഷാപ്രണയം മാതൃഭാഷയെ കൊല്ലുന്ന പ്രവണതയിൽ എത്തി എന്നതിന്റെ ദൃഷ്ടാന്തമല്ലെ മലയാളം സ്കൂളുകൾ പലതും പൂട്ടിയത്. മലയാളം മലയാളിയുടെ അഭിമാനത്തിന്റെ അടയാളമായിട്ടില്ല.

സംസ്കാരബോധത്തിന്റെ അപര്യാപ്തത തന്നെ ഇനി പറയേണ്ടത്. കടലിലെ മഞ്ഞുമലയുടെ കുറച്ചുഭാഗം വെള്ളത്തിനു മുകളിൽ കാണുമ്പോൾ, അതിനെ താങ്ങി നിർത്തുന്ന വലിയ ഭാഗം വെള്ളത്തിനടിയിൽ അപ്രത്യക്ഷമായിരിക്കുന്നു. പദങ്ങളുടെ നിലനില്പ് അവയുടെ സംസ്കാരത്തിലാണ്. പദപരിചയത്തിലൂടെ, ഭാഷാപഠനത്തിലൂടെ നമുക്കു ലഭിക്കുന്നത് ആ സംസ്കാരമാണ്. ഭാഷ സംസ്കാരമാണ് എന്നു നാം മനസ്സിലാക്കാതെ പോകുന്നു. മാതൃഭാഷാപദങ്ങൾ അന്യമാകുന്ന ജനതയ്ക്ക് ദേശസംസ്കാരം ഇല്ലാതെ വരുന്നു. ജനിമൃതികൾക്കിടയിലുള്ള എല്ലാ ചര്യകളിലും പ്രതിഫലിക്കുന്നതാണ് സംസ്കാരബോധം.

എല്ലാ ഭാഷകളും നല്ലതുതന്നെ. ഒന്നും മറ്റൊന്നിനെക്കാൾ നീചമോ കേമമോ അല്ല. എന്നാൽ ആശയവിനിമയത്തിന് ഏറ്റവും സമർത്ഥമായ ഭാഷ മാതൃഭാഷതന്നെ. ഇതര അന്യഭാഷകളുടെ ഉപയോഗം എല്ലാ രംഗത്തും സാർവത്രികമാകുമ്പോൾ, മാതൃഭാഷ അവഗണിക്കപ്പെടുമ്പോൾ, ആശയവിനിമയത്തിലെ പൂർണതയും ഭരണകാര്യങ്ങളിലെ സുതാര്യതയും അറിയാനുള്ള അവകാശത്തിന്റെ സംരക്ഷണവും ജനാധിപത്യത്തിന്റെ സാക്ഷാത്കാരവും എല്ലാം ഹനിക്കപ്പെടുകയാണ്. രാഷ്ട്രീയസ്വാതന്ത്ര്യം നേടി ഏഴു ദശകങ്ങൾ കഴിയുമ്പോഴും, ആശയപരമായ സ്വാതന്ത്ര്യം, ചിന്താപരമായ സ്വാതന്ത്ര്യം, ഭാഷാപര

തൊഴിൽസാധ്യതകൾ കണക്കിലെടുത്ത് വിദ്യാഭ്യാസത്തിൽ പ്രാദേശികഭാഷകൾക്ക് പ്രാധാന്യം കുറച്ചവർ ഭാഷാപഠനത്തിന്റെയും ഭാഷയിലൂടെയുള്ള പഠനത്തിന്റെയും പൊരുൾ വേർതിരിച്ച് മനസ്സിലാക്കാത്തവരാണ്. ഏതുവിഷയവും അനായാസേന പഠിക്കാൻ ഉതകുന്ന ഭാഷ മാതൃഭാഷതന്നെ.

മായ സ്വാതന്ത്ര്യം ഒക്കെ നമുക്ക് ആകാശകുസുമങ്ങളാണ്. കോടതികളിൽ, വിദ്യാഭ്യാസത്തിൽ, ഭരണത്തിൽ ഒക്കെയും സാധാരണജനങ്ങൾ അനുഭവിക്കുന്ന പാരതന്ത്ര്യം നമ്മുടെ ചിന്തയ്ക്കു വിഷയമാകണം.

ലാഭം, ആദായം, കച്ചവടം ഇവ ലക്ഷ്യം വച്ച് ഭാഷയെ സമീപിക്കുമ്പോൾ നമ്മുടെ ചുവടുകൾ പിഴയ്ക്കുന്നു. മാതൃഭാഷയെക്കാൾ അന്യഭാഷ പഠിക്കുന്നതാണ് ലാഭം എന്നും അതുകൊണ്ടേ ആദായമുള്ളൂ എന്നും അതാണ് പണം കൊയ്യാനുള്ള എളുപ്പവഴി എന്നും നമ്മൾ ധരിക്കുന്നു. മാതൃഭാഷാപഠനത്തെപ്പറ്റി പറയാൻ തുടങ്ങുമ്പോൾ അന്യഭാഷാ പഠനത്തെ എതിർക്കുന്ന എന്ന പ്രചാരണവുമുണ്ട്. മാതൃഭാഷാപഠനം അന്യഭാഷാപഠനത്തിന് അനുഗുണമാണ് എന്നതും നാം വിസ്മരിക്കുന്നു.

തൊഴിൽസാധ്യതകൾ കണക്കിലെടുത്ത് വിദ്യാഭ്യാസത്തിൽ പ്രാദേശികഭാഷകൾക്ക് പ്രാധാന്യം കുറച്ചവർ ഭാഷാപഠനത്തിന്റെയും ഭാഷയിലൂടെയുള്ള പഠനത്തിന്റെയും പൊരുൾ വേർതിരിച്ച് മനസ്സിലാക്കാത്തവരാണ്. ഏതുവിഷയവും അനായാസേന പഠിക്കാൻ ഉതകുന്ന ഭാഷ മാതൃഭാഷതന്നെ.

കമ്പ്യൂട്ടർ വിപ്ലവത്തിന്റെ വികാസത്തിനൊപ്പം ഭാഷയെ സജ്ജമാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് മാതൃഭാഷയുടെ വ്യാപനത്തിനു തടസ്സം സൃഷ്ടിക്കുന്നു. ആധുനികസാങ്കേതികവിദ്യയുടെ വികാസത്തോടൊപ്പം ഭാഷയുടെ ഉപയോഗത്തിനും അതിനെ സജ്ജമാക്കണം.

ലിപിപരിഷ്കരണം (1971) സംബന്ധിച്ച ഉത്തരവ് മനസ്സിലാക്കാത്തവർ ഭാഷയിൽ സൃഷ്ടിച്ച അവ്യവസ്ഥകൾ ചില്ലറയല്ല. ടൈപ്പിങ്ങിനും അച്ചടിക്കും വേണ്ടി ഭാഷ ലഘൂകരിച്ചപ്പോൾ, എഴുത്തിന് അതിനുമുൻപുള്ള രീതിതന്നെ സ്വീകരിക്കണം എന്നു നിർദ്ദേശിച്ചിരുന്നു. അതു പാലിക്കാതെ, ഭാഷയെ പുതിയതെന്നും പഴയതെന്നും വേർതിരിച്ചു നിർത്തി, ഒപ്പം ആളും കൂട്ടി മത്സരിക്കുവാനും വിവാദങ്ങൾ ഉണ്ടാക്കാനും ഭാഷാസ്നേഹികൾ ശ്രമിച്ചപ്പോൾ മാതൃഭാഷയിൽനിന്ന് അകന്നുപോകാനാണ് പലർക്കും അതു പ്രേരണയായത്. ഭാഷയുടെ ഉച്ചാരണത്തിലും എഴുത്തിലുമുണ്ടായ അവ്യവസ്ഥയുടെ ഉത്തരവാദിത്തം ഭാഷയ്ക്കല്ല, ഭാഷ ഉപയോഗിക്കുന്നവർക്കാണ്.

ഭാഷാപ്രയോഗത്തിൽ പഞ്ചശുദ്ധി അനുഷ്ഠിക്കേണ്ടതുണ്ട്. അക്ഷരശുദ്ധി, ലിപിവിന്യാസശുദ്ധി, വാക്യശുദ്ധി, ഉച്ചാരണശുദ്ധി, ആശയശുദ്ധി ഇവയാണ് പഞ്ചശുദ്ധികൾ. ഇക്കാര്യങ്ങളിൽ തികഞ്ഞ നിസ്സംഗതയോ, അവഗണനയോ ആണ് പലർക്കും. തെറ്റായ പദങ്ങൾ പ്രയോഗിക്കുന്നതും തെറ്റായി ഉച്ചരിക്കുന്നതും പദക്രമം തെറ്റിച്ച് വാക്യം എഴുതുന്നതും അക്ഷരവിന്യാസം തോന്നുംപടി ആകുന്നതും ആശയവ്യക്തത ഇല്ലാതിരിക്കുന്നതും ഇന്ന് അധികമാരും ഗൗരവത്തോടെ കാണുന്നില്ല എന്നത് ക്രൂരമാണ്.

ഭാഷാ ഗവേഷണം, സംസ്കാരഗവേഷണം, ഭാഷാചരിത്രനിർമ്മാണം, സാഹിത്യചരിത്രനിർമ്മാണം ഇങ്ങനെ ഭാഷാപോഷണശ്രമങ്ങൾ നാനാവിധത്തിൽ ദ്രുതഗതിയിൽ പുരോഗമിക്കേണ്ടത് ദേശത്തിന്റെയും ഭാഷയുടെയും പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ ആശാവഹമായ പുരോഗതി ഉണ്ടാകുന്നില്ല എന്നത് എടുത്തുപറയണം.

ജനങ്ങൾ ജനങ്ങൾക്കുവേണ്ടി നടത്തുന്ന ഭരണം ഏതു വിഷയത്തെ അധികരിച്ചുള്ളതായാലും അതു ജനങ്ങളുടെ ഭാഷയിലായിരിക്കണം എന്നതു നിർവിവാദമായ സംഗതിയാണ് എന്ന വാക്യം, 1958 ൽ ആദ്യത്തെ ഭരണഭാഷാ റിപ്പോർട്ടായ കോമാട്ടിൽ അച്ച്യുതമേനോൻ കമ്മിറ്റി റിപ്പോർട്ടിൽ രേഖപ്പെടുത്തിയ നാൾ മുതൽ എത്രയോ തവണ നാം ഉദ്ധരിച്ചുകഴിഞ്ഞു. നിയമവും ചട്ടങ്ങളും നിർദേശങ്ങളും ഉണ്ടായാൽ മാത്രം പോരാ, പാലനം സൂക്ഷ്മമായി നിരീക്ഷിക്കപ്പെടുകയും വേണം.

സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും മാധ്യമങ്ങളുടെയും ബഹുജനങ്ങളുടെയും ബോധപൂർവ്വവും തീവ്രവും നിരന്തരവുമായ പരിശ്രമം കൊണ്ടു നേരിടാവുന്ന വെല്ലുവിളികളേ മലയാളത്തിനുള്ളൂ എന്നും കൂടി പറയണം.

തെറ്റായ പദങ്ങൾ പ്രയോഗിക്കുന്നതും തെറ്റായി ഉച്ചരിക്കുന്നതും പദക്രമം തെറ്റിച്ച് വാക്യം എഴുതുന്നതും അക്ഷരവിന്യാസം തോന്നുംപടി ആകുന്നതും ആശയവ്യക്തത ഇല്ലാതിരിക്കുന്നതും ഇന്ന് അധികമാരും ഗൗരവത്തോടെ കാണുന്നില്ല എന്നത് ക്രൂരമാണ്.

ലേഖകൻ ഭാഷാവിദഗ്ധനാണ്
9847125794

വികസനവും മാതൃഭാഷയും

സുബൈർ അരിക്കുളം

ഓരോ വർഷവും മരിക്കുന്ന ഭാഷകളിൽ ഉണ്ടായിരുന്ന അറിവുകളെല്ലാം മാനവരാശിക്ക് നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് നാം തിരിച്ചറിയണം. അതുകൊണ്ട് തന്നെ മാതൃഭാഷകളുടെ ഉന്മൂലനം ഇല്ലാത്ത ലോകമാകണം നമ്മുടെ അജണ്ട. വികസനം മാതൃഭാഷയിലൂടെ എന്നതാവണം നമ്മുടെ മുദ്രാവാക്യം. സിസിലിയൻ കവി ഇഗ്നാസിയോ ബുത്തീത്തയുടെ വരികൾ പറയുന്നത് ഒരു ജനതയെ അടിമകളാക്കാൻ അവരുടെ ഭാഷ അപഹരിച്ചാൽ മതിയെന്നാണ്.

സമകാലിക ലോകസാഹചര്യത്തിൽ ആശയപരമായി സന്ധിയാവാത്ത, പരസ്പരം ഏറ്റുമുട്ടുന്ന രണ്ട് വികസനക്കാഴ്ചപ്പാടുകളുണ്ട്. മുതലാളിത്തത്തിന് കൂടുതൽ ശക്തി പകരുന്നതിനും മൂലധനം സ്വരുക്കൂട്ടുന്നതിനുമായി ബഹുത്വത്തെ അംഗീകരിക്കുകയും എന്നാൽ മനുഷ്യന്റെ ജീവിതാന്തസ്സ് നിലനില്ക്കുന്നതിൽ ബഹുസ്വരത അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന മുതലാളിത്തവികസന സങ്കല്പമാണ് ഒന്നാമത്തേത്. എന്നാൽ ബഹുത്വത്തെയും പ്രാദേശികതയുടെ ജനാധിപത്യത്തെയും അംഗീകരിക്കുന്നതിനൊപ്പം സാർവദേശീയത മുന്നോട്ടുവയ്ക്കുന്ന വികേന്ദ്രീകൃത വികസന സങ്കല്പമാണ് രണ്ടാമത്തേത്.

രണ്ട് വികസന സങ്കല്പങ്ങളും പ്രാദേശിക ഭാഷകളെ അംഗീകരിക്കുന്നെങ്കിലും തങ്ങളുടെ വിപണിയെ പരിപോഷിപ്പിക്കാൻ, ലാഭമുണ്ടാക്കാൻ കഴിയുന്ന ഭാഷകളെ മാത്രമേ മുതലാളിത്ത ആഗോളവത്കരണം അംഗീകരിക്കുന്നുള്ളൂ. അതുകൊണ്ടാണ് ഗൂഗിൾ ഏറ്റവും പുതുതായി പുറത്തിറക്കിയ ജി – ബോർഡ് എന്ന സംവിധാനത്തിൽ 104 ഭാഷകൾ മാത്രം ഉപയോഗിക്കാൻ കഴിയുന്നത്. നന്നായി കച്ചവടം നടക്കും എന്നുറപ്പുള്ള ഭാഷകളെ മാത്രമേ കുത്തക കമ്പനികൾ അംഗീകരിക്കുന്നുള്ളൂ എന്നർത്ഥം. ലോകത്താകെയുള്ള 6850 ഭാഷകളിൽ 6745 ഭാഷകളെയും അംഗീകരിക്കാൻ മുതലാളിത്തത്തിന് കഴിയുന്നില്ല. ഓരോ ഇന്ത്യൻ രക്ഷിതാവും കുട്ടിയെ പഠിപ്പിക്കുന്നത് തനിക്കന്യമായ ഒരു സ്ഥലത്തുള്ള ഏതോ വലിയ കമ്പനിയിൽ ജോലിചെയ്യാനാണ്.പ്രാദേശിക ഭാഷയും പ്രാദേശികജ്ഞാനവും അപ്പോൾ തികച്ചും അപ്രസക്തമാക്കപ്പെടുകയും അന്യവത്കരിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുന്നു.

കോളനിയനന്തര രാജ്യങ്ങളിലെ സാമ്പത്തിക വികസനവും ഭാഷയും

ഉത്പാദനോപാധികൾ സ്വന്തമായി വികസിപ്പിക്കാൻ വൈദഗ്ധ്യമുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും രൂപീകരിച്ചു കൊണ്ട് മാത്രമേ രാജ്യത്തിന് വികസിക്കാൻ കഴിയുകയുള്ളൂ. ഒരു വ്യക്തിക്ക് അവൻ/അവൾ ജീവിക്കുന്ന സാമൂഹ്യപരിസരത്തിലെ അറിവുകൾ വികസിപ്പിക്കാനാണ് ഏറ്റവും എളുപ്പം. അതിന് ലോകത്താകെ ആ മേഖലയിൽ നടക്കുന്ന ഗവേഷണങ്ങളും ഇടപെടലുകളും മനസ്സിലാക്കുന്നത് ഗുണകരമായിരിക്കും. അങ്ങനെ അറിവുകൾ വികസിപ്പിക്കാൻ പ്രാദേശിക വിഭവം ഉപയോഗിക്കുന്ന സമൂഹവുമായി അവരുടെ മാതൃഭാഷയിൽ സംവദിക്കാൻ കഴിയണം. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം സ്വതന്ത്രമായ ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, ഫിലിപ്പൈൻസ്, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം നേടുന്നവർക്കൊന്നും അവിടത്തെ പ്രാദേശിക സമൂഹവുമായി അവരുടെ വിഷയം

ചർച്ച ചെയ്യാൻ കഴിയുന്നില്ല. കാരണം ഈ രാജ്യങ്ങളിലൊന്നും ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഷ മാതൃഭാഷയായിട്ടില്ല. കോളനീകരിക്കപ്പെട്ട മനസുമായി അക്കാദമിക സമൂഹമാകെ അമേരിക്കയും പശ്ചിമ യൂറോപ്പും അടങ്ങുന്ന ഒന്നാം ലോകം എന്ന മരത്തിന് വട്ടം ചുറ്റുന്ന പശുക്കളായി മാറികൊണ്ടിരിക്കുന്നു. ഒന്നാം ലോകത്തിന് വളരാനുള്ള വളവും ഊർജവും നിരന്തരം മൂന്നാം ലോക രാജ്യങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ അതേ കാലത്ത് സ്വതന്ത്രമായ ചൈന, ഇന്തോനേഷ്യ, വിയറ്റ്നാം, കൊറിയ തുടങ്ങിയ രാജ്യങ്ങൾ അവരുടെ തദ്ദേശീയ ഭാഷയിൽ ഉന്നത വിദ്യാഭ്യാസം നല്കാനാവശ്യമായ നടപടികൾ എടുക്കുകയും അത് അവരുടെ സാമ്പത്തിക മുന്നേറ്റം ത്വരിതപ്പെടുത്തുകയും ചെയ്യതായി പഠനങ്ങൾ തെളിയിക്കുന്നു.

ഇന്ത്യയിൽ ഐ.ഐ.ടി ഉൾപ്പെടെയുള്ള മുഖ്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന വൈദ്യശാസ്ത്രം, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് വിദ്യാർത്ഥികളിൽ 60 ശതമാനവും ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിൽ കുടിയേറുകയാണ് ചെയ്യുന്നത്. ഇന്ത്യയിലെ ദരിദ്രരിൽ ദരിദ്രന്റെ നികുതിപ്പണം കൊണ്ട് കെട്ടിപൊക്കിയ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദേശീയ -പ്രാദേശിക വികസനത്തിന് ഒട്ടും ഉപയോഗപ്പെടുന്നില്ല എന്നതാണ് വാസ്തവം. ഇതിന് പ്രധാന കാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഷയും കോളനീകരിക്കപ്പെട്ട മനസ്സുമാണ് നമ്മുടേത് എന്നതാണ്.

കേരളം പോലുള്ള സംസ്ഥാനങ്ങളുടെ ഇപ്പോഴത്തെ സാമ്പത്തിക നിലനില്പുതന്നെ വിദേശത്ത് നിന്നെത്തുന്ന പണത്തെ ആശ്രയിച്ചിട്ടാണ്. കേരളത്തിന്റെ വളർച്ചയ്ക്ക് മേലുള്ള വളരെ പ്രധാനപ്പെട്ട വിമർശനങ്ങളിൽ ഒന്ന് തദ്ദേശീയമായ വളർച്ചയല്ലാത്തതിനാൽ അത് നിലനില്ക്കില്ല എന്നതാണ്. നിതാഖത് പോലുള്ള പുതിയ പരിഷ്കാരങ്ങൾ ഗൾഫ് രാജ്യങ്ങളിൽ ഏർപ്പെടുത്തുമ്പോൾ തദ്ദേശീയമായി തൊഴിലും ജീവിതപശ്ചാത്തലവും ഒരുങ്ങേണ്ടതുണ്ട്. അടുത്ത തലമുറയ്ക്കെങ്കിലും സ്വന്തം നാട്ടിൽ തന്നെ തൊഴിൽ ചെയ്ത് അന്തസ്സോടെ ജീവിക്കാൻ കഴിയണം. ചക്കയും കൈതച്ചക്കയും തേങ്ങയും റബ്ബറും മൂല്യവർദ്ധിത ഉത്പന്നങ്ങളായി മാറ്റാൻ യൂറോപ്പിലെയോ അമേരിക്കയിലെയോ സർവകലാശാലയിൽ എഴുതിയ കാർഷിക വിജ്ഞാനം മാത്രം പഠിച്ചാൽ മതിയാകില്ല. മലയാളത്തിൽ കർഷകനോടും സാധാരണക്കാരോടും സംവദിച്ച് മലയാളത്തിൽ ഗവേഷണ പ്രബന്ധം തയ്യാറാക്കേണ്ടിവരും. അപ്പോൾ അത് കർഷകനും സാധാരണക്കാർക്കും ഉപയുക്തമാവുകയും അങ്ങനെ സർവ്വകലാശാലകൾ ജനങ്ങളുടേതായി മാറുകയും ചെയ്യും. അത്തരം കൊടുക്കൽ വാങ്ങലുകൾ സാധ്യമാക്കാൻ കേരളത്തിലെ 96.4% ജനങ്ങളുടെ ഭാഷയിലേക്ക് സർവകലാശാലകൾ ഇറങ്ങിവരേണ്ടതുണ്ട്. അങ്ങനെ വൈദഗ്ധ്യമുള്ള കേന്ദ്രങ്ങൾ തദ്ദേശീയ ഭാഷയിൽ സാധാരണക്കാരന്റെ ഇടയിലേക്ക് ഇറങ്ങി വന്ന് പ്രവർത്തനം തുടങ്ങിയാൽ ജനതയ്ക്കും പ്രദേശത്തിനും ഗുണകരമായ വിജ്ഞാനം ഉല്പാദിപ്പിക്കപ്പെടും. ഗവേഷണ താത്പര്യവും വിമർശന ബുദ്ധിയും ക്രിയാത്മകതയും അളക്കാതെ ഇംഗ്ലീഷ് പറയാനും എഴുതാനുമുള്ള ശേഷിയാണ് പ്രധാന മാനദണ്ഡം എന്ന പ്രവേശന പരീക്ഷാരീതിയും മാറേണ്ടതുണ്ട്. അതായത് ഇന്ത്യപോലുള്ള ഒരു രാജ്യത്ത് സാമ്പത്തികമായ വികാസം സാദ്ധ്യമാവണമെങ്കിൽ ഗവേഷണ മേഖല തന്നെ അപകോളനീകരിക്കപ്പെടണം എന്നു സാരം. അതിനുള്ള പ്രധാന ഉപാധിയാണ് അതിന്റെ മാധ്യമം മാതൃഭാഷയാകുക എന്നതും.

കോളനീകൃതരാജ്യങ്ങളിൽ അക്കാലത്തെ ഭരണത്തിന്റെ നിർമ്മാണത്തിനും നിലനില്പിനുമുള്ള വിദ്യാഭ്യാസമാണ് അവർ മുന്നോട്ട് വച്ചത്. 1935 ലെ മെക്കാളെ മിനട്സ് അതിന്റെ ഉദാഹരണമാണ്. തദ്ദേശീയ ജനതയുമായി ബന്ധപ്പെടുന്ന, ജനതയെ ചൂഷണത്തിൽ നിന്നും വിമുക്തമാക്കുന്ന യാതൊന്നും വിദ്യാഭ്യാസ പദ്ധതിയിൽ പെടാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിന്റെ തുടർച്ചയായാണ് സ്വദേശത്തായാലും വിദേശത്തായാലും ഉയർന്ന ജോലി നേടലാണ് വിദ്യാഭ്യാസം എന്ന് ഇന്നും നിലനില്ക്കുന്ന ബോധത്തിലേക്ക് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ ജനതയെ എത്തിച്ചതും. പാശ്ചാത്യകുത്തകകൾക്ക് വളരെ എളുപ്പത്തിൽ പണിയെടുപ്പിക്കാൻ ഇംഗ്ലീഷ് ഉപയുക്തമാവും എന്നത് മാത്രമാണ് ഇന്നും ഇന്ത്യയിൽ കാണുന്ന ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണം. അത് പ്രാദേശിക വികസനത്തിലോ സമൂഹ നിർമ്മാണത്തിലോ യാതൊരു പങ്കും വഹിക്കുന്നില്ല എന്നതാണ് വാസ്തവം.

ഭാഷാ ആശ്രിതത്വവും സാമ്പത്തിക ആശ്രിതത്വവും

ഇമ്മാനുവൽ വാലസ്റ്റൈനും ഗുന്തർ ഗ്രാസും പോൾ സൂസിയുമെല്ലാം പാശ്ചാത്യലോകത്തിന്റെ സാമ്പത്തിക ആശ്രിതത്വത്തിൽ നിലനില്ക്കുന്ന രാജ്യങ്ങൾക്ക് പുരോഗതി ഉണ്ടാകില്ല

എന്ന് സിദ്ധാന്തിച്ചിട്ടുണ്ട്. കോർ പെരിഫറി (കാതൽ-പ്രാന്തം) സങ്കല്പത്തിൽ പെരിഫറിക്ക് മനുഷ്യവിഭവശേഷിയും വിഭവങ്ങളും കോർ രാജ്യങ്ങളിലേക്ക് കയറ്റി അയക്കേണ്ടി വരുമ്പോൾ സ്വന്തമായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ വികസിപ്പിക്കാൻ ഉതകുന്ന പശ്ചാത്തലം ഒരുക്കാൻ പെരിഫറി രാജ്യങ്ങളെ മുതലാളിത്തം സമ്മതിക്കുന്നില്ല. ഇത് ഭാഷയുടെ കാര്യത്തിലും പ്രകടമാണ്. അധികാര ഭാഷയായി ഇംഗ്ലീഷ് നമ്മുടെ അക്കാദമിക – നിയമ രംഗങ്ങളിൽ വിരാജിക്കുമ്പോൾ മലയാളം പോലുള്ള പെരിഫറികൾക്ക് അടിയാന്മാരായി നോക്കി നില്ക്കാനേ കഴിയുകയുള്ളൂ. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തു നിന്നും ഇംഗ്ലീഷിനെ കുടഞ്ഞെറിഞ്ഞ കൊറിയയും വിയറ്റ്നാമും ഇക്കാര്യത്തിൽ പെരിഫറിയിൽ നിന്നും സെമി പെരിഫറിയിലേക്കും (അർദ്ധ പ്രാന്തം) മെല്ലെ മെല്ലെ കോറിലേക്കും എത്തുന്നത് ചെറിയ കാര്യമല്ല. അപ്പോൾ മാതൃഭാഷയിൽ വിദ്യാഭ്യാസം സാദ്ധ്യമാവുന്ന, ജനാധിപത്യം സാദ്ധ്യമാവുന്ന രാജ്യങ്ങൾ സാമ്പത്തിക ആശ്രിതത്വത്തിൽ നിന്നും മെല്ലെ മെല്ലെ സാമ്പത്തിക സ്വാശ്രയത്വത്തിലേക്ക് നടന്നടുക്കുന്ന എന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്.

ഇംഗ്ലീഷ്വല്ക്കരണവും ഇന്ത്യൻ വികസന അനുഭവവും

നാഗാലാൻഡ്

പ്രധാനമായും 16 ഗോത്ര വിഭാഗങ്ങളാണ് നാഗാലാൻഡിൽ ഉള്ളത്. 1964 ലാണ് നാഗാലാൻഡ് രൂപീകരിക്കപ്പെടുന്നത്. 1968 ൽ നാഗാലാൻഡിൽ നാഗാമീസ് ഉൾപ്പെടെയുള്ള അതിന്റെ തദ്ദേശ ഭാഷകളെ എല്ലാം കൈയൊഴിഞ്ഞു ഭരണത്തിനും വിദ്യാഭ്യാസത്തിനും കോടതിക്കും ഇംഗ്ലീഷ് ഭാഷ മാത്രം ഔദ്യോഗിക ഭാഷയായി തിരഞ്ഞെടുത്തു.നാഗാലാൻഡ് അന്ന് പ്രതീക്ഷിച്ചത് ഇന്ത്യൻ സിവിൽ സർവീസിൽ ഏറ്റവും കൂടുതൽ ആളുകൾ എത്തുന്ന സംസ്ഥാനമായി അവർ മാറും എന്നതായിരുന്നു. അതോടൊപ്പം ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്ന് കയറാൻ പ്രാഥമിക വിദ്യാഭ്യാസം മുതൽ ഇംഗ്ലീഷിൽ പഠനമാവുന്നത് ഗുണകരമാവും എന്നും നാഗാലാൻഡിലെ ഭരണാധികാരികൾ കണക്കുകൂട്ടി. നാഗാലാൻഡിലെ പരിഷ്കാരങ്ങൾ തുടങ്ങിയിട്ട് 50 വർഷം തികയാൻ പോകുന്നു. ഇന്ത്യയിൽ ഏറ്റവും കുറച്ചുപേർ സിവിൽ സർവീസിൽ എത്തിപ്പെടുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് നാഗാലാൻഡ്. സാമ്പത്തിക വികസനത്തിന്റെ മാനദണ്ഡം GDP ആണെങ്കിൽ അതിൽ 26-ാമത്തെ സ്ഥാനത്താണ് ഈ സംസ്ഥാനം.

പ്രാദേശിക വികസനവും ഭാഷയും

തദ്ദേശീയമായ അറിവുകളെയും ഇടപെടലുകളെയും പ്രോത്സാഹിപ്പിച്ചേ മതിയാകൂ. ബഹുത്വത്തിലൂന്നിയ വികസന സങ്കല്പവും ഓരോ മനുഷ്യനും അവൻ/അവൾ പിറന്ന ഇടങ്ങളിൽ നിന്നും ഓടിപ്പോകാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഇല്ലാതാവുകയും ചെയ്യുമ്പോഴാണ് സാമ്പത്തിക വികസനം സാമൂഹ്യ വികസനമായി മാറുക. അതിനായി പ്രാദേശികമായ വിജ്ഞാന ഉല്പാദനത്തിലൂടെയും പ്രാദേശിക ഭാഷകളിലൂടെ അറിവുകളെ പരസ്പരം വിനിമയം ചെയ്യുന്നതിലൂടെയും (അധികാര ഭാഷയിലൂടെയല്ല) വികസിക്കുക എന്നതാണ് സുസ്ഥിര വികസനം. നമ്മുടെ കടകളിൽ വിറ്റുപോകുന്ന ഒരു മിഠായിയുടെ നിർമ്മാണ രഹസ്യം പോലും നമുക്കറിയില്ല. നിത്യോപയോഗത്തിന് നമ്മുടെ നാട്ടിൽ വിറ്റുപോകുന്ന ഒരു മരുന്നിന്റെ ഫോർമുല പോലും നമുക്ക് നല്കാൻ കുത്തകാധികാരം സമ്മതിക്കുന്നില്ല. പ്രാദേശികമായ വിജ്ഞാനോത്പാദനമല്ലാതെ ഇതിനെ മറികടക്കാൻ നമുക്ക് വഴിയില്ല. അതിനുള്ള പ്രധാനോപാധിയാണ് പ്രാദേശിക ഭാഷകൾ, അഥവാ മാതൃഭാഷകൾ. ഓരോ വർഷവും മരിക്കുന്ന ഭാഷകളിൽ ഉണ്ടായിരുന്ന അറിവുകളെല്ലാം മാനവരാശിക്ക് നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് നാം തിരിച്ചറിയണം. അതുകൊണ്ട് തന്നെ മാതൃഭാഷകളുടെ ഉന്മൂലനം ഇല്ലാത്ത ലോകമാകണം നമ്മുടെ അജണ്ട. വികസനം മാതൃഭാഷയിലൂടെ എന്നതാവണം നമ്മുടെ മുദ്രാവാക്യം. സിസിലിയൻ കവി ഇഗ്നാസിയോ ബുത്തീത്തയുടെ വരികൾ പറയുന്നത് ഒരു ജനതയെ അടിമകളാക്കാൻ അവരുടെ ഭാഷ അപഹരിച്ചാൽ മതിയെന്നാണ്. അതിങ്ങനെയാണ്

ഒരു ജനതയെ വിലങ്ങിടുക
അവരുടെ വായടപ്പിക്കുക
അവരെ നഗ്നരാക്കുക
എങ്കിലും അവർ സ്വതന്ത്രരാണ്;
അവരുടെ ജോലി ഇല്ലാതാക്കുക
അവരുടെ പാസ്പോർട്ട് പിടിച്ചുവെക്കുക
അവരുടെ തീന്മേശയും
അവർ ഉറങ്ങുന്ന കിടക്കയും എടുത്തുമാറ്റുക
എന്നാലും അവർ സമ്പന്നരാണ്;
അവരുടെ പൂർവികർ
അവരെ ഏല്പിച്ച ഭാഷയെ അപഹരിക്കുക;
ആ ജനത
ദരിദ്രരും അടിമകളുമായി തീരുന്നു.
അവർക്ക് സർവനാശം സംഭവിക്കുന്നു.

നമ്മുടെ കടകളിൽ വിറ്റുപോകുന്ന ഒരു മിഠായിയുടെ നിർമ്മാണ രഹസ്യം പോലും നമുക്കറിയില്ല. നിത്യോപയോഗത്തിന് നമ്മുടെ നാട്ടിൽ വിറ്റുപോകുന്ന ഒരു മരുന്നിന്റെ ഫോർമുല പോലും നമുക്ക് നല്കാൻ കുത്തകാധികാരം സമ്മതിക്കുന്നില്ല. പ്രാദേശികമായ വിജ്ഞാനോത്പാദനമല്ലാതെ ഇതിനെ മറികടക്കാൻ നമുക്ക് വഴിയില്ല. അതിനുള്ള പ്രധാനോപാധിയാണ് പ്രാദേശിക ഭാഷകൾ, അഥവാ മാതൃഭാഷകൾ.

(ലേഖകൻ തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറാണ് 8281128237)

നിളാതീരത്തെ വൈജ്ഞാനിക പെരുമ

ഭാഗം -2

ടി.വി.അബ്ദുറഹിമാൻകുട്ടി

ഭാരതപ്പുഴയ്ക്ക് വടക്കെകരയാണ് പഴയ വെട്ടത്തുനാട്. വിസ്തീർണം 8 കാതം. ഒരു കാതം = നാല് നാഴിക, എട്ട് കാതം = 32 നാഴികയുണ്ടായിരുന്ന ഈ കൊച്ചുരാജ്യം മഹത്തായ സാംസ്കാരിക പാരമ്പര്യമുള്ളതാണ്. ആദി ശങ്കരന്റെ പ്രഥമ ശിഷ്യൻ പത്മപാദരുടെയും എഴുത്തച്ഛന്റെയും കേരള വാത്മീകി വള്ളത്തോൾ നാരായണമേനോന്റെയും ജന്മദേശമാണിത്.

സാഹിത്യ കൃതികൾ ഈ നാടിനെ പ്രകാശഭ്ര എന്നും രാജാവിനെ പ്രകാശഭ്രപാലനെന്നും വിശേഷിപ്പിച്ചു. കൊട്ടാരക്കര തമ്പുരാൻ രാമായണ കഥയെ ആസ്പദമാക്കി സംവിധാനം ചെയ്ത കളരിയോദ്ധാക്കളുടെ നിരയിൽ നിന്ന് നടന്മാരെത്തിയിരുന്ന രാമനാട്ടത്തെ പരിഷ്ക്കരിപ്പിച്ച് കഥകളിയാക്കി പ്രോത്സാഹിപ്പിച്ചത് ഈ രാജവംശമാണ്.

നടന്മാരുടെ വാചികാഭിനയം നിർത്തൽ ചെയ്ത് മുദ്രകളോടുകൂടിയുള്ള ആംഗികാഭിനയത്തിന് പ്രാധാന്യം നൽകിയതും മുന്നണിയിൽ പാടികളിച്ചിരുന്ന രീതി മാറ്റി പാട്ടിനെ പിന്നണിയിലാക്കിയതും വർണ്ണോജ്വലമായ കിരീടങ്ങളും കുപ്പായങ്ങളും വിവിധ വർണ്ണങ്ങൾ ചാലിച്ചുള്ള മുഖപ്രസാദവും തുടങ്ങി പല നവീന പരിഷ്ക്കാരങ്ങളും ഇവർ ഏർപ്പെടുത്തിയതും ശ്രദ്ധേയമാണ്. പദങ്ങളും മറ്റും പിന്നിൽനിന്ന് പാടാൻ ഗായകന്മാരെ നിയോഗിച്ചു. പ്രധാന ഗായകന്റെ പാട്ട് പിന്നീട് പൊന്നാനിയെന്ന് പുകൾപ്പെറ്റു. തന്മൂലം നടന്മാരുടെ മുഴുവൻ ശ്രദ്ധയും അഭിനയത്തിൽ കേന്ദ്രീകരിക്കാനും പ്രയാസങ്ങൾ ലഘൂകരിക്കാനും സാധിച്ചു. കൂടിയാട്ടത്തെ അനുകരിച്ച് പച്ച, കത്തി, താടി എന്നിങ്ങനെ മുഖത്ത് തേപ്പിന് അടിസ്ഥാനമാക്കിയുള്ള വേഷ വിഭജനങ്ങൾ ഏർപ്പെടുത്തിയതും ഈ വേഷങ്ങൾക്ക് തിരനോട്ടം രൂപപ്പെടുത്തിയതും തൊപ്പിമദ്ദളത്തിന് പകരം ചെണ്ടയെ കൊണ്ടുവന്നതും തുടങ്ങി കഥകളി ചിട്ടയിൽ ദൃശ്യമാകുന്ന പ്രസിദ്ധമായ വെട്ടം സമ്പ്രദായം ഈ ദേശത്തിന്റെ സംഭാവനയാണ്. 16-ാം നൂറ്റാണ്ടിൽ ആവിർഭവിച്ച കൃഷ്ണനാട്ടമാണ് കഥകളിയുടെ പൂർവ്വ രൂപം.

ആഢ്യഗൃഹങ്ങളിൽ ഒതുങ്ങി കഴിഞ്ഞിരുന്ന ഈ കലയെ ജനകീയ കലയായി രൂപപ്പെടുത്തിയെടുക്കുന്നതിൽ ഈ തീരത്തെ

എഴുത്തച്ഛൻ തന്റെ കാലത്ത് സാമാന്യജനങ്ങളുടെ ഇടയിൽ പ്രചരിച്ചിരുന്ന മലയാള ഭാഷയിലാണ് കാവ്യങ്ങൾ നിർമ്മിച്ചത്. എന്നാൽ അവയിലും ചില പഴയ പദങ്ങളും പ്രയോഗങ്ങളും അദ്ദേഹത്തിന്റെ ജീവിതം എപ്പോളെന്നു നിർണ്ണയിക്കുവാൻ അൽപ്പാൽപം സഹായിക്കുന്നുണ്ട്.

കലാമണ്ഡലം മുഖ്യ പങ്കുവഹിച്ചു. കഥകളിക്കും കേരളീയ ദൃശ്യ-ശ്രവ്യ-കലകളുടെ വികസനത്തിനും പുരോഗതിക്കും വേണ്ടി വള്ളത്തോൾ 1930 നവംബർ 9ന് സ്ഥാപിച്ച ഈ കലാക്ഷേത്രം 2006ൽ കേരളത്തിലെ ആദ്യ കൽപ്പിത സാംസ്കാരിക സർവ്വകലാശാലയായി ഉയർത്തി. വള്ളത്തോൾ മ്യൂസിയവും ഇവിടെയാണ്.

സാമൂതിരി രാജാവായിരുന്ന മാനവേദൻ ചിട്ടപ്പെടുത്തിയ കൃഷ്ണനാട്ടം തിമർത്താടി പ്രചുരപ്രചാരം നേടിയത് ഈ പുഴയുടെയും പോഷക പ്രവാഹിനികളുടെയും തീരത്തെ സാമൂതിരിയുടെ അധീനത്തിലെ പൊന്നാനി തൃക്കാവ്, തൃക്കണ്ടിയൂർ, ആലത്തിയൂർ ഹനുമാൻ കാവ്, കേരളധീശപുരം, നിറം കൈതക്കോട്ട എന്നീ ക്ഷേത്രങ്ങളിലും മങ്കട, നെടിയിരുപ്പ്, ആലത്തിയൂർ കോവിലകങ്ങളിലുമാണ്.

എഴുത്തച്ഛൻ തന്റെ കാലത്ത് സാമാന്യജനങ്ങളുടെ ഇടയിൽ പ്രചരിച്ചിരുന്ന മലയാള ഭാഷയിലാണ് കാവ്യങ്ങൾ നിർമ്മിച്ചത്. എന്നാൽ അവയിലും ചില പഴയ പദങ്ങളും പ്രയോഗങ്ങളും അദ്ദേഹത്തിന്റെ ജീവിതം എപ്പോളെന്ന നിർണ്ണയിക്കുവാൻ അൽപ്പാൽപം സഹായിക്കുന്നുണ്ട്. (1) ചേൽക്കണ്ണി, (2) മയ്യൽ (മോഹം), (3) ഒക്കത്തക്ക, (4) വിരയേ, (5) അടയ (മുഴുവൻ), (6) മുനിവു (കോപം), (7) ഇകലിൽ (യുദ്ധത്തിൽ), (8) മറുകി (തിളച്ചു), (9) ഇടർ (ദുഃഖം), (10) ഉമ (സത്യം) മുതലായ പദങ്ങളും (1) എവിടത്തു പാർത്ഥൻ, (2) ജീവിക്കയിൽ, (3) സത്യമായ് വന്നതാവു, (4) ശുശ്രൂഷ ചെയ്തു ഞായം, (5) സാദരം നൽകു പിതൃക്കൾക്കും, (6) ഭക്തന്മാർ വിഷയമായ്, (7) രാക്ഷസരാജാവായ രാവണഭഗിനി ഞാൻ, (8) കീകസാത് മജകലനാശകാരിണിയായേ, (9) കാടിതു കണ്ടായോ നീ തുടങ്ങിയ പ്രയോഗങ്ങളും നോക്കുക. ഉപോത്തമമായ പ്രയോഗത്തിൽ കാണുന്ന 'ഏ' എന്ന പാദ പൂരകമായ നിപാതം നിരണംകവികളുടെ കാലത്ത് പ്രചുരപ്രചാരമാ യിരുന്നു: എഴുത്തച്ഛന്റെ കാലത്തും അതിന് അങ്ങിങ്ങു പ്രവേശമുണ്ടായി രുന്നതായി കാണുന്നുണ്ട്. ആകെക്കൂടി ഭാഷാഗതി നോക്കിയാൽ എഴുത്തച്ഛൻ കൊല്ലം എട്ടാം ശതകത്തിലാണ് ജീവിച്ചിരുന്നതെന്നു സ്പഷ്ടമാകും.

പതിനാറും പതിനേഴും നൂറ്റാണ്ടുകളിലെ കേരളത്തിന്റെ വൈജ്ഞാനിക പാതയിലൂടെ സഞ്ചരിച്ചാൽ ആരെയും ഹർഷപുളകിതരാക്കുന്നതാണ് ഈ തീരത്തിന്റെ അക്ഷര പെരുമ. പൗരാണിക ഭാരതീയ നദീതട സംസ്കാരത്തിൽ നിന്നുൽഭവിച്ച വൈജ്ഞാനിക ചരിത്രം ഏതാനും വിഭാഗത്തിൽ മാത്രമൊതുങ്ങി ഗവേഷണ വിധേയമായിരുന്നെങ്കിൽ ഇതിൽ നിന്നും വിഭിന്നമായി വിശാലമായ വൈജ്ഞാനിക സാംസ്കാരിക പൈതൃകം ഈ കാലഘട്ടത്തിൽ നിളാതീരം നമുക്ക് നൽകിയിട്ടുണ്ട്. വടക്കെക്കര തിരൂരിൽ ഭാഷാപിതാവായ എഴുത്തച്ഛൻ മലയാള ഭാഷയ്ക്ക് പുതുലിപികൾ നൽകി ഭാഷാപരിഷ്കരണം നടത്തി. വൈജ്ഞാനിക ആത്മീയ മേഖലയെ സമ്പുഷ്ടമാക്കി. കിഴക്കെകരയിൽ തിരുന്നാവായക്കരികെ ചന്ദനക്കാവിൽ പ്രശസ്ത കവി മേൽപ്പത്തൂർ നാരായണ ഭട്ടതിരി ഗോശ്രീ നഗര വർണ്ണനവും നാരായണീയവും ഗുരുവായൂർ മാഹാത്മ്യവും അൽപം അകലെ പെരിന്തൽമണ്ണക്കടുത്ത് പൂന്താനം നമ്പൂതിരി ജ്ഞാനപ്പാനയും രചിച്ച് ചരിത്രവും ദൈവീക സ്മരണയും സമന്വയപ്പിച്ച് സ്ഥിര പ്രതിഷ്ഠ നേടുകയും തെക്കെകരയിലെ പൊന്നാനി നഗരത്തിൽ മഖ്ദൂമുകളിൽ ഏറ്റവും പ്രഗൽഭരായ ശൈഖ് സൈനുദ്ദീൻ ഒന്നാമനും മകൻ അല്ലാമ അബ്ദുൽ അസീസും പൗത്രൻ ശൈഖ് സൈനുദ്ദീൻ രണ്ടാമനും വിജ്ഞാനത്തേയും സംസ്കാരത്തെയും അറബിഭാഷയെയും അറബി-മലയാളം സാഹിത്യത്തെയും പരിപോഷിപ്പിക്കുകയും ചെയ്തത് ഇതേ കാലഘട്ടത്തിലാണ്. ഭാഷാ സാഹിത്യത്തിലും വിവിധ വിജ്ഞാന രംഗത്തും ആത്മീയ മേഖലയിലും ഋഷി തുല്യരായ മഹാജ്ഞാനികൾക്ക് ഒരു പ്രദേശം ഒരേ കാലഘട്ടത്തിൽ ജന്മം നൽകി എന്ന അനുപമ പൈതൃകം അവകാശപ്പെടാൻ ഈ പ്രദേശത്തിനല്ലാതെ മറ്റേത് ദേശത്തിനാണ് അർഹത. എ ഡി 1500 നും 1650 നും ഇടയിൽ പൊന്നാനി കേന്ദ്ര ബിന്ദുവായി അർദ്ധഗോളാകൃതിയിൽ 30 കിലോമീറ്ററിനുള്ളിൽ കാലം സമന്വയിപ്പിച്ച തിളക്കമാർന്ന ഈ അസാമാന്യ പ്രതിഭാ സംഗമം ഇതിനുമുമ്പോ പിമ്പോ കേരളത്തിൽ മറ്റെവിടെയും രൂപപെട്ടിട്ടില്ല എന്ന യാഥാർത്ഥ്യം ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക തനിമയെയും പെരുമയെയും അതുല്യമാക്കുന്നു.

'സാംസ്കാരിക ജീർണ്ണത' സ്വയം കുഴിച്ചിട്ടിരുന്ന ശവക്കുഴിയിലേക്ക് കേരളത്തെ തള്ളിയിടാൻ പോർച്ചുഗീസുകാരുടെ മൃഗീയ മർദ്ദനം തയ്യാറെടുത്ത കാലഘട്ടം കേരള ചരിത്രത്തിൽ ശ്രദ്ധേയമായ ഒരദ്ധ്യായമായി അവശേഷിക്കുന്നു. ഈ തകർച്ചയിൽനിന്നും നാടിനെ രക്ഷിച്ചത് കേരളത്തിലെ നവോത്ഥാന പ്രതിനിധികളായ എഴുത്തച്ഛനും ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമനും പൂന്താനവുമാണെന്ന് പ്രമുഖ ചരിത്ര പണ്ഡിതൻ പ്രൊഫ: ഇളംകുളം കുഞ്ഞൻ പിള്ള പറയുന്നു.

ശുദ്ധമായ മലയാളം നിളാതീരത്തെ വള്ളുവനാട്ടിലാണെന്നാണ് പരക്കെ ചൊല്ല്. മാപ്പിള മലയാളം പിറന്നതും പിച്ചവെച്ച് വളർന്നതും പൊന്നാനിയിലും കോഴിക്കോട്ടുമാണെങ്കിൽ പടർന്ന് പന്തലിച്ച് വ്യാപക പ്രചാരം നേടിയത് ഏറനാട്ടിലും വടക്കെ മലബാറിലുമാണ്.

(തുടരും)

ഈ തകർച്ചയിൽ നിന്നും നാടിനെ രക്ഷിച്ചത് കേരളത്തിലെ നവോത്ഥാന പ്രതിനിധികളായ എഴുത്തച്ഛനും ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമനും പൂന്താനവുമാണെന്ന് പ്രമുഖ ചരിത്ര പണ്ഡിതൻ പ്രൊഫ: ഇളംകുളം കുഞ്ഞൻപിള്ള പറയുന്നു.

വായിച്ചിരിക്കേണ്ട പുസ്തകം

പ്രത്യുല്പാദനപരതയുടെ അപചയം

ഡി യേശുദാസ്

യു ആർ അനന്തമൂർത്തി ഇന്ത്യൻ എഴുത്തിലെ ഉജ്ജ്വല സാന്നിധ്യമാണ്. അദ്ദേഹത്തിന്റെ 'സംസ്കാര' ഇന്ത്യൻ സാഹിത്യത്തിൽ അനിഷേധ്യസ്ഥാനമുള്ള നോവലാണ്. ഒരു അടഞ്ഞ സമൂഹത്തിന്റെ ദുരന്ത ഹാസ്യത്തെ തീവ്രമായി അവതരിപ്പിക്കുന്ന ഈ പുസ്തകം ആധുനീകരണത്തിന്റെ ഇന്ത്യൻ സാഹചര്യത്തിലാണ് രചിക്കപ്പെട്ടത്. 1965 ൽ പുറത്തിറങ്ങിയ ഈ നോവൽ 1930 - 40 കാലഘട്ടമാണ് പ്രമേയ പശ്ചാത്തലമായി സ്വീകരിച്ചിരിക്കുന്നത്. കന്നടക്കാരനായ അനന്തമൂർത്തി അവിടുത്തെ ബ്രാഹ്മണ അഗ്രഹാരത്തിലെ ജീവിതം എഴുതിക്കൊണ്ടാണ് കറുത്ത ഫലിതത്തെ സാധ്യമാക്കിയിരിക്കുന്നത്.ഇന്ത്യയാകെ നവോത്ഥാന ശ്രമങ്ങൾക്ക് വിധേയപ്പെടുന്ന, സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊള്ളുന്ന, നവീകരണപ്രസ്ഥാനങ്ങൾ സജീവമാകുന്ന ഒരു കാലത്ത് അതിൽ നിന്നെല്ലാം ഒറ്റപ്പെട്ടു കിടക്കുന്ന ബ്രാഹ്മണസമൂഹത്തിന്റെ ജഡതയിലേക്ക് വിരൽ ചൂണ്ടുന്നിടത്താണ് നോവൽ ഇരുണ്ട ഹാസ്യം നിർമ്മിച്ചിരിക്കുന്നത്.

ഒരു സമൂഹത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ പ്രത്യുല്പാദനപരതയുടെ അപചയമാണ് യഥാർത്ഥത്തിൽ ഈ നോവൽ അവതരിപ്പിക്കുന്ന ദുരന്തം. ആ ദുരന്തഹേതു എന്നത് പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളിൽ ഒരു സമൂഹം അഭിരമിക്കുന്നതിനാൽ സംഭവിക്കുന്നതാണ്. പാരമ്പര്യയുക്തി ആധുനികയുക്തിക്കു നിരക്കാത്തതാകുന്നിടത്താണ് ചിരിയുണ്ടാക്കുന്നത്. അതായത് ഒരു ദുരന്തമുണ്ടാവുകയും ആ ദുരന്തം യുക്തിക്കു ചേരാതിരിക്കുകയും ചെയ്യുന്നിടത്ത് സംഭവിക്കുന്ന ദുരന്തഹാസ്യം അഥവ കറുത്ത ഫലിതം ഈ നോവലിനെ സവിശേഷമാക്കിയിരിക്കുന്നു.

ആധുനിക ശാസ്ത്രയുക്തികളൊന്നും കടന്നു വരാത്ത ഒരഗ്രഹാരം. അവിടെ ഉണരുന്നതു മുതൽ ഉറങ്ങുന്നതു വരെ എല്ലാ കർമ്മങ്ങളും ഈശ്വരാരാധനയായി കണ്ട് ആചാരാനുഷ്ഠാനങ്ങളിൽ മുഴുകിയ ഒരു കൂട്ടം ആൾക്കാർ. അവരെ പുരാണ കഥാഖ്യാനത്തിലൂടെ ആധ്യാത്മിക ജീവിതത്തിന് പ്രബോധിപ്പിക്കുന്ന പ്രാണേശാചാര്യർ. അവരുടെ സംശയങ്ങളുടെ നിവൃത്തിക്ക് ഏക കേന്ദ്രമാണ് ഈ വേദപണ്ഡിതനായ മനുഷ്യൻ. അയാൾ രോഗിയായ ഭാര്യയെ ശുശ്രൂഷിച്ചു കഴിയുന്നു. അവളെ അണുവിടവില്ലാതെ പരിചരിക്കുന്നതിലാണ് അയാളുടെ സായൂജ്യം. അങ്ങനെയൊരു സ്ത്രീയെ ഭാര്യയാക്കിയതു തന്നെ തന്റെ ആധ്യാത്മിക വ്യക്തിത്വത്തെ കൂടുതൽ കൂടുതൽ തിളക്കമുള്ളതാക്കാനാണ്. ഭൗതിക ജീവിതത്തിലെ സന്തോഷങ്ങളെ നിഷ്ക്കരുണം ഉപേക്ഷിക്കാനും അതിലൂടെ കൈവരുമെന്നു കരുതുന്ന ഔന്നത്യത്തെ പ്രാപിക്കാനാണ് പ്രാണേശാചാര്യർക്ക് താൽപര്യം. എന്നാൽ ഇതിനെ നഖശിഖാന്തം പരിഹസിച്ചു കഴിയുന്ന നാരണപ്പയാണ് അയാളുടെ ഒരേയൊരു വെല്ലുവിളി. നാരണപ്പ കുടിയനാണ്. വിശുദ്ധമായ കുളത്തിലെ മീൻ കറിവച്ചു തിന്നുന്നവനാണ്. മുസ്ലീങ്ങളെ വീട്ടിൽ വിളിച്ചു കയറ്റുന്നവനാണ്. ഇറച്ചി തിന്നുന്നവനാണ്. മാത്രവുമല്ല, വകയ്ക്കു കൊള്ളാത്ത തന്റെ ഭാര്യയെ ഉപേക്ഷിച്ച് ചന്ദ്രിയെന്ന ദളിത് വേശ്യയെ കൂടെ പൊറുപ്പിക്കുന്നവനാണ്. അയാളെ സമുദായ ഭ്രഷ്ടനാക്കാൻ പ്രാണേശാചാര്യരുടെ ധാർമിക ബോധം, പക്ഷെ അനുവദിച്ചില്ല.

ഇപ്പോൾ, ശരിക്കും വലിയൊരു പ്രതിസന്ധി സംഭവിച്ചിരിക്കുകയാണ്. നാരണപ്പ മരിച്ചിരിക്കുന്നു. മതാചാരങ്ങൾ നിഷേധിച്ചു ജീവിച്ച നാരണപ്പ ബ്രാഹ്മണ്യത്തിന് അകത്തോ പുറത്തോ എന്ന സമസ്യ രൂപംകൊണ്ടു. അഗ്രഹാരത്തിലെ മറ്റു ബ്രാഹ്മണ പ്രമുഖർ പ്രാണേശാചാര്യയുടെ വിധിക്കു വേണ്ടി കാത്തു. അഗ്രഹാരത്തിലൊരാൾ മരിച്ചാൽ ശവസംസ്കാരം കഴിഞ്ഞാലേ ഭക്ഷണം കഴിക്കാവൂ എന്നുണ്ട് വ്യവസ്ഥ. കീറാ

> സ്വന്തം സമുദായത്തിന്റെ യാഥാസ്ഥിതികതയെ ആക്രമിക്കുകയാണ് യു ആർ അനന്തമൂർത്തി ചെയ്യുന്നത്. അത് ഇന്ത്യൻ ബ്രാഹ്മണിക പാരമ്പര്യത്തിന്റെ പരിണാമവിമുഖതയെ രൂക്ഷമായി പരിഹസിക്കുന്നു.



മുട്ടി പരിഹരിക്കാനായി ആചാര്യർ ഗ്രന്ഥങ്ങൾ പരതി. ഹനുമാൻ കോവിലിൽ പോയി വ്രതമിരുന്നു. ഒരിടത്തു നിന്നും ഉത്തരം കിട്ടിയില്ല. ശവം അഗ്രഹാരത്തിൽ ചീയാൻ തുടങ്ങി. എന്നാൽ, ഉത്തരം കിട്ടാതെ വലഞ്ഞ ആചാര്യർ രാത്രി നാരണപ്പയുടെ വേശ്യ ചന്ദ്രിയുമായി സംഭോഗത്തിലേർപ്പെടാൻ ഇടയാവുകയും അഗ്രഹാരത്തിലുള്ള തന്റെ ആചാര്യ പദവിയുടെ യോഗ്യതയിലുള്ള വിശ്വാസം തകരുകയും ചെയ്തു. വീട്ടിലെത്തിയ ആചാര്യർക്ക് തന്റെ ഭാര്യയുടെ മരണത്തെയും നേരിടേണ്ടി വന്നു. അതോടെ, സംശയങ്ങളുടെ ചുഴിയിൽപ്പെട്ട് ആകെ ഉലയുകയും തന്റെ സാംഗത്യത്തിൽ സംശയാലുവാകുകയും ചെയ്തതോടെ അയാൾക്ക് അവിടം വിട്ടു പലായനം ചെയ്യുന്നതാണ് ഉചിതം എന്നു തോന്നി, യാത്രയായി.

ഇതിനിടെ ചന്ദ്രി ഒരു മുസ്ലീമിന്റെ സഹായത്തോടെ നാരണപ്പയെ സംസ്കരിച്ചത് ആരും അറിഞ്ഞതുമില്ല. പലായനം പ്രാണേശാചാര്യരെ പലതും പഠിപ്പിച്ചു. പുറം ലോകമെന്താണ് എന്നൊരു ധാരണ രൂപീകരിക്കാനും തന്റെ അസ്തിത്വ സംബന്ധിയായ സംഘർഷങ്ങളെ മെരുക്കാനും അയാൾക്കായി. ഒരു പുതിയ മനഷ്യനായി അഗ്രഹാരത്തിലേക്ക് തിരിക്കുന്നിടത്തു വച്ച് നോവൽ അവസാനിക്കുന്നു.

നോവലിന്റെ മുഴുവൻ ചലനത്തെയും സാധ്യമാക്കുന്നത് നാരണപ്പയാണ്. ഒരർത്ഥത്തിൽ അയാൾ ഒരു വിപ്ലവകാരിയാണ്, ചെറുപ്പക്കാരെ അയാൾ സ്വാധീനിച്ചു. അടഞ്ഞുപോയി ജഡതയിലമർന്ന സാമൂഹികാവസ്ഥയിൽ നിന്ന് പുറത്തു കടക്കാൻ നാരണപ്പ പുതിയ തലമുറയെ പ്രേരിപ്പിച്ചു. ജീവിതത്തെ, ഒറ്റ ജീവിതം മാത്രമായ ജന്മത്തെ കൂടുതൽ ആനന്ദാധിഷ്ഠിതമായി സമീപിക്കുന്നതിൽ തല്പരനായിരുന്നു അയാൾ. ഇത് അഗ്രഹാരത്തിലെ ആചാരബദ്ധമായ ജീവിതത്തെ അസ്ഥിരപ്പെടുത്തി. പ്രാണേശാചാര്യരുടെ ആധികാരികത ഒരു വ്യാജ നിർമിതിയാണെന്ന നാരണപ്പയുടെ നിലപാടിനെ മാറ്റി മറിക്കാൻ ആയില്ല എന്നു മാത്രമല്ല, ആചാര്യർ കൂടുതൽ പ്രതിസന്ധികളിലേക്ക് വഴുതി വീഴുകയും ചെയ്തു. ഈ നിലയ്ക്ക് നാരണപ്പയ്ക്ക് നോവലിലെ നായകത്വം കൈവരുന്നുണ്ട്. എന്നാൽ നോവലിൽ ഉടനീളം ക്രിയാ ബന്ധിയായി നിലനില്ക്കയാൽ പ്രാണേശാചാര്യർക്കും നായകത്വം പറയാവുന്നതാണ്. ഈ ഇരട്ട നായകത്വം സംസ്കാര എന്ന നോവലിന്റെ ആന്തരിക സൗന്ദര്യത്തെ കൂടുതൽ ആസ്വാദ്യമാക്കുന്നു.

ഇന്ത്യൻ ആദ്ധ്യാത്മികതയുടെ ഒരു മുഖം അതിന്റെ സ്ത്രീ വിരുദ്ധതയാണ്. സ്ത്രീ പുരുഷന്റെ മോക്ഷത്തിനെ തടസപ്പെടുത്തുന്ന സാന്നിധ്യമായി കണ്ടിരുന്നതിനാൽ സ്ത്രീയെ വർജ്ജിക്കുന്ന ഒരു പാരമ്പര്യം നമുക്കു കാണാം. 'പാപോഹം, പാപകർമോഹം, പാപാത്മാ, പാപസംഭവ' എന്നിങ്ങനെ ആത്മനിന്ദയുടെ ഒരു തലം ലൈംഗിക ഭീതിയുമായി ബന്ധപ്പെടുത്തി നിലനിന്നിരുന്നു, സെക്സ് പാപം തന്നെ എന്ന നിലയ്ക്ക് സ്ത്രീ ലൈംഗികത പുരുഷനെ ദുർബലപ്പെടുത്തുന്നു എന്ന ചിന്തയുടെ അടിസ്ഥാനത്തിലാണ്പ്രാണേശാചാര്യർ രോഗിയായ ഭാര്യയെ മാംസാതീത സംവർത്തിയായി പരിചരിക്കുന്നത്. അയാൾക്ക് സ്ത്രീ ലൈംഗികോപാധിയല്ല, മോക്ഷോപാധിയാണ്. എന്നാൽ നാരണപ്പയ്ക്ക് സ്ത്രീ ജീവിതാസ്വാദനത്തിന്റെ മൂർത്ത വസ്തുവാണ്. ഇത്, പാരമ്പര്യ സങ്കല്പത്തിൽ നിന്നുള്ള വിച്ഛേദമാണ്. പ്രാണേശാചാര്യരും ചന്ദ്രിയെ അറിയുന്നതോടെ തന്റെ പരിവർത്തനത്തിന്റെ ഉറവിടം ലൈംഗികതയാണെന്ന് തിരിച്ചറിയുന്നു. ആധുനികത എഴുത്തുപ്രസ്ഥാനമെന്ന നിലയിൽ മൊത്തത്തിൽ പുരുഷാസ്തിത്വത്തിന്റെയും പുരുഷ വിമോചനത്തിന്റെയും മൂർത്തിയായി സ്ത്രീയെ അവതരിപ്പിക്കുന്നത് കാണാം. സ്ത്രീ പ്രകൃതിയുടെ തനതാവിഷ്കാരമായി കാണുന്ന ഒരു രീതി ഇതിൽ അന്തർലീനമാണ്. സ്ത്രീയില്ലാതെ ജീവിതം സാധ്യമല്ലെന്ന ബോധ്യം ശക്തമാണ്. എന്നാൽ സ്ത്രീ പുരുഷന്റെ ഒരു ഉപകരണം എന്ന നിലയ്ക്കല്ലാതെ സ്വന്തം സ്ഥാനം നിർണയിക്കുന്ന കാഴ്ച ഇവിടെ ഇല്ല എന്നത് ഒരു പരിമിതിയുമാണ്.

അനന്തമൂർത്തി ഒരഭിമുഖത്തിൽ പറഞ്ഞത് പ്രാണേശാചാര്യരും നാരണപ്പയും ഒരേ നാണയത്തിന്റെ രണ്ടു വശമാണെന്നാണ്. ഒരാൾ ലൗകിക ജീവിത നിഷേധിയും മറ്റേയാൾ ആധ്യാത്മിക ജീവിത നിഷേധിയും. രണ്ടു പേരും ആ നിലയ്ക്ക് വിജയിച്ചു എന്ന് പറയാനുള്ള നോവൽസാക്ഷ്യം ഇല്ലെന്നു തന്നെ പറയാം.

പ്ലേഗ് ബാധ ഈ നോവലിന്റെ വായനയെ നിർണയിക്കുന്ന പ്രധാന സംഭവമാണ്. ശുദ്ധിബോധം ജാതി വ്യവസ്ഥയുടെ നാരായവേരാണ്. പ്ലേഗ് ബാധ ഈ ശുദ്ധി ബോധത്തെ ആക്രമിക്കുന്നതായി കാണാം.എലികൾ കൂട്ടത്തോടെ ചത്തൊടുങ്ങി, ചീഞ്ഞളിഞ്ഞ് ദുർഗന്ധം പരത്തി. കഴുകന്മാർ അഗ്രഹാരത്തിനു മുകളിൽ തമ്പടിച്ചു. നാരണപ്പയുടെ ഉൾപ്പെടെ നിരവധി മരണങ്ങൾ സംഭവിച്ചു. ഇത് ശുദ്ധിബോധത്തിൽ നിന്നും ശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന വൃത്തിബോധത്തിലേക്കുള്ള ചൂണ്ടുപലകയാണ്. നോവലിനെ സംബ

ആധുനികത എഴുത്തുപ്രസ്ഥാനമെന്ന നിലയിൽ മൊത്തത്തിൽ പുരുഷാസ്തിത്വത്തിന്റെയും പുരുഷ വിമോചനത്തിന്റെയും മൂർത്തിയായി സ്ത്രീയെ അവതരിപ്പിക്കുന്നത് കാണാം. സ്ത്രീ പ്രകൃതിയുടെ തനതാവിഷ്കാരമായി കാണുന്ന ഒരു രീതി ഇതിൽ അന്തർലീനമാണ്. സ്ത്രീയില്ലാതെ ജീവിതം സാധ്യമല്ലെന്ന ബോധ്യം ശക്തമാണ്. എന്നാൽ സ്ത്രീ പുരുഷന്റെ ഒരു ഉപകരണം എന്ന നിലയ്ക്കല്ലാതെ സ്വന്തം സ്ഥാനം നിർണയിക്കുന്ന കാഴ്ച ഇവിടെ ഇല്ല എന്നത് ഒരു പരിമിതിയുമാണ്.



യു ആർ അനന്തമൂർത്തി

(1932-2014)

ജനനം: 1932 ഡിസംബർ 21
കന്നട എഴുത്തുകാരൻ, വിദ്യാഭ്യാസ വിചക്ഷണൻ, ജ്ഞാനപീഠ ജേതാവ്.
കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ആയിരുന്നു.
ഘട ശ്രാദ്ധ, ബാര, സംസ്കാര, ഭാരതീപുര, അവസ്ഥ എന്നിവ പ്രധാന കൃതികൾ.
മരണം : 2014 ആഗസ്റ്റ് 22

ഡിച്ചിടത്തോളം ഇത് സാമൂഹിക ജീർണ്ണതയുടെയും സ്വത്വ നാശത്തിന്റെയും പ്രതീകമായിത്തീരുന്നു. സംസ്കാര എന്ന നോവൽ ശീർഷകം ജീർണിച്ചു പോയ ഒരു സമുദായത്തിന്റെ സംസ്കാരത്തെയും നാരണപ്പയുടെ ശവസംസ്കാരത്തെയും പ്രാണേശാചാര്യരുടെ വ്യക്തിത്വം സംസ്കരിക്കപ്പെടുന്നതിന്റെയും അടയാളങ്ങൾ പേറി ബഹുമുഖമായിരിക്കുന്നു.

സ്വന്തം സമുദായത്തിന്റെ യാഥാസ്ഥിതികതയെ ആക്രമിക്കുകയാണ് യൂ ആർ അനന്തമൂർത്തി ചെയ്യുന്നത്. അത് ഇന്ത്യൻ ബ്രാഹ്മണിക പാരമ്പര്യത്തിന്റെ പരിണാമവിമുഖതയെ രൂക്ഷമായി പരിഹസിക്കുന്നു. ബർഗ് മാന്റെ സെവന്ത് സീൽ എന്ന സിനിമയിൽ അവതരിപ്പിക്കുന്ന ക്രൈസ്തവ ആത്മീയതയുടെ ക്രൈസിസ് ഇത്തരത്തിൽ ഇന്ത്യൻ ആത്മീയതയുടെ ക്രൈസിസ് അവതരിപ്പിക്കുന്നതിലേക്ക് അനന്തമൂർത്തിയെ നയിച്ചതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ബഹുസ്വരതയുടെ നാടായ ഇന്ത്യനവസ്ഥയിൽ ബ്രാഹ്മണിക സമൂഹത്തിന്റെ ഈ അസ്തിത്വ പ്രശ്നത്തിന് സവിശേഷ പ്രാധാന്യമുണ്ട്. സാർത്രിന്റെയും നീത് റഷയുടെയും ആൽബേർട്ട് കാമുവിന്റെയും മനുഷ്യദർശനങ്ങളോട് ഈ നോവലിനുള്ള അടുപ്പവും എടുത്തു പറയേണ്ടതാണ്.

(പംക്തികാരൻ കവിയും അധ്യാപകനുമാണ്. 94464 58166)

ഭരണഭാഷാ വർഷാഘോഷം ഒരു വർഷം കൂടി ദീർഘിപ്പിച്ചു

കേരളത്തിന്റെ 61-ാം വാർഷികവേളയിൽ ഭരണഭാഷാ വർഷാഘോഷം 2017 നവംബർ 1 മുതൽ 2018 ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായി. പ്രസ്തുത കാലയളവിൽ പ്രത്യേക കർമ്മപരിപാടി തയ്യാറാക്കി ഭാഷാമാറ്റ പ്രവർത്തനങ്ങൾ തുടരേണ്ടതാണെന്നും ഔദ്യോഗികഭാഷ സംബന്ധിച്ച് സംസ്ഥാനത്ത് ഭരണഭാഷ പൊതുഭാഷയായ മാതൃഭാഷയിലാണെന്ന് ഉറപ്പു വരുത്തേണ്ടതും ആയതിലേക്കുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത നടപടി റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്നും സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾക്കും എല്ലാ സർക്കാർ വകുപ്പുകൾക്കും ജില്ലാ കളക്ടറേറ്റുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ/ അർദ്ധസർക്കാർ/ സ്വയംഭരണ/ സഹകരണസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

കില ന്യൂസ്

'ജില്ലാപദ്ധതികൾ ഡിസംബറിൽ സമർപ്പിക്കണം'

ജില്ലാപദ്ധതികൾ ഡിസംബറിൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കണമെന്ന് സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാൻ ഡോ.വി.കെ രാമചന്ദ്രൻ നിർദ്ദേശിച്ചു. ജില്ലാപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ആസൂത്രണസമിതി അംഗങ്ങളുടെയും ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റ് അംഗങ്ങളുടെയും സംസ്ഥാനതല ശില്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. ഇന്ത്യാഗവൺമെന്റ് പഞ്ചവത്സരപദ്ധതി ഉപേക്ഷിച്ചുവെങ്കിലും സംസ്ഥാന സർക്കാർ ആസൂത്രണ പ്രക്രിയയുമായി മുന്നോട്ടു പോവുകയാണ് എന്ന് അദ്ദേഹം പറഞ്ഞു.

ജില്ലാപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല ശിൽപ്പശാല സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാൻ ഡോ.വി.കെ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

ആസൂത്രണബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാൽ, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ ചെയർമാൻ വി.കെ.മധു, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ എന്നിവർ പങ്കെടുത്തു.

നഗരശുചിത്വപദ്ധതി :പരിശീലനം തുടങ്ങി

നഗരശുചിത്വ പദ്ധതി തയ്യാറാക്കുന്നതിനായി നഗരസഭകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും രണ്ടുദിവസത്തെ പരിശീലനപരിപാടി കിലയിൽ സംഘടിപ്പിച്ചു. ജർമ്മൻ സർക്കാർ സ്ഥാപനമായ ജി.ഐ.ഇസഡിന്റെയും ശുചിത്വമിഷന്റെയും സഹകരണത്തോടെ കിലയാണ് പരിശീലനം സംഘടിപ്പിച്ചത്.

അധികാരവികേന്ദ്രീകരണം: അന്തർദേശീയ പരിശീലനപരിപാടി

ജനാധിപത്യ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന അന്തർദേശീയ പരിശീലന പരിപാടി കിലയിൽ സംഘടിപ്പിച്ചു. ഇന്ത്യയ്ക്കു പുറമെ അഫ്ഘാനിസ്ഥാൻ, ബംഗ്ലാദേശ്, ഭൂട്ടാൻ, കമ്പോഡിയ, ലാവോസ്, മംഗോളിയ ,മ്യാൻമർ, ശ്രീലങ്ക എന്നിവിടങ്ങളിൽനിന്നുള്ള പ്രതിനിധികളാണ് പരിശീലനത്തിൽ പങ്കെടുത്തത്.

അധികാരവികേന്ദ്രീകരണത്തിൽ കേരളത്തിന്റെ അനുഭവപാഠങ്ങളെക്കുറിച്ചു പഠിക്കുകയാണ് പരിശീലനത്തിന്റെ മുഖ്യലക്ഷ്യം.

ആവശ്യാധിഷ്ഠിത പരിശീലനം

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രത്യേക സാഹചര്യവും പ്രശ്നങ്ങളും പരിഗണിച്ച് വ്യക്തമായ ലക്ഷ്യത്തിലൂന്നി കർമ്മോന്മുഖമായ പ്രത്യേക പരിശീലന പരിപാടികൾ ആവശ്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവ നൽകുവാൻ 'കില' തയ്യാറെടുക്കുന്നു. താല്പര്യമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ കിലയുമായി ബന്ധപ്പെടേണ്ടതാണ്. വിശദവിവരങ്ങളും അപേക്ഷാഫോറവും കില വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാദേശിക പഠന ഗവേഷണ പരിപാടി

പ്രാദേശിക ഭരണവും വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശാസ്ത്രീയമായി പഠിക്കുവാനും ഗവേഷണം നടത്തുവാനും താല്പര്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും കിലയിലേക്ക് ക്ഷണിക്കുന്നു. താല്പര്യമുള്ളവർ ബയോഡാറ്റ സഹിതം കിലയിലേക്ക് അപേക്ഷ അയ്ക്കുക. അപേക്ഷാഫോറങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

അധികാരവികേന്ദ്രീകരണവും പ്രാദേശിക ഭരണവും സന്നദ്ധസംഘടനകൾക്കുള്ള പരിശീലനം

അധികാരവികേന്ദ്രീകരണവും പ്രാദേശിക ഭരണവും സംബന്ധിച്ച് സന്നദ്ധസംഘടനകൾക്കുള്ള പരിശീലനപരിപാടിക്ക് കില തുടക്കം കുറിക്കുകയാണ്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ള സന്നദ്ധസംഘടനകൾക്ക് കില

വയോജന സൗഹൃദജില്ല: കൂടിയാലോചനാശില്പശാല

സംസ്ഥാനം നേരിടുന്ന പ്രധാനപ്പെട്ട സാമൂഹ്യ-സാമ്പത്തിക വെല്ലുവിളിയാണ് വയോജനങ്ങളുടെ പ്രശ്നമെന്ന് മുൻ ചീഫ് സെക്രട്ടറി എസ്.എം വിജയാനന്ദ്. തൃശ്ശൂർ ജില്ലയെ വയോജനസൗഹൃദ ജില്ലയാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച കൂടിയാലോചന ശില്പശാലയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം. കേരളത്തിൽ 50 ലക്ഷത്തിലേറെ പേർ വയോജനങ്ങളാണ്. അതിൽ 20 ശതമാനം പേർ എൺപതു കഴിഞ്ഞവരുമാണ്. ഇവരെ സഹായിക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾക്കു മുഖ്യ പങ്കുവഹിക്കാൻ കഴിയും. പദ്ധതി വിഹിതമായ 6500 കോടി രൂപയിൽ അഞ്ചുശതമാനം വയോജനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളതാണ്, അദ്ദേഹം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണവും ജില്ലാ കലക്ടർ ഡോ.എ.കൗശികൻ ആശയാവതരണവും നടത്തി.

ജില്ലാപഞ്ചായത്തും കിലയും കോസ്റ്റ്ഫോഡും സംയുക്തമായാണ് ശില്പശാലയ്ക്കു നേതൃത്വം നൽകിയത്. മുതിർന്ന പൗരന്മാരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്കു പരിഹാരം കാണുകയാണ് ശില്പശാലയുടെ ലക്ഷ്യം.

വയോജന സൗഹൃദജില്ല :കിലയിൽ സംഘടിപ്പിച്ച കൂടിയാലോചന ശില്പശാലയിൽ മുൻ ചീഫ് സെക്രട്ടറി എസ്.എം വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തുന്നു.

വെബ്സൈറ്റിൽ നല്കിയിരിക്കുന്ന പ്രൊഫോർമ പൂരിപ്പിച്ച് കിലയിലേക്ക് അയയ്ക്കേണ്ടതാണ്.

ആന്ധ്രപ്രദേശ് ജില്ലാപഞ്ചായത്ത് അംഗങ്ങൾ കിലയിൽ

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനവും വികേന്ദ്രീകൃതാസൂത്രണവും പഠിക്കുന്നതിന് ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം ജില്ലാപഞ്ചായത്തംഗങ്ങൾ കില സന്ദർശിച്ചു. ജില്ലാപഞ്ചായത്ത് ചെയർപേഴ്സൺ ലാലം ഭവാനിയുടെ നേതൃത്വത്തിലുള്ള സംഘത്തിൽ 40 ജനപ്രതിനിധികളുണ്ടായിരുന്നു. ജനപ്രതിനിധികൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ ഡോ.സണ്ണി ജോർജ്, പി.വി.രാമകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു. കെ.കെ.ബാബു സ്വാഗതമാശംസിച്ചു.ജില്ലാപഞ്ചായത്തംഗങ്ങൾ പുതുക്കാട് ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും സന്ദർശിച്ചു.

ബാലസൗഹൃദജില്ല: പ്രോജക്ടിന്റെ രൂപരേഖയായി

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള ബാലസൗഹൃദ ജില്ലാപരിപാടിയുടെ മുഖ്യ പ്രോജക്ടായ ഡിസെബിലിററി റിസോഴ്സ് സെന്ററിന്റെ (ഡി.ഡി.ആർ.സി) രൂപരേഖ, ഇതുമായി ബന്ധപ്പെട്ട സാങ്കേതിക ഉപദേശകസമിതിയിൽ അവതരിപ്പിച്ചു.കിലയാണ് സാങ്കേതികസമിതിക്കു നേതൃത്വം നൽകുന്നത്. സമിതിയിൽ മുഖ്യാതിഥിയായി പങ്കെടുത്ത ആരോഗ്യസർവകലാശാല വൈസ് ചാൻസിലർ എം.കെ.സി.നായർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനരീതിയും ലക്ഷ്യവും എപ്രകാരമായിരിക്കണമെന്നു നിർദ്ദേശിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ അദ്ധ്യക്ഷതവഹിച്ചു.

നീലേശ്വരം നഗരസഭ സമ്പൂർണ ഇ-ഗവേണൻസിലേക്ക്

നീലേശ്വരം നഗരസഭ സമ്പൂർണ ഇ-ഗവേണൻസ് നഗരസഭയാക്കുന്നതിന്റെ ഭാഗമായുള്ള ആദ്യഘട്ട പരിശീലനം കിലയിൽ സംഘടിപ്പിച്ചു. നഗരസഭ ചെയർമാൻ പ്രൊഫ.കെ.പി.ജയരാജൻ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ആമുഖാവതരണം നടത്തി.

'സംസ്ഥാനത്ത് ദിനംപ്രതി 12,000 മെട്രിക് ടൺ മാലിന്യം പുറംതള്ളുന്നു'

സംസ്ഥാനത്ത് ദിനംപ്രതി പന്ത്രണ്ടായിരം മെട്രിക്ക് ടൺ മാലിന്യം പുറംതള്ളുന്നുണ്ടെന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നതെന്ന് തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ.വി.കെ ബേബി പറഞ്ഞു. ഹരിതകേരളം മിഷൻ മാലിന്യസംസ്കരണ കാമ്പയിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാലയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാതെ വെറുതെ കുഴിച്ചുമൂടിയാൽ അതു പിന്നീട് നമുക്കുതന്നെ വിപത്തായി തീരുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ശുചിത്വമിഷൻ ഡയറക്ടർ എൽ.പി.ചിത്തർ, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മിത്ര റ്റി, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ഡോ. അജയകുമാർ വർമ്മ എന്നിവർ സംസാരിച്ചു.

വാർത്തകൾ വിശേഷങ്ങൾ

മാധ്യമങ്ങളിലൂടെയുള്ള അഭിപ്രായപ്രകടനം - സർക്കുലർ പുറപ്പെടുവിച്ചു

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ നവമാധ്യമങ്ങളിലൂടെയും ദൃശ്യ-ശ്രവ്യമാധ്യമങ്ങളിലൂടെയും സർക്കാർ നയങ്ങൾക്കെതിരെയും പഞ്ചായത്ത് ഡയറക്ടർക്കെതിരെയും പരസ്യമായി നടത്തുന്ന അഭിപ്രായപ്രകടനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തി പൊതുനിർദ്ദേശങ്ങൾ അടങ്ങുന്ന സർക്കുലർ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചു.

(സർക്കുലർ നംപർ ഡി.5-33147/2017, തീയതി 26.09.17)

ലൈഫ് - ഭവനങ്ങളുടെ പൂർത്തീകരണത്തിന് മാർഗ്ഗനിർദ്ദേശങ്ങളായി

2015-16 സാമ്പത്തികവർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണപദ്ധതികൾ പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടും വ്യത്യസ്ത കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.

(സ.ഉ.(എം.എസ്) നം. 196/2017/തസ്വഭവ, തീയതി 11.10.17)

പഞ്ചായത്ത് ഗൈഡ് ഇനി മുതൽ 'തദ്ദേശകം'

വർഷങ്ങളായി പഞ്ചായത്ത് ഗൈഡ് എന്നപേരിൽ അച്ചടിച്ചിരുന്ന കൈപുസ്തകത്തിന് ഈ വർഷം തദ്ദേശകം 2018 എന്ന പേര് നൽകി അച്ചടിക്കുന്നതിന് ഉത്തരവായി. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും ആഫീസുകളുടെയും വിശദാംശങ്ങളും നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച സമഗ്രവിവരങ്ങളും. അടങ്ങുന്ന ഗൈഡ് പൊതുജനങ്ങൾക്കും ലഭ്യമാണ്. 190 രൂപയാണ് വില. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി നഗരസഭാകൗൺസിലർമാർക്കും സി.ഡി.എസ് ചെയർപേഴ്സൺമാർക്കും ഗൈഡ് ലഭ്യമാക്കും.

മാലിന്യസംസ്കരണം - സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചു

മാലിന്യസംസ്കരണ മേഖലയിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്ന നിക്ഷേപപദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും അഡീഷണൽ ചീഫ് സെക്രട്ടറി (വ്യവസായം), അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ), അഡീഷണൽ ചീഫ് സെക്രട്ടറി (തൊഴിലും നൈപുണ്യവും), പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണം), സെക്രട്ടറി (വിവരസാങ്കേതികം) എന്നിവർ അംഗങ്ങളായും മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപറേഷൻ കൺവീനറായും സംസ്ഥാനതല ഉപദേശകസമിതി രൂപീകരിച്ചു.

(സ.ഉ.(സാധാ)നം3122/2017/തസ്വഭവ,തീയതി.23.09.2017)

പ്രാദേശികതലത്തിൽ ഓഡിറ്റ് മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണം

വിവിധ ആഡിറ്റ് റിപ്പോർട്ടുകൾക്കും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശകൾക്കും സമയബന്ധിതമായി മറുപടി തയ്യാറാക്കി നൽകുന്നതിനും പരാമർശിക്കപ്പെട്ടിട്ടുള്ള അപാകതകൾ കഴിയുന്നത്ര പരിഹരിച്ച് ഗ്രാമപഞ്ചായത്തുകളെ ഓഡിറ്റ് തടസ്സരഹിത പഞ്ചായത്തുകളാക്കി മാറ്റുന്നതിനുമായി പ്രാദേശികതലത്തിൽ ധനകാര്യ സ്ഥിരംസമിതി ചെയർമാൻ അദ്ധ്യക്ഷനും അസിസ്റ്റന്റ് സെക്രട്ടറി കൺവീനറും ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്ക്, അക്കൗണ്ടന്റ്, സെക്ഷൻക്ലർക്ക്, ഘടക സ്ഥാപന മേധാവി എന്നിവർ അംഗങ്ങളുമായ ആഡിറ്റ് മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. എം. 4-7253/17, തീയതി 18.09.17)

തൊഴിലുറപ്പിൽ റോഡ് നിർമ്മാണത്തിന് പരിധി

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ റോഡ് നിർമ്മാണത്തിന് (Rural connectivity) ചെലവഴിക്കാവുന്ന തുക, മൊത്തം ലഭ്യമാകുന്ന തുകയുടെ 30% മായി (തൊഴിൽ വേതനത്തിന്റെയും വസ്തുക്കളുടെയും തുക ചേർത്ത്) നിജപ്പെടുത്തിയും പരമാവധി തുക മഴവെള്ളസംഭരണത്തിനും ശുദ്ധജല സ്രോതസ്സുകളുടെ നവീകരണത്തിനും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവായി.

(സ.ഉ.(സാധാ)നം.3134/2017/ത.സ്വ.ഭ.വ.
തീയതി 23.09.2017)

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്

ചിലന്തി



വിനോദ്കുമാർ.ജി.എസ്

കുറച്ചു ദിവസംകൊണ്ട് കാണുന്നതാണ്. ഒരു ചിലന്തി ജനാലയുടെ ഗ്ലാസിൽ മുട്ടയുമായി. മുട്ടയിരുന്ന ഭാഗം ഒരു കറ പോലെ ഗ്ലാസിൽ വലയം തീർത്തിരിക്കുന്നു. പാവമല്ലേ എന്നു കരുതി ഉപദ്രവിച്ചില്ല. ഇത്രയും നാളായിട്ടും പോകാത്തതു കൊണ്ട് കണ്ടപ്പോൾ ദേഷ്യം തോന്നി. ആദ്യം കണ്ടപ്പോൾ പണ്ട് 10-ാം ക്ലാസിൽ പഠിച്ച ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' എന്ന പാഠമാണ് ഓർമ്മവന്നത്. ഇക്കാലത്ത് അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. വീട് വൃത്തിയായി കിടക്കണമെങ്കിൽ മാറാല കെട്ടാതിരിക്കണമെങ്കിൽ ചിലന്തികളെ നശിപ്പിച്ചേ പറ്റൂ. കൊല്ലുവാൻ മടിച്ച് എവിടെയെങ്കിലും രക്ഷപ്പെടാൻ പറഞ്ഞുകൊണ്ട് ഒരു കഷ്ണം പേപ്പറെടുത്ത് തട്ട് കൊടുത്തു. പുള്ളിക്കാരത്തി മുട്ടയും കൊണ്ട് പുറത്തേക്ക് വീണു. വാതിൽ തുറന്ന് നോക്കിയപ്പോൾ മുട്ടയും പിടിച്ചുകൊണ്ട് ഇരിപ്പുണ്ട്. ഹോ. രക്ഷപ്പെട്ടു എന്നു കരുതി മുറിയിലെത്തി ജനാല അടയ്ക്കുവാനും രണ്ടാമത്തെ ജനൽപാളിയിൽ നിമിഷനേരം കൊണ്ട് ഇരിപ്പുറപ്പിച്ചു. ശല്യം. ഒരു ഓലയ്ക്കാൽ എടുത്ത് നല്ലൊരു തട്ട് കൊടുത്തു.

ആ തട്ടിൽ തറയിൽ വീണ നേരം മുട്ട ചിതറിപ്പോയി. അതാ കുറേ ചോനനുറുമ്പുകൾ മുട്ട കൈയ്യടക്കുന്നു. അതോടൊപ്പം ചിലന്തിയെ ആക്രമിക്കുവാനും ചോനപ്പടകൾ ശ്രമിച്ചു. അതാകട്ടെ ബേസ്മെന്റിന്റെ അടിയിലേക്ക് ഓടുകയും പെട്ടെന്ന് തന്റെ കുഞ്ഞുങ്ങളെ ഓർത്തുകൊണ്ടാകാം മുട്ടയുടെ അടുത്തേക്ക് തിരികെ വരികയും ചെയ്തു. മുട്ട മുഴുവൻ ചോനന്മാർ പൊതിഞ്ഞു. ഒരു പക്ഷെ തന്റെ മക്കൾ മരണത്തിലേക്ക് പോകുന്നതു കണ്ടാകാം ചിലന്തി ചോനന്മാരുടെ ആക്രമണം സഹിച്ചിട്ടും അതിനടുത്ത് വന്നത്. ചോനപ്പടകൾ തള്ളയെ ആസിഡ് പ്രയോഗിച്ച് തളർത്തി. തറയിൽ കിടത്തിക്കൊണ്ടുപോകാൻ മത്സരിച്ചു. അമ്മയുടെയും കുഞ്ഞുങ്ങളുടെയും മരണത്തിനു ത്തരവാദി ഞാനാണല്ലോ എന്ന തോന്നൽ മനസിലൊരു വിങ്ങലായി. ഒരു പക്ഷെ തന്റെ കുഞ്ഞുങ്ങൾ മരിക്കുന്നതിന് കാരണക്കാരനായ എന്നെ ആ അമ്മച്ചിലന്തി ശപിച്ചോ എന്നു തോന്നി. ആ! അറിയില്ല. സമയമായിരിക്കുന്നു, ഓഫീസിൽ പോകുവാൻ. ഞാൻ വീടിനകത്ത് കയറി ദിനചര്യകളാരംഭിച്ചു.

(വിനോദ്കുമാർ.ജി.എസ്
9446306555)

അഴിയൂരിൽ തീരദേശസഭ

ടി ഷാഹുൽ ഹമീദ്

കോഴിക്കോട് ജില്ലയിലെ ഒരു തീരദേശ ഗ്രാമ പഞ്ചായത്തായ അഴിയൂരിന്റെ, ഗ്രാമപഞ്ചായത്തിൽ 7 വാർഡുകൾ കടലിനോട് ചേർന്നു കിടക്കുന്നതാണ്. നഗരസ്വഭാവം കാണിക്കുന്ന മാഹി മുനിസിപ്പാലിറ്റിയോട് തൊട്ടുരുമ്മി സ്ഥിതി ചെയ്യുന്ന അഴിയൂരിൽ ചോമ്പാൽ തുറമുഖം പഞ്ചായത്തിന് തിലകക്കുറിയായി തല ഉയർത്തി നിൽക്കുന്നു.

തീരദേശവും മത്സ്യബന്ധനമേഖലയും ഗ്രാമ പഞ്ചായത്തുകളുടെ വികസനപരിപ്രേക്ഷ്യത്തിലെ ഒഴിച്ചു കൂടാനാവാത്ത ഘടകമാണ്. മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി സുസ്ഥിര മത്സ്യോൽപാദനത്തിലൂടെ ഭക്ഷ്യസുരക്ഷയും സാമ്പത്തിക മേൻമയും ഉറപ്പ് വരുത്തി പ്രവർത്തിക്കേണ്ടത് തീരദേശമേഖലയുള്ള ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തവും കടമയുമാണ്.

അഴിയൂരിൽ തീരദേശസഭ സി കെ നാണു എം എൽ എ ഉദ്ഘാടനം ചെയ്യുന്നു

ഈ മേഖലയിൽ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, സാഫ്, അഡാക്,ഫിർമ, തീരദേശവികസന അതോറിറ്റികൾ, പ്രൊജക്ട് നിർവ്വഹണ യൂണിറ്റുകൾ, എഫ് എഫ് ഡി എ, മറൈൻ എൻഫോഴ്സ്മെന്റ്, കടാശ്വാസകമ്മീഷൻ എന്നിങ്ങനെയുള്ള ഏജൻസികൾ പ്രവർത്തിക്കുന്നു. ഇവ നടപ്പാക്കുന്ന വിവിധ പദ്ധതികൾ പൂർണ്ണമായും അനുഭവവേദ്യമാകുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനും സമ്പൂർണ്ണ മാലിന്യ വിമുക്ത, പ്ലാസ്റ്റിക്രഹിത ഗ്രാമപഞ്ചായത്താക്കുന്നതിനും അഴിയൂർ ഗ്രാമപഞ്ചായ ത്തിലെ തീരദേശമേഖല ഉൾപ്പെടുന്ന 7 വാർഡുകൾ ചേർന്ന് 2017 ആഗസ്റ്റ് 26 ന് ചോമ്പാൽ ഹാർബറിന് സമീപം തീരദേശസഭ സംഘടിപ്പിച്ചു. പ്രകൃതി രമണീയമായ കടൽതീരത്ത് വെച്ച് പഞ്ചായത്ത് പ്രസിഡന്റ് ഇ. ടി അയൂബിന്റെ അദ്ധ്യക്ഷതയിൽ സി കെ നാണു എം എൽ എ സഭ ഉദ്ഘാടനം ചെയ്തു. തീരദേശസഭയിൽ ചിരട്ടയിൽ ചായയും ഈർക്കിലിൽ കപ്പയും നൽകി പ്രകൃതിക്ക് ഇണങ്ങിയ പ്രോട്ടോകോൾ സ്വീകരിച്ചത് തീരദേശവാസികൾക്ക് നവ്യാനുഭവമായി.

തീരദേശസഭ പ്രാധാന്യം

തീരദേശത്തെ ജനങ്ങൾക്കൊപ്പം, ജനപ്രതിനിധികൾ, വിവിധ ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യപ്രവർത്തകർ എന്നിവരും സഭയിൽ അണിനിരന്നു.

തീരദേശസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

- തീരദേശ പരിപാലനനിയമം പ്രാബല്യത്തിൽ ഉള്ളതുകൊണ്ട് താൽക്കാലിക നമ്പർ ഉള്ള വീടുകൾക്ക് ഭാരിച്ച വസ്തുനികുതി പഞ്ചായത്ത് ഈടാക്കുന്നു. പ്രസ്തുത കെട്ടിടങ്ങളിലെ താമസക്കാരെ ജനകീയാസൂത്രണ പദ്ധതിയിലെ ഗുണഭോക്താക്കൾ ആക്കാൻ സാധിക്കുന്നില്ല.
- വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം പദ്ധതികൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തുന്നില്ല
- മദ്യം, മയക്കുമരുന്ന് വ്യാപാരം വർദ്ധിക്കുന്നു.
- ലൈഫ് പദ്ധതിയിൽ മത്സ്യതൊഴിലാളികൾക്ക് പ്രത്യേക പരിരക്ഷ വേണം
- പ്രത്യേക ആശുപത്രി, പിഎച്ച്സി സബ്സെന്റർ, റേഷൻകട എന്നിവ പ്രദേശത്ത് വേണം.
- തീരദേശപരിപാലനനിയമം പ്രകാരം സിആർ സെഡ് 3 കാറ്റഗറിയിൽ വരുന്ന അഴിയൂർ ഗ്രാമപഞ്ചായത്തിനെ തൊട്ടടുത്തുള്ള മാഹി മുൻസിപ്പാലിറ്റിക്ക് ബാധകമായ സിആർസെഡ് 2 കാറ്റഗറിയിലേക്ക് മാറ്റാൻ ആവശ്യമായ നിയമപരമായ ഇടപെടൽ ഉണ്ടാകണം.

പഞ്ചായത്തിൽ ഒരു ചതുരശ്ര കിലോ മീറ്ററിനുള്ളിൽ 4200 പേർ താമസിക്കുന്നു എന്നതുകൊണ്ടും പഞ്ചായത്തിലെ 7 വാർഡുകൾ തീരദേശ മേഖലയിൽ ആയതുകൊണ്ടും തീരദേശസഭയിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

തീരുമാനങ്ങൾ

- സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ ഭേദഗതികൾ ഉണ്ടാക്കി താൽക്കാലിക യു എ (അനധികൃത) നമ്പർ നൽകുമ്പോൾ 3 മടങ്ങ് നികുതി ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ തീരുമാനിച്ചു. കൂടാതെ ഇത്തരം കെട്ടിടങ്ങളിൽ താമസിക്കുന്നവരെ ജനകീയാസൂത്രണ പദ്ധതികളിൽ ഗുണഭോക്താക്കൾ ആക്കുവാനുള്ള സത്വര നടപടികൾ പഞ്ചായത്ത് തലത്തിൽ തീരുമാനിക്കുന്നതാണ്.
- ഗ്രീൻ ട്രൈബ്യൂണലിനെ സമീപിച്ച് കാറ്റഗറിമാറ്റം സാധ്യമാകുമോ എന്ന് പരിശോധിക്കുവാൻ തീരുമാനിച്ചു.
- കുടുംബശ്രീ, സാക്ഷരത, തൊഴിലുറപ്പ് പദ്ധതി എന്നിവ തീരദേശമേഖലയിൽ ശക്തമാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.
- ഹരിത കർമ്മസേനയെ ഉപയോഗിച്ച് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുവാനും എല്ലാ വീടുകൾക്കും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വളക്കുഴി നിർമ്മിച്ച് നൽകുവാനും കടലോരത്ത് മണ്ണൊലിപ്പ് തടയുന്നതിന് സൗന്ദര്യവൽക്കരണം നടത്തുവാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.
- മത്സ്യബന്ധന മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി കൈപുസ്തകം തയ്യാറാക്കി നൽകുവാൻ ശ്രമിക്കുന്നതാണ്.
- കടലോര ടൂറിസം സാധ്യത പരിശോധിച്ച് ചിൽഡ്രൻസ് പാർക്ക്, കുട്ടികൾക്ക് കളിസ്ഥലം എന്നിവ സാധ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.
- എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതമാകുന്നതിനുള്ള നടപടികൾ ഉണ്ടാകുന്നതാണ്.
- തീരദേശ കുടിവെള്ള പദ്ധതിക്ക് പരിശ്രമം ഉണ്ടാകും. ആരോഗ്യകേന്ദ്രം, റേഷൻ കട എന്നിവ ആരംഭിക്കുവാൻ പ്രൊപ്പോസൽ ബന്ധപ്പെട്ടവർക്ക് സമർപ്പിക്കും.
- തീരദേശമേഖലയിൽ പഞ്ചായത്തിന് കൂടുതൽ പണം ജനകീയാസൂത്രണ പദ്ധതി പ്രകാരം ചെലവഴിക്കുവാൻ ഫിഷറീസ് സബ്പ്ലാൻ ലഭിക്കുവാനുള്ള സഹായത്തിന് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കും.
- ഹാർബറിൽ മാലിന്യപ്ലാന്റ് തുറന്ന് പ്രവർത്തിക്കുവാനും ഇതരസംസ്ഥാനതൊഴിലാളികൾ തീരദേശമേഖലയിലെ ആരോഗ്യരംഗത്ത് ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും എല്ലാ ഗ്രാമ വാർഡുകളിലും തീരദേശസഭ സംഘടിപ്പിക്കുവാനും തീരുമാനിച്ചു.
- തൊഴിൽ , മാർക്കറ്റ് എന്നിവ കാര്യക്ഷമമാക്കുന്നതിനും സ്ത്രീകളെ കൂടുതൽ ഈ മേഖലയിലെ തൊഴിൽ രംഗത്ത് എത്തിക്കുന്നതിനും പുതിയ സാങ്കേതികവിദ്യ കൈവരിക്കുന്നതിനുമുള്ള സത്വര ഇടപെടലുകൾ പഞ്ചായത്ത് നടത്തുന്നതാണ്.
- പ്ലാസ്റ്റിക് വിമുക്തപ്രദേശം, ശുചിത്വ പ്രദേശം എന്നിവ നേടിയെടുക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.
- ഈ മേഖലയിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാനുള്ള ശ്രമം നടത്തുന്നതാണ്.
- അറിവിനെ ആധാരമാക്കിയുള്ള സമ്പദ്‌വ്യവസ്ഥ, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ എന്നീ ലക്ഷ്യം നേടിയെടുക്കുവാനുള്ള പരിശ്രമം നടത്തുന്നതാണ്.

തീരദേശവും മത്സ്യബന്ധനമേഖലയും ഗ്രാമപഞ്ചായത്തുകളുടെ വികസനപരിപ്രേക്ഷ്യത്തിലെ ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്. മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി സുസ്ഥിര മത്സ്യോൽപാദനത്തിലൂടെ ഭക്ഷ്യ സുരക്ഷയും സാമ്പത്തിക മേൻമയും ഉറപ്പ് വരുത്തി പ്രവർത്തിക്കേണ്ടത് തീരദേശമേഖലയുള്ള ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തവും കടമയുമാണ്.

(ലേഖകൻ അഴിയൂർഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്
ഫോൺ: 9895043496
Shahul1971@gmail.com*)*

'ഗൃഹമാലിന്യപാലിക'

ഗാർഹിക മാലിന്യസംസ്കരണം - കോലഴി ഗ്രാമപഞ്ചായത്ത് ശ്രദ്ധേയമാകുന്നു

പ്രസാദ് കാവീട്ടിൽ

ഭക്ഷണാവശിഷ്ടങ്ങൾ എന്തു ചെയ്യണം എന്ന് വീട്ടമ്മമാർക്ക് ആശങ്കയില്ല. ഭക്ഷണാവശിഷ്ടങ്ങളിൽ നിന്നും വളമുണ്ടാക്കി മാറ്റുന്ന 'ഗൃഹമാലിന്യ പാലിക' വീട്ടുകളിൽ ഉള്ളപ്പോൾ പിന്നെന്തിന് ടെൻഷൻ എന്നാണ് ഇവർ പറയുന്നത്.

കോലഴി ഗ്രാമപഞ്ചായത്തിലെ വീട്ടുകളിൽ ഭക്ഷണാവശിഷ്ടങ്ങൾ എന്തു ചെയ്യണം എന്ന് വീട്ടമ്മമാർക്ക് ആശങ്കയില്ല. ഭക്ഷണാവശിഷ്ടങ്ങളിൽ നിന്നും വളമുണ്ടാക്കി മാറ്റുന്ന 'ഗൃഹമാലിന്യപാലിക' വീട്ടുകളിൽ ഉളളപ്പോൾ പിന്നെന്തിന് ടെൻഷൻ എന്നാണ് ഇവർ പറയുന്നത്.

ജില്ലയിലെ കോലഴി ഗ്രാമപഞ്ചായത്താണ് വീട്ടുകളിലെ ഭക്ഷണാവശിഷ്ടങ്ങൾ വളമാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കി ശ്രദ്ധേയമാകുന്നത്. മാലിന്യസംസ്കരണം ഏറ്റവും വലിയ വെല്ലുവിളിയായിരിക്കുന്ന ഈ കാലത്ത് ഓരോ വീട്ടിലും ജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാൻ സംവിധാനമൊരുക്കുകയാണ് ഗ്രാമപഞ്ചായത്ത്. ഇതിനായി എയറോബിക്സ് സംവിധാനമുള്ള ബയോകമ്പോസ്റ്റ് ബിൻ പദ്ധതിയാണ് നടപ്പാക്കുന്നത്.

കോർപ്പറേഷന് തൊട്ടടുത്ത് കിടക്കുന്ന കോലഴി ഗ്രാമപഞ്ചായത്തിന്റെ കുറേയേറെ ഭാഗങ്ങൾ നഗരസ്വഭാവത്തോടുകൂടിയതാണ്. ചെറിയ സ്ഥലത്ത് നിർമ്മിച്ച വില്ലകളിലെയും ഫ്ലാറ്റുകളിലെയും ജനങ്ങൾ വീട്ടുമാലിന്യം എങ്ങനെ സംസ്കരിക്കണം എന്നറിയാതെ നട്ടം തിരിയുമ്പോഴാണ് ശാസ്ത്രീയ രീതിയിൽ സംസ്കരിക്കാനുള്ള ശ്രമവുമായി ഗ്രാമപഞ്ചായത്ത് പദ്ധതി ആലോചിച്ചത്. പദ്ധതി നടപ്പാക്കുന്നതിനായി പ്രസിഡന്റ് എ.ജി. ഷാജു, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ജെസ്സി ലോനപ്പൻ, സെക്രട്ടറി വിനോദ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ പാലക്കാട് ഐ.ആർ.ടി.സിയെ സമീപിച്ചു. IRTC -യാണ് ഇതിനായി ബയോ കമ്പോസ്റ്റ് ബിൻ തയ്യാറാക്കി നൽകിയത്. മൂന്ന് ബക്കറ്റുകളും നാല് റിങ്ങുകളും ഉൾപ്പെടുന്നതാണ് ഈ യൂണിറ്റ്. ആദ്യത്തെ ബക്കറ്റിൽ ജൈവമാലിന്യം നിക്ഷേപിച്ചു കഴിഞ്ഞാൽ താഴെയുള്ള ബക്കറ്റ് മുകളിൽ വെയ്ക്കുന്നു. ആ ബക്കറ്റിൽ നിക്ഷേപിച്ചാൽ താഴെ വെച്ച് ബാക്കിയുള്ള ബക്കറ്റ് ഏറ്റവും മുകളിൽ വയ്ക്കണം. മുകളിലെ ബക്കറ്റ് നിറഞ്ഞു കഴിഞ്ഞാൽ താഴെയുള്ള ബക്കറ്റിൽ നിക്ഷേപിച്ചിരുന്ന മാലിന്യം വളമായി മാറിയിട്ടുണ്ടാവും. ഈ വളം ചെടികൾക്ക് ഇടാവുന്നതാണ്.

850 കുടുംബങ്ങളാണ് പദ്ധതിയുടെ

ഗുണഭോക്താക്കൾ. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഗുണഭോക്താക്കൾക്ക് ക്ലാസ്സുകൾ നൽകി. IRTC 850 ബയോ കമ്പോസ്റ്റ് ബിൻ ഗുണഭോക്താക്കൾക്ക് എത്തിച്ചു. 1800/- രൂപ വിലയുള്ള ഇത് 90% സബ്സിഡി നിരക്കിൽ 180 രൂപയ്ക്കാണ് ഗുണഭോക്താവിന് ലഭിച്ചത്.

കുടുംബശ്രീ യൂണിറ്റുകൾ മാലിന്യ സംസ്കരണ പദ്ധതിക്ക് അകമഴിഞ്ഞ പിന്തുണ നൽകിയത് പദ്ധതിയെ നല്ല രീതിയിൽ നടത്താൻ സഹായിച്ചു. കുടുംബശ്രീ അംഗങ്ങൾ ഓരോ വാർഡിലും പദ്ധതി ശരിയാംവണ്ണം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിച്ചുവരുന്നു. ഇനോകുലം ബാക്ടീരിയ അടങ്ങിയ കയർ പിത്ത് കമ്പോസ്റ്റ് ബിന്നിൽ ഇടയ്ക്കിടെ നിറയ്ക്കേണ്ടതാണ്. ഈ ബാക്ടീരിയ ജൈവ വസ്തുക്കളെ വിഘടിപ്പിക്കുന്ന ഈർപ്പത്തെ വലിച്ചെടുക്കുന്നു. കയർ പിത്ത് പാലക്കാട് IRTC മൊത്തമായി പഞ്ചായത്തിലെ ഒരു കേന്ദ്രത്തിൽ എത്തിക്കുകയും കുടുംബശ്രീ അംഗങ്ങൾ ആവശ്യക്കാരുടെ വീടുകളിൽ എത്തിക്കുകയും ചെയ്യുന്നു.

വീടുകളിലെ മാലിന്യം എങ്ങനെ സംസ്കരിക്കണമെന്ന് അറിയാതെ ബുദ്ധിമുട്ടിയിരുന്നവർ ഇപ്പോൾ മാലിന്യത്തിൽ നിന്നും ലഭിച്ച വളം ഉപയോഗപ്പെടുത്തി പച്ചക്കറി കൃഷി നടത്തുകയാണ്. ഗ്രോ ബാഗ് ഉണ്ടെങ്കിൽ മട്ടുപ്പാവ് പച്ചക്കറി കൃഷി വളരെ നല്ല രീതിയിൽ നടത്താമെന്ന് വീട്ടമ്മമാർ സാക്ഷ്യപ്പെടുത്തുന്നു. ഇനിയും വളം കൂടുതലായി നിർമ്മിച്ച് കൃഷിഭവനിൽ നൽകാനും അവർ തയ്യാറായിരിക്കുന്നു. ഇപ്പോൾ ഗ്രാമപഞ്ചായത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരു കയർ പിത്ത് യൂണിറ്റ് തുടങ്ങാനുള്ള ആലോചനയിലാണ്.

ഗ്രാമപഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിലും 'ഗൃഹമാലിന്യ പാലിക' ഉൾപ്പെടുത്തിയിട്ടുണ്ട്. ജനങ്ങൾ വളരെ വലിയ സ്വീകാര്യതയാണ് ഈ പദ്ധതിക്ക് നൽകിയത്. വീടുകളിൽ നിന്നും ലഭിക്കുന്ന വളം ശേഖരിച്ച് കൃഷിഭവനിൽ നൽകാനും അങ്ങനെ വീട്ടമ്മമാർക്ക് വരുമാനമുണ്ടാക്കാനുമുള്ള പദ്ധതി പഞ്ചായത്ത് ആലോചിക്കുന്നുണ്ട്. ഈ പദ്ധതിയിലൂടെ വീടുകളിലെ മാലിന്യത്തെ ഉറവിടത്തിൽ തന്നെ ഇല്ലാതാക്കാനും അതുവഴി ഒരു നല്ല ശുചിത്വശീലം ഉണ്ടാക്കിയെടുക്കാനും സാധിച്ചതായി കോലഴി ഗ്രാമപഞ്ചായ ത്തിലെ ജനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ഈ പദ്ധതി മുഖേന സ്വന്തം വീട്ടിലെ മാലിന്യത്തെ ഉറവിടത്തിൽ തന്നെ ഇല്ലാതാക്കാനും അതുവഴി ഒരു നല്ല ശുചിത്വ ശീലം ഉണ്ടാക്കിയെടുക്കാനും സാധിച്ചതായി കോലഴി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ലേഖകൻ തൃശ്ശൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ആഫീസിൽ സീനിയർ ക്ലർക്കാണ്.
ഫോൺ: 9497624489

ലൂമിയർ ആർട്ട്

ലോങസ്റ്റ് ഡിസ്റ്റൻസ്

എൻ.പി. മുരളീകൃഷ്ണൻ

ലൂക്കാസ് എന്ന കൗമാരക്കാരൻ കാരക്കാസ് പട്ടണത്തിൽനിന്ന് അവൻ ഇതുവരെ കാണാത്ത മാർട്ടിനയെന്ന തന്റെ മുത്തശ്ശിയെ കാണാൻ തെക്കുകിഴക്കൻ വെനസ്വേലയിലെ ഗ്രാന്റ് സാവന്ന ഗ്രാമത്തിലേക്ക് യാത്രപോകുന്നു, സാവന്നയിൽ ഒരുമിച്ചുള്ള ദിവസങ്ങൾ ഇരുവർക്കും ജീവിതത്തിൽ ഏറ്റവും സന്തോഷമുള്ളതായി മാറുന്നു. നഗരജീവിതത്തിൽനിന്ന് ഗ്രാമത്തിലേക്ക് വരുന്നതോടെ ജീവിതത്തിന്റെ ഊഷ്മളതയാണ് ലൂക്കാസിന് അനുഭവിക്കാനാകുന്നത്. ബന്ധങ്ങളുടെ ഇഴയടുപ്പവും വേർപിരിയലിലെ വേദനയും മരണത്തിലെ അനശ്വരതയുമാണ് സിനിമയ്ക്ക് പ്രമേയമാകുന്നത്.

റൊറൈമ മലനിരയിലേക്കൊരു യാത്ര

ലോകത്ത് കണ്ടിരിക്കേണ്ട പത്ത് സ്ഥലങ്ങളിൽ ഒന്നാണ് ദക്ഷിണ അമേരിക്കയിലെ റൊറൈമ മലനിരകൾ. ബ്രസീലിനോടും ഗയാനയോടും അതിർത്തി പങ്കിടുന്ന വെനസ്വലയുടെ കിഴക്കൻ അതിർത്തിപ്രദേശത്തായാണ് റൊറൈമ മലനിരകൾ വ്യാപിച്ചുകിടക്കുന്നത്. വാക്കുകൾക്കും അതുണ്ടാക്കുന്ന ഫലവിശേഷത്തിനും ഒട്ടു പരിമിതിയുണ്ടെന്ന് ചില നേരങ്ങളിൽ ചില യാത്രകളും സ്ഥലങ്ങളും നമ്മളെക്കൊണ്ട് തോന്നിപ്പിക്കാറുണ്ടല്ലോ. അത്തരത്തിൽ പ്രകൃതി വേണ്ടുവോളം അനുഗ്രഹിച്ചിട്ടുള്ള റൊറൈമ ഭൂപ്രദേശത്തെക്കുറിച്ച് വെനസ്വലക്കാർക്ക് മനോഹരമായൊരു സങ്കൽപ്പവും കാലങ്ങളായി നിലനിർത്തിപ്പോരുന്ന ഒരു വിശ്വാസവുമുണ്ട്. സമതലപ്രദേശം കടന്ന് കാടുതാണ്ടി റൊറൈമയുടെ ഏറ്റവും ഉയരമേറിയ മവെറിക്ക് ശൃംഗത്തിൽച്ചെന്നാൽ സ്വർഗം പൂകാൻ സാധിക്കുമെന്നതാണത്. കേൾക്കുമ്പോൾ വിചിത്രമെന്നു തോന്നുന്ന ഈ വിശ്വാസത്തിനുപിറകെ സഞ്ചരിക്കുന്നവരാണ് വെനസ്വലക്കാർ. ഭൂമിയിൽ അനുവദിക്കപ്പെട്ട ജീവിതത്തോട് താൻ പരിപൂർണമായി നീതി പുലർത്തിയെന്നും ഇനി കടന്നുചെല്ലാനുള്ളത് റൊറൈമയിലെ നിത്യതയിലേക്കാണെന്നും തിരിച്ചറിവു കിട്ടുന്നവർ അടിവാരത്തുനിന്ന് മലനിരകളിലേക്കുള്ള യാത്ര തുടങ്ങുന്നു.

സന്തോഷസന്താപങ്ങളും അനിശ്ചിതത്വങ്ങളും താണ്ടി അവസാന തെരഞ്ഞെടുപ്പും അതിലേക്കുള്ള യാത്രയുമായി സമതലവും കാടും കടന്നു ചെന്ന് ശൃംഗത്തിലെത്തി അവസാനിക്കുന്ന ജീവിതത്തെ അടയാളപ്പെടുത്തുകയാണ് ക്ലോഡിയോ പിന്റോയുടെ വെനസ്വലൻ ചിത്രമായ ദി ലോങസ്റ്റ് ഡിസ്റ്റൻസ്. ആർക്കുമാരെയും തിരിച്ചറിയാനോ തിരിഞ്ഞുനോക്കാനോ ആകാത്ത വേഗജീവിതത്തിന്റെ ഒരറ്റവും സ്വച്ഛതയും ശാന്തതയും നിറഞ്ഞ മറ്റൊരറ്റവുമാണ് ഈ സിനിമയിലുള്ളത്. ഉത്തര, ദക്ഷിണ അമേരിക്കകളുടെ ജീവിത, പാരിസ്ഥിതികശൈലീ വ്യത്യാസങ്ങളും സിനിമയിൽ സജീവചർച്ചയ്ക്ക് വിഷയമാകുന്നു. നഗരജീവിതം അക്രമത്തിന്റെയും ഗ്രാമം സ്വൈരതയുടെയും പ്രതീകമായി അവതരിപ്പിക്കപ്പെടുന്നു.

ഒരു മുത്തശ്ശിയും അവരുടെ കൊച്ചുമകനുമാണ് കേന്ദ്രകഥാപാത്രങ്ങൾ. ഇവരുടെ ബന്ധത്തിലെ ഊഷ്മളതയും വിട്ടുപോകാനാകാത്തവിധമുള്ള ഇഴയടുപ്പവും കാഴ്ചക്കാരെ അവരോട് ചേർക്കും. എത്ര കാതങ്ങൾ താണ്ടേണ്ടിവന്നാലും ചില ബന്ധങ്ങൾ കണ്ണിചേർക്കപ്പെടുകതന്നെ ചെയ്യുമെന്നതാണ് ഇവരുടെ ബന്ധം ഓർമിപ്പിക്കുക. മൂന്നു യാത്രകളുണ്ട് സിനിമയിൽ. ലൂക്കാസ് എന്ന കൗമാരക്കാരൻ കാരക്കാസ്

പട്ടണത്തിൽനിന്ന് ഇതുവരെ കാണാത്ത മാർട്ടിനയെന്ന തന്റെ മുത്തശ്ശിയെ കാണാൻ അവർ താമസിക്കുന്ന തെക്കുകിഴക്കൻ വെനസ്വേലയിലെ ഗ്രാന്റ് സാവന്ന ഗ്രാമത്തിലേക്കും, മുത്തശ്ശി സ്പെയിനിൽനിന്ന് സാവന്നയിലേക്കും, മാർട്ടിനയും ലൂക്കാസും റൊറൈമയിലേക്ക് ഒരുമിച്ച് നടത്തുന്നതുമായ യാത്രകൾ.

ജീവിതത്തിൽ തെരഞ്ഞെടുപ്പിന് വലിയ സാധ്യതയുണ്ട്. എന്തു തെരഞ്ഞെടുക്കണം, ഏതു വഴിക്കുപോകണമെന്ന തുടങ്ങിയുള്ള തീരുമാനങ്ങളിലെ ശരിതെറ്റുകളെക്കുറിച്ചുള്ള അന്വേഷണമാണ് ജീവിതം. അതിലെ നിർണായകവേളയിൽ രണ്ടു മനുഷ്യർ നടത്തുന്ന തെരഞ്ഞെടുപ്പുകളും അതിലേക്ക് അവരെ നയിക്കുന്ന യാത്രകളുമാണ് ഈ ചിത്രത്തിന്റെ കേന്ദ്രപ്രമേയമാകുന്നത്. ജീവിതത്തിലേക്കും മറ്റൊന്ന് നേരെതിർവശമായ മരണത്തിലേക്കുമുള്ള യാത്രകളാണിത്. യാത്ര തെരഞ്ഞെടുക്കുന്ന രണ്ടു മനുഷ്യരും പരസ്പരം തിരിച്ചറിയുന്നിടത്താണ് യാത്രകൾ പരിപൂർണതയിലെത്തുന്നത്. ഒരു കുടുംബത്തിലെ ആഴമേറിയതും തകർക്കാൻ പറ്റാത്തതുമായ ബന്ധുത്വത്തിനകത്താണ് തങ്ങളെന്ന് തിരിച്ചറിയാതിരുന്ന ഒരു സ്ത്രീയെയും അവരുടെ കൊച്ചുമകനെയും ഒന്നിപ്പിക്കുന്ന യാത്ര അവർക്ക് തിരിച്ചറിവിന് ഇടനൽകുന്നു. നിങ്ങളുടെ തെരഞ്ഞെടുപ്പ് തന്നെയാണ് നിങ്ങളുടെ വിധി തീരുമാനിക്കുന്നതെന്നാണ് സിനിമ ആത്യന്തികമായി പറഞ്ഞുവയ്ക്കുന്നത്. മനുഷ്യബന്ധത്തെ പ്രകൃതിയോടും മിത്തുകളോടുമിണക്കി കാഴ്ചയുടെ വലിയ സാധ്യതകൾക്ക് ഇടം നൽകുന്ന ശൈലിയാണ് ക്ലോഡിയോ പിന്റോ ചിത്രത്തിൽ ഒരുക്കിയിട്ടുള്ളത്.

ദൃശ്യങ്ങളെ ആഴത്തിലും വ്യക്തതയിലുമുള്ള ചിത്രങ്ങളായി കാഴ്ചയെ രസിപ്പിക്കുകയും ഭ്രമിപ്പിക്കുകയും ചെയ്ത് ഉള്ളിൽ പതിപ്പിക്കുന്ന ഗബ്രിയേൽ ഗുവേരയുടെ ക്യാമറ, ബന്ധങ്ങളുടെ ഊഷ്മളതയും തീവ്രതയും ഓർമപ്പെടുത്തുന്ന ക്ലോഡിയോ പിന്റോയുടെ എഴുത്ത്, സവിശേഷമായ കഥപറച്ചിൽ ശൈലി, കൊച്ചുമകനും മുത്തശ്ശിയുമായി അഭിനയിച്ച് അത്ഭുതപ്പെടുത്തുന്ന കാർമെ ഏലിയാസും ഒമർ മോയയും പ്രകൃതിയെ കാഴ്ചക്കാരന്റെയുള്ളിൽ വരച്ചിടാൻ പോന്ന പശ്ചാത്തലസംഗീതമൊരുക്കിയ വിൻസന്റ് ബരിയെരെ എന്നിവരെല്ലാം ലോംങസ്റ്റ് ഡിസ്റ്റൻസിനൊപ്പം യാത്രചെയ്യാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്.

2013ൽ പുറത്തിറങ്ങിയ സ്പാനിഷ് ഭാഷ സംസാരിക്കുന്ന ഈ ചിത്രത്തിന് വലിയ രീതിയിൽ പ്രേക്ഷകപിന്തുണയും നിരൂപകശ്രദ്ധയും നേടിയെടുക്കാൻ കഴിഞ്ഞു. മോൺട്രിയൽ, ഹവാന ഉൾപ്പടെ അഞ്ച് അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ പുരസ്കാരവും എട്ടു മേളകളിൽ പരാമർശവും നേടാൻ ലോങസ്റ്റ് ഡിസ്റ്റൻസിനായി.

ക്ലോഡിയോ പിന്റോ

സിനിമ:
ലോങസ്റ്റ് ഡിസ്റ്റൻസ്
സംവിധാനം: ക്ലോഡിയോ പിന്റോ
രാജ്യം:
വെനസ്വേല
ഭാഷ:
സ്പാനിഷ്
ദൈർഘ്യം:
113 മിനിറ്റ്

...എന്റെ വായനക്കാർ

ഹൃദ്യമായി

കൊക്കകോള എന്ന ബഹുരാഷ്ട്ര കമ്പനിക്കെതിരെ നടപടി സ്വീകരിച്ച പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ ചരിത്രം 2017 സെപ്റ്റംബർ പതിപ്പിൽ വായിച്ചു. സമരവും നിയമനടപടികളും ഉച്ചസ്ഥായിയിൽ നിന്ന 2000-2005 കാലയളവിൽ, ഞാൻ പെരുമാട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്നു. വളരെയധികം സമർദ്ദങ്ങളെ അതിജീവിച്ചു. വിശ്രമമില്ലാതിരുന്ന ആ കാലം, അഭിമാനത്തോടെ ഓർക്കുന്നു. സാംസ്കാരിക നായകർ, ഉന്നതനേതാക്കൾ, നിയമവിദഗ്ധർ, മാധ്യമപ്രവർത്തകർ ജീവനക്കാർ എന്നിവർ വലിയ പിന്തുണയാണ് നൽകിയത്. സർവോപരി എന്റെ രാഷ്ട്രീയ പ്രസ്ഥാനവും.

തുടക്കംമുതൽ ഒടുക്കംവരെ മികച്ച രീതിയിലാണ് പ്രിയങ്കരനായ MLA അവതരിപ്പിക്കുന്നത്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മാതൃകയായ ഈ പോരാട്ടം അർഹിച്ച പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ച 'പഞ്ചായത്ത് രാജി'ന് ഹൃദ്യമായ അഭിവാദ്യങ്ങൾ.

എ. കൃഷ്ണൻ പെരുമാട്ടി

ശ്രദ്ധേയമായി

കെട്ടിലും മട്ടിലും പുതുമയോടെയെത്തുന്ന പഞ്ചായത്ത് രാജ് മാസിക ശ്രദ്ധേയമാകുന്നുണ്ട്. പ്രകൃതി വിഭവ ചൂഷണത്തിനെതിരെ പെരുമാട്ടി ഗ്രാമപഞ്ചായത്ത് നേടിയ ചരിത്ര വിജയം കവർ സ്റ്റോറിയാക്കിയ സെപ്റ്റംബർ പതിപ്പിലെ ഷിനി ലാലിന്റെ ന്യൂജെൻ കഥകളും ശ്രദ്ധേയമായി. ഫോട്ടോ പംക്തി കൂടി ഉൾപ്പെടുത്തിയാൽ നന്നായിരിക്കും.

ആൽഫ്രെഡ്.എം.കെ,
മംഗൽപാടി ഗ്രാമപഞ്ചായത്ത്

ഗുണപ്രദം

പഞ്ചായത്ത് രാജ് മാസികയുടെ സെപ്റ്റംബർ ലക്കം ഗുണപ്രദമായി. പെരുമാട്ടി, പായം, പൂവച്ചൽ, ശ്രീകൃഷ്ണപുരം തുടങ്ങിയ പഞ്ചായത്തുകളുടെ വിവിധങ്ങളായ വിജയഗാഥകൾ ഏവർക്കും ഊർജ്ജം പകരും. നന്മകൾ നേരുന്നു.

പ്രതാപൻ,
പൂവച്ചൽ

കണ്ണും കാതും

വീ.സീ.അഭിലാഷ്

കേരളത്തിലും കൗമാര ലോകകപ്പ് ജ്വരം

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) October 2017
Annual Subscription ₹120, Published on 20 October 2017
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to post without prepayment No. KL/TV(N) WPP-85/2015-17

ഫോർ ദി പീപ്പിൾ

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

പരാതിപ്പെടാം... ഓൺലൈനിലൂടെ

- പൊതുജനങ്ങൾക്ക് for the people പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ഓൺലൈനായി ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗര-ഗ്രാമാസൂത്രണ വകുപ്പ് LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Printed & Published by P.Marykutty IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P.Marykutty IAS